പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 16

# 2016-ലെ കേരള ധനകാര്യ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2016-ലെ കേരള ധനകാര്യ ബിൽ

1011/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 16

# 2016-ലെ കേരള ധനകാര്യ ബിൽ

## 2016-2017 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2016-2017 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2016-ലെ കേരള ധനകാര്യ ആക്റ്റ് എന്ന് പേര് പറയാം.

2. 1957-ലെ 11-ാം ആക്റ്റിന്റെ ഭേദഗതി.—1957-ലെ കേരള നികുതികളിന്മേലുള്ള സർച്ചാർജ്ജ് ആക്റ്റിൽ (1957-ലെ 11), 3-ാം വകുപ്പിൽ,—

(എ) (1എ) ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 എഎ) മനുഷ്യ ഉപഭോഗത്തിന് ഉദ്ദേശിച്ചിട്ടുള്ളതും 20 ലിറ്ററിലും അതിന് മുകളിലും ഉള്ള പ്ലാസ്റ്റിക് കണ്ടെയിനറുകളിൽ വില്പന നടത്തുന്നതൊഴികെയുള്ള പ്ലാസ്റ്റിക് കണ്ടെയിനറുകളിൽ വില്പന നടത്തുന്നതും, എയ്റേറ്റ് ചെയ്യപ്പെട്ടതോ, അല്ലാത്തതോ, ആയ വെള്ളം, സോഡ, സോഫ്റ്റ് ഡ്രിങ്ക്സ്, ഫ്രൂട്ട് ജ്യൂസുകൾ, മറ്റ് ബിവറേജുകൾ എന്നിവയുടെ വില്പന സംബന്ധിച്ച് 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30) 6-ാം വകുപ്പ് പ്രകാരം നൽകേണ്ടതായ നികുതി അഞ്ച് ശതമാനം നിരക്കിലുള്ള സർച്ചാർജ്ജ് മുഖേന വർദ്ധിപ്പിക്കുന്നതും, അത് സർക്കാരിലേക്ക് നൽകേണ്ടതും കൂടാതെ നിക്ഷേപ നികുതിയിളവും സ്പെഷ്യൽ റിബേറ്റും സംബന്ധിച്ചതൊഴികെയുള്ള, 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30) വ്യവസ്ഥകൾ, പ്രസ്തുത സർച്ചാർജ്ജുമായി ബന്ധപ്പെട്ട് പ്രസ്തുത ആക്റ്റിൻ കീഴിൽ നൽകേണ്ടതായ നികുതിക്ക് ബാധകമാകുന്നതുപോലെ ബാധകമാകുന്നതുമാണ്.";

(ബി) (2)-ാം ഉപവകുപ്പിൽ, "(1)-ഉം (1എ)-യും എന്നീ ഉപവകുപ്പുകളിൽ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും അക്ഷരത്തിനും പകരം "(1), (1എ), (1എഎ) എന്നീ ഉപവകുപ്പുകളിൽ" എന്ന വാക്കുകളും ബ്രാക്കറ്റുകളും അക്കങ്ങളും, അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപവകുപ്പിൽ, "(1) (1എ)-യും ഉപവകുപ്പുകൾ" എന്ന വാക്കിനും ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും അക്ഷരത്തിനും പകരം, "(1), (1എ), (1എഎ) എന്നീ ഉപവകുപ്പുകൾ" എന്ന വാക്കുകളും, ബ്രാക്കറ്റുകളും, അക്കങ്ങളും, അക്ഷരങ്ങളും ചേർക്കേണ്ടതാണ്.

3. 1959-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17),

(1) 2-ാം വകുപ്പിൽ, (എൽ) ഖണ്ഡത്തിൽ, (vii)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(viii) എ.ടി.എം. മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകളും ഭൂമിയുടെ ഉടമസ്ഥനും തമ്മിലുള്ള ഒരു കരാറോ അപ്രകാരമുള്ള ഒരു കരാറിന്റെ പുതുക്കലോ;

(ix) മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കമ്പനിയും ഭൂമിയുടെ ഉടമസ്ഥനും തമ്മിലുള്ള കരാറോ അപ്രകാരമുള്ള ഒരു കരാറിന്റെ പുതുക്കലോ.";

(2) 28(എ) വകുപ്പിന് ശേഷം 28(ബി) എന്ന പുതിയ വകുപ്പ് ചേർക്കേണ്ടതാണ്. അതായത്:—

"28 (ബി) ഫ്ളാറ്റുകളുടെ/അപ്പാർട്ട്മെന്റുകളുടെ മൂല്യനിർണ്ണയം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) ഫ്ളാറ്റ്/അപ്പാർട്ട്മെന്റ് ഉൾപ്പെടെയുള്ള വസ്തു കൈമാറ്റം ചെയ്യുന്ന, മുദ്രവില ചുമത്താവുന്ന ഒരു കരണത്തിൽ അതിലെ ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം പൂർണ്ണമായും, ശരിയായും കാണിച്ചിരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി, കരണം ഒപ്പിട്ട് പൂർത്തിയാക്കുന്ന കക്ഷി, ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം നിർണ്ണയിക്കുന്നതിനായി ഒരു ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ ഇതിലേക്കായി വ്യക്തമാക്കാവുന്ന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാർ അധികാരപ്പെടുത്തുന്ന ക്ഷമതയുള്ള ഒരു അധികാരസ്ഥാനം കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്;

(ii) രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ, (i)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു കരണം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി, അതിനോടൊപ്പം ക്ഷമതയുള്ള അധികാരസ്ഥാനം നൽകിയിട്ടുള്ള മൂല്യനിർണ്ണയസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും കരണത്തിൽ കാണിച്ചിട്ടുള്ള, അപ്രകാരമുള്ള ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം ക്ഷമതയുള്ള അധികാരസ്ഥാനം തിട്ടപ്പെടുത്തിയിട്ടുള്ള മൂല്യത്തേക്കാൾ കുറവായിട്ടുള്ളതല്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.";

(3) പട്ടികയിൽ,—

(എ) ക്രമനമ്പർ 4-ൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിലെ "ഇരുപത്തിയഞ്ച് രൂപ" എന്ന വാക്കുകൾക്ക് പകരം "അൻപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ക്രമനമ്പർ 5-ൽ,—

(i) (ഇ), (എഫ്) എന്നീ ഖണ്ഡങ്ങളും അവയ്ക്കെതിരെ (3)-ാം കോളത്തിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(ii) (ജി) ഖണ്ഡം, (ഇ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതാണ്.

(സി) ക്രമനമ്പർ 21-ൽ, (i)-ാം ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ "ആറ് രൂപ" എന്ന വാക്കുകൾക്ക് പകരം "എട്ട് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) ക്രമനമ്പർ 22-ൽ, (i)-ഉം (iv)-ഉം ഖണ്ഡങ്ങളിൽ, (3)-ാം കോളത്തിലെ "ആറ് രൂപ" എന്ന വാക്കുകൾക്ക് പകരം "എട്ട് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) ക്രമനമ്പർ 23-ൽ, (2)-ഉം (3)-ഉം കോളങ്ങളിലെ നിലവിലുള്ള ഉൾക്കുറിപ്പുകൾക്ക് പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്,

അതായത്:—

| | |
|---|---|
| "ഏതെങ്കിലും പബ്ലിക് ഓഫീസറോ പബ്ലിക് ഓഫീസറുടെ ഉത്തരവ് പ്രകാരമോ ശരിപകർപ്പാണെന്നോ അല്ലെങ്കിൽ സംക്ഷേപമാണെന്നോ സാക്ഷ്യപ്പെടുത്തേണ്ടതും, കോടതി ഫീസ് സംബന്ധിച്ച് തത്സമയം നിലവിലുള്ള നിയമങ്ങൾ പ്രകാരം മുദ്രചുമത്തത്തക്കതല്ലാത്തതുമായ പകർപ്പോ സംക്ഷേപമോ | 50 രൂപ |

ഒഴിവാക്കലുകൾ

ഏതെങ്കിലും പബ്ലിക് ഓഫീസിലെ രേഖയായി സൂക്ഷിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും പൊതു ആവശ്യത്തിനായോ ഒരു പബ്ലിക് ഓഫീസർ നിയമത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്ത പ്രകാരം ഉണ്ടാക്കേണ്ടതോ നൽകേണ്ടതോ ആയ ഏതെങ്കിലും രേഖയുടെ പകർപ്പ്.";

(എഫ്) ക്രമനമ്പർ 31-ൽ (i)-ാം ഖണ്ഡത്തിലെ (3)-ാം കോളത്തിലെ ഉൾക്കുറിപ്പുകൾക്ക് പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"ഭൂമിയുടെ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റ് വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെ വിലയും ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ നൂറ് രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ മൂന്ന് രൂപ.";

(ജി) ക്രമനമ്പർ 39-ൽ, (3)-ാം കോളത്തിൽ "അമ്പത് രൂപ" എന്ന വാക്കുകൾക്കുപകരം "നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(എച്ച്) ക്രമനമ്പർ 42-ൽ, (i)-ാം ഖണ്ഡത്തിൽ (3)-ാം കോളത്തിലെ ഉൾക്കുറിപ്പിന് പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"ഭൂമിയുടെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായ വിലയും കരണത്തിൽ കാണിച്ചിട്ടുള്ള അപ്രകാരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ച പ്രകാരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ എല്ലാ വസ്തുക്കളുടെയും വിലയോ ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ മൂന്ന് രൂപ.";

(ഐ) ക്രമനമ്പർ 48-ൽ, (എ) ഖണ്ഡത്തിൽ (3)-ാം കോളത്തിലെ ഉൾക്കുറിപ്പിന് പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"അവകാശം ഒഴിഞ്ഞുകൊടുത്തതിന് ആനുപാതികമായി, അവകാശം ഒഴിഞ്ഞു കൊടുത്ത ഭൂമിയുടെ ന്യായവിലയുടെയും മറ്റു വസ്തുക്കളുടെ വിലയുടെയും അല്ലെങ്കിൽ അവകാശവാദത്തിന്റെയും, അല്ലെങ്കിൽ അവകാശം ഒഴിഞ്ഞുകൊടുത്തതിന് ആനുപാതി കമായി അവകാശം ഒഴിഞ്ഞുകൊടുത്ത എല്ലാ വസ്തുക്കളുടെയും വിലയോ, അവകാശ വാദമോ അല്ലെങ്കിൽ ഒഴിമുറിക്കുള്ള പ്രതിഫലമോ, ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ മൂന്ന് രൂപ.";

(ജെ) ക്രമനമ്പർ 51-ൽ, (എ) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"ഭൂമിയുടെ ന്യായവിലയുടെയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റ് വസ്തുക്കളു ടെയും വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ മൂന്ന് രൂപ.".

4. 1960-ലെ 10-ാം ആക്റ്റിന്റെ ഭേദഗതി.— 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ (1960-ലെ 10),—

(1) 76-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ,—

(എ) "സിവിൽ കോടതിയും ക്രിമിനൽ കോടതിയും അല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "സിവിൽ കോടതി മുമ്പാകെയുള്ള ഒറിജിനൽ വ്യവഹാരങ്ങളെയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "ഓരോ ഒറിജിനൽ പെറ്റീഷനോ" എന്ന വാക്കുകൾക്ക് പകരം "ഓരോ ഒറിജിനൽ വ്യവഹാരത്തിനോ ഒറിജിനൽ പെറ്റീഷനോ" എന്ന വാക്കുകൾ ചേർക്കേണ്ട താണ്;

(2) II-ാം പട്ടികയിൽ, ആർട്ടിക്കിൾ 3-ലെ (iii)-ാം ഇനത്തിന്റെ,—

(എ) (സി) ഉപഇനത്തിൽ, (2)-ാം കോളത്തിലെ (സി) ഖണ്ഡത്തിനെതിരെ (3)-ാം കോളത്തിലെ ''പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി, തിട്ടപ്പെടുത്തിയ വരുമാനത്തിന്റെ ഒരു ശതമാനം'' എന്ന ഉൾക്കുറിപ്പിന് പകരം ''ഏറ്റവും കുറഞ്ഞത് അഞ്ഞൂറ് രൂപ എന്നതിനു വിധേയമായി ആവശ്യപ്പെടുന്ന നിവൃത്തിയുടെ അഞ്ച് ശതമാനം'' എന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്;

(ബി) (ഡി) ഉപഇനത്തിൽ, (2)-ാം കോളത്തിൽ (സി) ഖണ്ഡത്തിനെതിരെയുള്ള (3)-ാം കോളത്തിലെ ''പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി, തിട്ടപ്പെടുത്തിയ അറ്റസ്വത്തിന്റെ ഒരു ശതമാനം'' എന്ന ഉൾക്കുറിപ്പിന് പകരം ''ഏറ്റവും കുറഞ്ഞത് അഞ്ഞൂറ് രൂപ എന്നതിനുവിധേയമായി, ആവശ്യപ്പെടുന്ന നിവൃത്തിയുടെ അഞ്ച് ശതമാനം'' എന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്.

5. 1963-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1963-ലെ കേരള പൊതു വില്പന നികുതി ആക്റ്റിൽ, (1963-ലെ 15) 23 ബി വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(1) ഈ ആക്റ്റിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ, ട്രൈബ്യൂണലിന്റെയോ, അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2005 മാർച്ച് 31-ന് അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട്, ഈ ആക്റ്റോ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റോ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നികുതിയോ മറ്റ് ഏതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന്, നികുതിത്തുകയിന്മേലുള്ള പലിശയ്ക്കും, പിഴത്തുകയ്ക്കും, അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവു ചെയ്യൽ പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഓപ്റ്റ് ചെയ്യാവുന്നതാണ് :

എന്നാൽ, ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഈ വകുപ്പിലെ യാതൊന്നും ബാധകമാകുന്നതല്ല.'';

(ബി) (3)-ാം ഉപവകുപ്പിൽ, "2014 ആഗസ്റ്റ് 31-ാം തീയതിക്ക്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2017 ഫെബ്രുവരി 28-ാം തീയതിക്ക്" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപവകുപ്പിൽ ''2014 ഡിസംബർ 31-ാം തീയതിയോ'' എന്ന വാക്കുകൾക്കും അക്കങ്ങൾക്കുംപകരം ''2017 ഫെബ്രുവരി 28-ാം തീയതിയോ'' എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ഡി) (7)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) ഒരു വ്യാപാരി, 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിന്റെ (2004-ലെ 30) പ്രാരംഭത്തിന് ശേഷവും വ്യാപാരം തുടരുകയാണെങ്കിൽ, (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക നൽകുന്നതിനുള്ള, ഓപ്ഷൻ ഫയൽ ചെയ്യുന്നതിന് മുമ്പായി അയാൾ പ്രസ്തുത ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.".

6. 1976-ലെ 19-ാം ആക്റ്റിന്റെ ഭേദഗതി.—1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റിൽ (1976-ലെ 19),—

(1) 2-ാം വകുപ്പിൽ, (എബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(എസി) ഒരു മോട്ടോർ വാഹനത്തിന്റെ "പ്രതലവിസ്തീർണ്ണം" എന്നാൽ വാഹനത്തിന്റെ ആകെയുള്ള നീളത്തെ ആകെയുള്ള വീതികൊണ്ട് ഗുണിക്കുമ്പോൾ ലഭിക്കുന്ന വാഹനത്തിന്റെ വിസ്തീർണ്ണം എന്ന് അർത്ഥമാകുന്നതും ഒരു "ഡബിൾ ഡക്ക്ഡ്" ബസ്സിന്റെ സംഗതിയിൽ അത് പ്രതലവിസ്തീർണ്ണത്തിന്റെ രണ്ട് ഇരട്ടി ആയിരിക്കുന്നതുമാണ്.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, ഒരു മോട്ടോർ വാഹനത്തിന്റെ "ആകെ നീളം" എന്നാൽ സ്റ്റാർട്ടിംഗ് ഹാൻഡിൽ, താഴ്ത്തിയിട്ടിരിക്കുന്ന ഏതെങ്കിലും ഹുഡ്, വാഹനവുമായി ഘടിപ്പിച്ചിട്ടുള്ള ഏതെങ്കിലും അഗ്നിസുരക്ഷാ സംവിധാനം ഏതെങ്കിലും പോസ്റ്റ് ഓഫീസ് ലെറ്റർ ബോക്സ്, വാഹനത്തിന്റെ മേൽത്തട്ടിൽ നിന്നും സാധനങ്ങൾ ഇറക്കുന്നതിനോ അവിടേക്ക് സാധനങ്ങൾ കയറ്റുന്നതിനോ ഉപയോഗിക്കുന്ന ഏതെങ്കിലും ഏണി, വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള ഏതെങ്കിലും ടെയിൽ ലാമ്പോ ഇൻഡിക്കേറ്റർ ലാമ്പോ നമ്പർ പ്ലേറ്റോ, ഒരു വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള ഏതെങ്കിലും സ്പെയർവീലോ സ്പെയർ വീൽ ബ്രാക്കറ്റുകളോ ബമ്പറോ ഏതെങ്കിലും ടവിംഗ് ഹുക്കോ സംയോജിപ്പിക്കലുകളോ എന്നിവ ഒഴികെ വാഹനത്തിന്റെ അഗ്രഭാഗങ്ങളിലെ തള്ളിനിൽക്കുന്ന ഭാഗങ്ങളിലൂടെ കടന്നുപോകുന്ന സമാന്തരതലങ്ങൾക്കിടയിലുള്ള വാഹനത്തിന്റെ നീളം ആകുന്നു. ഒരു മോട്ടോർ വാഹനത്തിന്റെ 'ആകെ വീതി' എന്നത് 'റിയർവ്യൂമിറർ' അല്ലെങ്കിൽ 'ഗാർഡ് റെയിൽ' അല്ലെങ്കിൽ ഒരു ദിശാസൂചകം എന്നിവ ഒഴികെയുള്ള, അഗ്രഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലംബമായ പ്രതലങ്ങൾക്കിടയിലെ മോട്ടോർ വാഹനത്തിന്റെ ആക്സിസിന്റെ മട്ടകോണിൽ അളക്കുന്ന "ആകെ വീതി" ആകുന്നു.

(2) 3-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, മൂന്നാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാൽതന്നെയും, രജിസ്റ്റർ ചെയ്തതോ ഒരു പുതിയ രജിസ്ട്രേഷൻ മാർക്ക് നൽകപ്പെട്ടതോ, സ്റ്റേജ് കാര്യേജുകൾ അല്ലാത്ത മറ്റേതെങ്കിലും വിഭാഗത്തിൽനിന്നും മാറ്റം വരുത്തിയതോ ആയ സ്റ്റേജ് കാര്യേജുകളെ സംബന്ധിച്ച്, വാഹനത്തിന്റെ പ്രതലവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ, പട്ടികയിലെ ക്രമനമ്പർ 7-ലെ (iv)-ാം ഇനത്തിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ ഒരു നികുതി ചുമത്തേണ്ടതാണ്.";

(ബി) (5)-ാം ഉപവകുപ്പിൽ, നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് പകരം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്), 88-ാം വകുപ്പ്, (8)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് ഉള്ളതും, കേരള സംസ്ഥാനത്തല്ലാതെ ഏതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും, കേരള സംസ്ഥാനത്ത് പ്രവേശിക്കുകയും അവിടെ തങ്ങുകയും ചെയ്യുന്ന വാഹനത്തിന്റെ സംഗതിയിൽ, അപ്രകാരമുള്ള വാഹനത്തിന് നൽകേണ്ടതായ നികുതി,—

(i) അപ്രകാരമുള്ള തങ്ങൽ ഏഴ് ദിവസത്തിൽ അധികരിക്കാത്തപക്ഷം, ഒരു റൗണ്ട് ട്രിപ്പിന് ത്രൈമാസ നികുതിയുടെ പത്തിലൊന്നും;

(ii) അപ്രകാരമുള്ള തങ്ങൽ ഏഴ് ദിവസത്തിൽ അധികരിക്കുകയും മുപ്പത് ദിവസത്തിൽ അധികരിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, ഒരു റൗണ്ട് ട്രിപ്പിന്, ത്രൈമാസ നികുതിയുടെ മുന്നിൽ ഒന്നും,—

ആയിരിക്കുന്നതാണ്.";

(സി) അപ്രകാരം പകരം ചേർത്ത ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെ പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്), 88-ാം വകുപ്പ്, (9)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് ഉള്ളതും കേരള സംസ്ഥാനത്തല്ലാതെ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും കേരള സംസ്ഥാനത്ത് പ്രവേശിക്കുകയും അവിടെ തങ്ങുകയും ചെയ്യുന്ന വാഹനങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വാഹനങ്ങൾക്ക് പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്:

എന്നിരുന്നാലും, കേരളത്തിൽ രജിസ്റ്റർ ചെയ്തതും, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്), 88-ാം വകുപ്പ്, (9)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് ഉള്ളതും ആയ വാഹനങ്ങൾക്ക് കേരള സംസ്ഥാനം അല്ലാതെ മറ്റ് ഏതെങ്കിലും സംസ്ഥാനം വാർഷിക നികുതി ചുമത്തുകയാണെങ്കിൽ, പ്രസ്തുത ആക്റ്റ് പ്രകാരം പെർമിറ്റ് ഉള്ളതും കേരള സംസ്ഥാനത്ത് പ്രവേശിക്കുന്നതും ആ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വാഹനങ്ങൾക്ക്, പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ നികുതി ചുമത്തുന്നതാണ്.

വിശദീകരണം.—ഈ ക്ലിപ്ത നിബന്ധനയുടെ ആവശ്യത്തിലേക്കായി ആക്റ്റിന്റെ 12, 12എ എന്നീ വകുപ്പുകൾ പ്രകാരമുള്ള അധിക നികുതിയും വൈകി അടച്ച നികുതിക്കുള്ള പലിശയും, നൽകേണ്ടതായ ത്രൈമാസ നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ ചുമത്തേണ്ടതാണ്.";

(3) 3-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. ഹരിത നികുതി ചുമത്തൽ.— വായുമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള വിവിധ നടപടികൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി, താഴെ പട്ടികയിലെ (2)-ാം കോളത്തിൽ വ്യക്തമാക്കിയിട്ടുള്ള മോട്ടോർ വാഹനങ്ങൾക്ക് അതിന്റെ (3)-ാം കോളത്തിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ "ഹരിത നികുതി" എന്ന പേരിൽ ഒരു നികുതി ഈ ആക്റ്റിൻകീഴിൽ ചുമത്തിയിട്ടുള്ള നികുതിക്കുപുറമേ, ചുമത്തുകയും ഈടാക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

## പട്ടിക

| ക്രമ നമ്പർ | വാഹനത്തിന്റെ പഴക്കവും വിഭാഗവും | ഹരിത നികുതി നിരക്ക് (രൂപയിൽ) | നികുതി ചുമത്തുന്ന ഘട്ടം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | നാലോ അതിൽ കൂടുതലോ ചക്രങ്ങളുള്ളതും രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 വർഷം പൂർത്തിയാക്കിയതും ആയ നോൺ ട്രാൻസ്പോർട്ട് വാഹനം | ഓരോ അഞ്ച് വർഷവും 400 | രജിസ്ട്രേഷൻ പുതുക്കുന്ന സമയത്ത് |
| 2 | നാലോ അതിൽ കൂടുതലോ ചക്രമുള്ളതും അതിന്റെ രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയതുമായ ലൈറ്റ് ട്രാൻസ്പോർട്ട് വാഹനം | ഓരോ വർഷവും 200 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന സമയത്ത് |
| 3 | രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയിട്ടുള്ള മീഡിയം ട്രാൻസ്പോർട്ട് വാഹനങ്ങൾ | ഓരോ വർഷവും 300 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന സമയത്ത് |
| 4 | രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾ | ഓരോ വർഷവും 400 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന സമയത്ത് |
| 5 | മുകളിലെ 1 മുതൽ 4 വരെയുള്ള ക്രമനമ്പരിൽ ഉൾപ്പെടാത്ത മറ്റ് ട്രാൻസ്പോർട്ട് വാഹനങ്ങൾ | ഓരോ വർഷവും 400 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന സമയത്ത് |

എന്നാൽ, വൈകി അടയ്ക്കുന്ന ഹരിത നികുതിക്ക് യാതൊരു അധിക നികുതിയോ പിഴയോ പലിശയോ ഈടാക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഈ ആക്റ്റിലെ 22-ാം വകുപ്പുപ്രകാരം സർക്കാർ അനുവദിക്കുന്ന, കുറഞ്ഞ നിരക്കിലോ പരിഷ്കരിച്ച നിരക്കിലോ ഉള്ള നികുതി അടയ്ക്കുന്ന സംഗതിയിൽ, ഈ വകുപ്പിലെ യാതൊന്നുംതന്നെ ബാധകമാകുന്നതല്ല:

എന്നിരുന്നാലും, 4-ാം വകുപ്പ്, (3)-ാം ഉപവകുപ്പ് പ്രകാരം നികുതി നൽകുന്നതിനും ലൈസൻസ് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ 3എ വകുപ്പുപ്രകാരം ചുമത്തുന്ന ഹരിത നികുതിക്ക് "ആവശ്യമായ മാറ്റങ്ങളോടെ" ബാധമാകുന്നതാണ്.";.

(4) 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) ആദ്യത്തെ ക്ലിപ്തനിബന്ധനയ്ക്ക് മുമ്പായി, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, 3എ വകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള "ഹരിത നികുതി" ട്രാൻസ്പോർട്ട് വാഹനങ്ങളുടെ സംഗതിയിൽ, 10 വർഷം പൂർത്തിയാകുമ്പോഴും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ സംഗതിയിൽ 15 വർഷം പൂർത്തിയാകുമ്പോഴും, അതതു സംഗതിപോലെ, ഒരു വർഷത്തേക്കോ അഞ്ച് വർഷത്തേക്കോ ഉള്ള ഈ ആവശ്യത്തിലേക്കായുള്ള ഒരു ലൈസൻസിന്മേൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ മുൻകൂറായി നൽകേണ്ടതാണ്:";

(ii) ആദ്യത്തെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്ന വാക്കിനുപകരം "എന്നുമാത്രമല്ല" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) രണ്ടാമത്തെ ക്ലിപ്ത നിബന്ധനയിൽ "എന്നുമാത്രമല്ല" എന്ന വാക്കിനുപകരം "എന്നിരുന്നാലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ "3-ാം വകുപ്പ് പ്രകാരം" എന്ന വാക്കുകൾക്കും അക്കത്തിനും പകരം "3, 3എ എന്നീ വകുപ്പുകൾ പ്രകാരം" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്;

(സി) (5)-ാം ഉപവകുപ്പിൽ, "3-ാം വകുപ്പ് പ്രകാരം" എന്ന വാക്കുകൾക്കും അക്കത്തിനും പകരം "3, 3എ എന്നീ വകുപ്പുകൾ പ്രകാരം" എന്ന വാക്കുകളും അക്ഷരവും ചിഹ്നവും ചേർക്കേണ്ടതാണ്;

(5) 5-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനും (2)-ാം ഉപവകുപ്പിനും പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) അതതുസംഗതിപോലെ, മൂന്ന് മാസക്കാലത്തെ ഏതെങ്കിലും കലണ്ടർ മാസത്തിലോ മൂന്ന് മാസത്തെ തുടർച്ചയായി വരുന്ന രണ്ട് കലണ്ടർ മാസങ്ങളിലോ മൂന്ന് മാസക്കാലം മുഴുവനുമോ അഥവാ മൂന്ന് മാസക്കാലത്തെ ആദ്യ ദിവസം മുതൽ ആരംഭിക്കുന്ന ഒരു വർഷമോ ഉപയോഗിക്കുവാനോ അഥവാ ഉപയോഗത്തിനായി നിർത്താനോ ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരു മോട്ടോർ വാഹനത്തിന്റെ സംഗതിയിൽ, പ്രസ്തുത വാഹനത്തിന്റെ രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ അഥവാ അതിന്റെ കൈവശമോ നിയന്ത്രണമോ ഉള്ള ആളോ അപ്രകാരമുള്ള വാഹനം ഒരു നിശ്ചിത കാലത്തേക്ക് ഉപയോഗിക്കപ്പെടുന്നതല്ലെന്ന വിവരം ആരുടെ അധികാര പരിധിക്കുള്ളിലാണോ വാഹനം രജിസ്റ്റർ ചെയ്തത് അല്ലെങ്കിൽ നികുതി സംബന്ധിച്ച് ആരിൽ നിന്നാണോ എൻഡോഴ്സ്മെന്റ് കിട്ടിയത് പ്രസ്തുത റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയോ അല്ലെങ്കിൽ ബന്ധപ്പെട്ട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും തീയതിയിലും ഫീസ് സഹിതവും, മുൻകൂട്ടി അറിയിക്കേണ്ടതും അതിനുശേഷം വാഹനത്തിന്റെ രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ കൈവശമോ നിയന്ത്രണമോ ഉള്ള ആളോ

വാഹനം പ്രസ്തുത കാലത്തേക്ക് ഉപയോഗിച്ചതായോ ഉപയോഗത്തിനായി നിർത്തിയതായോ കരുതുവാൻ പാടില്ലാത്തതും അപ്രകാരമുള്ള വാഹനത്തിൻമേൽ അപ്രകാരമുള്ള കാലത്തേക്ക് യാതൊരു നികുതിയും നൽകേണ്ടതല്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വാഹനം, നികുതി നൽകാതെ ഉപയോഗിക്കാതിരുന്ന അപ്രകാരമുള്ള ഏതെങ്കിലും കാലയളവിൽ ഉപയോഗിച്ചതായി പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ രജിസ്റ്റർ ചെയ്ത ഉടമസ്ഥനിൽ നിന്നോ വാഹനത്തിന്റെ കൈവശമോ നിയന്ത്രണമോ ഉള്ള ആളിൽ നിന്നോ നികുതിയുടെ രണ്ടുമടങ്ങ് തുക ഈടാക്കേണ്ടതാണ്.";

(6) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ നൽകിയിട്ടുള്ള യാതൊരു ഹരിത നികുതിയും ഈ വകുപ്പ് പ്രകാരം റീഫണ്ട് ചെയ്യുന്നതല്ല.";

(7) 28-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡത്തിൽ "തേർച്ച ചെയ്യേണ്ടതെന്നും" എന്ന വാക്കുകൾക്ക് പകരം താഴെപ്പറയുന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്, അതായത്:—

"അവകാശവാദമുന്നയിക്കേണ്ടതെന്നും അപ്രകാരം 5-ാം വകുപ്പുപ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് ഫയൽ ചെയ്യേണ്ട ഫാറവും ഫീസും.";

(8) പട്ടികയിൽ,—

(എ) 3-ഉം 4-ഉം ക്രമനമ്പരുകൾക്കും അതിന് താഴെയുള്ള (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | | | | | |
|---|---|---|---|---|---|---|
| "3 | ഗുഡ്സ് ക്യാരിയേജുകൾ | | | | | |
| (i) | ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ചിട്ടില്ലാത്ത ഗുഡ്സ് ക്യാരിയേജുകൾ | | | | | |
| (എ) | മോട്ടോർ സൈക്കിൾ ട്രക്കുകൾ | | | 300 കിലോഗ്രാമിൽ അധികരിക്കാത്ത | വാഹനത്തോട് കൂടിയ മൊത്ത ഭാരം | 150.00 |
| (ബി) | വാഹനങ്ങൾ | | | 1000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 250.00 |
| (സി) | " | 1000 കി.ഗ്രാം | അധികരിക്കുന്ന | എന്നാൽ 1500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 470.00 |
| (ഡി) | " | 1500 കി.ഗ്രാം | " | എന്നാൽ 2000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 610.00 |

| | | | | | | |
|---|---|---|---|---|---|---|
| (ഇ) | വാഹനങ്ങൾ | 2000 കി.ഗ്രാം | അധി കരി ക്കുന്ന | എന്നാൽ 3000 കിലോഗ്രാമിൽ അധികരിക്കാത്ത | വാഹനത്തോട് കൂടിയ മൊത്ത ഭാരം | 780.00 |
| (എഫ്) | " | 3000 കി.ഗ്രാം | " | എന്നാൽ 4000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 930.00 |
| (ജി) | " | 4000 കി.ഗ്രാം | " | എന്നാൽ 5500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1340.00 |
| (എച്ച്) | " | 5500 കി.ഗ്രാം | " | എന്നാൽ 7000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1580.00 |
| (ഐ) | " | 7000 കി.ഗ്രാം | " | എന്നാൽ 9000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1940.00 |
| (ജെ) | " | 9000 കി.ഗ്രാം | " | എന്നാൽ 9500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2060.00 |
| (കെ) | " | 9500 കി.ഗ്രാം | " | എന്നാൽ 10500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2300.00 |
| (എൽ) | " | 10500 കി.ഗ്രാം | " | എന്നാൽ 11000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2550.00 |
| (എം) | " | 11000 കി.ഗ്രാം | " | എന്നാൽ 12000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2790.00 |
| (എൻ) | " | 12000 കി.ഗ്രാം | " | എന്നാൽ 13000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 3030.00 |
| (ഒ) | " | 13000 കി.ഗ്രാം | " | എന്നാൽ 14000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 3270.00 |
| (പി) | " | 14000 കി.ഗ്രാം | " | എന്നാൽ 15000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 3390.00 |

| | | | | | | |
|---|---|---|---|---|---|---|
| (ക്യൂ) | വാഹനങ്ങൾ | 15000 കി.ഗ്രാം | അധി കരി ക്കുന്ന | എന്നാൽ 20000 കിലോഗ്രാമിൽ അധികരിക്കാത്ത | വാഹനത്തോട് കൂടിയ മൊത്ത ഭാരം | 3390.00+ 15000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 130 രൂപ। |
| (ആർ) | " | 20000 കി.ഗ്രാം | " | | " | 5990.00+20000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 250 രൂപ |
| (ii) | ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ചിട്ടുള്ള ഗുഡ്സ് ക്യാരിയേജുകൾ (ടിപ്പർ ഗുഡ്സ് ക്യാരിയേജുകൾ) | | | | | |
| (എ) | മോട്ടോർ സൈക്കിളുകൾ ട്രക്കുകൾ | | | 300 കിലോഗ്രാമിൽ അധികരിക്കാത്ത | വാഹനത്തോട് കൂടിയ മൊത്തഭാരം | 190.00 |
| (ബി) | വാഹനങ്ങൾ | | | 1000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 310.00 |
| (സി) | " | 1000 കിലോഗ്രാമിൽ | അധി കരി ക്കുന്ന | എന്നാൽ 1500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 590.00 |
| (ഡി) | " | 1500 കിലോഗ്രാമിൽ | " | എന്നാൽ 2000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 760.00 |
| (ഇ) | " | 2000 കിലോഗ്രാമിൽ | " | എന്നാൽ 3000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 970.00 |

| | | | | | | |
|---|---|---|---|---|---|---|
| (എഫ്) | വാഹനങ്ങൾ | 3000 കിലോഗ്രാമിൽ | അധി കരി ക്കുന്ന | എന്നാൽ 4000 കിലോഗ്രാമിൽ അധികരിക്കാത്ത | വാഹനത്തോട് കൂടിയ മൊത്തഭാരം | 1160.00 |
| (ജി) | " | 4000 കിലോഗ്രാമിൽ | " | എന്നാൽ 5500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1670.00 |
| (എച്ച്) | " | 5500 കിലോഗ്രാമിൽ | " | എന്നാൽ 7000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1970.00 |
| (ഐ) | " | 7000 കിലോഗ്രാമിൽ | " | എന്നാൽ 9000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2420.00 |
| (ജെ) | " | 9000 കിലോഗ്രാമിൽ | " | എന്നാൽ 9500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2590.00 |
| (കെ) | " | 9500 കിലോഗ്രാമിൽ | " | എന്നാൽ 10500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2880.00 |
| (എൽ) | " | 10500 കിലോഗ്രാമിൽ | " | എന്നാൽ 11000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 3190.00 |
| (എം) | " | 11000 കിലോഗ്രാമിൽ | " | എന്നാൽ 12000 കി.ഗ്രാമിൽ അധികരിക്കാത്ത | " | 3480.00 |
| (എൻ) | " | 12000 കിലോഗ്രാമിൽ | " | എന്നാൽ 13000 കി.ഗ്രാമിൽ അധികരിക്കാത്ത | " | 3790.00 |
| (ഒ) | " | 13000 കിലോഗ്രാമിൽ | " | എന്നാൽ 14000 കി.ഗ്രാമിൽ അധികരിക്കാത്ത | " | 4090.00 |
| (പി) | " | 14000 കിലോഗ്രാമിൽ | " | എന്നാൽ 15000 കി.ഗ്രാമിൽ അധികരിക്കാത്ത | " | 4240.00 |

| | | | | | | |
|---|---|---|---|---|---|---|
| (ക്യു) | വാഹനങ്ങൾ | 15000 കിലോ ഗ്രാമിൽ | അധി കരി ക്കുന്ന | | | 4240.00+ 15000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 160 രൂപ |
| 4. | ചരക്കുകൾ വഹിച്ചു കൊണ്ടുപോകുന്ന ട്രെയിലറുകൾ | | | | | |
| (എ) | ഓരോ ട്രെയിലറിനും | | | 1000 കിലോഗ്രാമിൽ അധികരിക്കാത്ത | വാഹനത്തിന്റെ മൊത്തഭാരം | 180.00 |
| (ബി) | " | 1000 കി.ഗ്രാമിൽ | അധി കരി ക്കുന്ന | എന്നാൽ 1500 കിലോഗ്രാമിൽ അധികരിക്കാത്ത | ചരക്കുഭാരം | 360.00 |
| (സി) | " | 1500 കി.ഗ്രാമിൽ | " | എന്നാൽ 2000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 480.00 |
| (ഡി) | " | 2000 കി.ഗ്രാമിൽ | " | എന്നാൽ 3000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 650.00 |
| (ഇ) | " | 3000 കി.ഗ്രാമിൽ | " | എന്നാൽ 4000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 870.00 |
| (എഫ്) | " | 4000 കി.ഗ്രാമിൽ | " | എന്നാൽ 5500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1100.00 |
| (ജി) | " | 5500 കി.ഗ്രാമിൽ | " | എന്നാൽ 7000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1460.00 |
| (എച്ച്) | " | 7000 കി.ഗ്രാമിൽ | " | എന്നാൽ 9000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1700.00 |

| | | | | | | |
|---|---|---|---|---|---|---|
| (ഐ) | ഓരോ ട്രെയിലറിനും | 9000 കി.ഗ്രാമിൽ | അധി കരി ക്കുന്ന | എന്നാൽ 9500 കിലോഗ്രാമിൽ അധികരിക്കാത്ത | ചരക്ക് ഭാരം | 1820.00 |
| (ജെ) | " | 9500 കി.ഗ്രാമിൽ | " | എന്നാൽ 10500 കിലോഗ്രാമിൽ അധികരിക്കാത്ത | " | 1940.00 |
| (കെ) | " | 10500 കി.ഗ്രാമിൽ | " | എന്നാൽ 12000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2180.00 |
| (എൽ) | " | 12000 കി.ഗ്രാമിൽ | " | എന്നാൽ 13000 കിലോഗ്രാമിൽ അധികരിക്കാത്ത | " | 2300.00 |
| (എം) | " | 13000 കി.ഗ്രാമിൽ | " | എന്നാൽ 14000 കി.ഗ്രാമിൽ അധികരിക്കാത്ത | " | 2420.00 |
| (എൻ) | " | 14000 കി.ഗ്രാമിൽ | " | എന്നാൽ 15000 കി.ഗ്രാമിൽ അധികരിക്കാത്ത | " | 2550.00 |
| (ഒ) | " | 15000 കി.ഗ്രാമിൽ | " | എന്നാൽ 20000 കി.ഗ്രാമിൽ അധികരിക്കാത്ത | " | 2550.00+ 15000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 130 രൂപ |
| (പി) | " | 20000 കി.ഗ്രാമിൽ | | | | 5150.00+ 20000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 250 രൂപ." |

(ബി) ക്രമനമ്പർ 7-ൽ, -

(i) (i)-ാം ഇനത്തിൽ, -

(എ) (ഇ) ഉപ-ഇനത്തിനും അതിനുതാഴെ (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെ പറയുന്ന ഉപ-ഇനവും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "(ഇ) | കേരളത്തിൽ രജിസ്റ്റർ ചെയ്തതും 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്), 88-ാം വകുപ്പിന്റെ 9-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് വാങ്ങിയതിനുശേഷം അന്തർ സംസ്ഥാനതലത്തിൽ ഓടിക്കുന്നതുമായ വാഹനങ്ങൾ | |
| | (i) 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള സാധാരണ കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 2250.00 |
| | (ii) പുഷ്ബാക്ക് സീറ്റുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ളതുമായ കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 3500.00 |
| | (iii) സ്ലീപ്പർ ബർത്തുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ട് പോകുന്നതിന് അനുവദിച്ചിട്ടുള്ളതുമായ കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 4000.00" |

(ബി) (എഫ്) ഉപ-ഇനത്തിനും അതിനുതാഴെ (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെ പറയുന്ന ഉപ-ഇനവും ഉൾക്കുറിപ്പുകളും, യഥാക്രമം, ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "(എഫ്) | അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തതും 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 88-ാം വകുപ്പിന്റെ (8)-ഉം (9)-ഉം ഉപവകുപ്പുകൾ പ്രകാരം പെർമിറ്റ് വാങ്ങിയതിനുശേഷം കേരളത്തിൽ പ്രവേശിക്കുന്നതുമായ വാഹനങ്ങൾ | |
| | (i) 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള സാധാരണ കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 2250.00 |
| | (ii)പുഷ്ബാക്ക് സീറ്റുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 3500.00 |
| | (iii)സ്ലീപ്പർ ബർത്തുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടുപോകുന്നതിന് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 4000.00" |

(ii) (iii)-ാം ഇനത്തിലെ ശീർഷകത്തിനുപകരം താഴെപ്പറയുന്ന ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"(iii) യാത്രക്കാരെ വഹിക്കുന്നതിനുള്ള ശേഷിയുടെ അടിസ്ഥാനത്തിൽ, സ്റ്റേജ് ക്യാരിയേജുകളായി മാത്രം ഗതാഗതം നടത്തുന്ന വാഹനങ്ങൾ";

(iii) (iii)-ാം ഇനത്തിനും അതിനെതിരെയുള്ള ഉൾക്കുറിപ്പിനുംശേഷം താഴെപ്പറയുന്ന ഇനവും ഉൾക്കുറിപ്പുകളും, യഥാക്രമം (1)-ഉം (2)-ഉം(3)-ഉം കോളങ്ങളിൽ ചേർക്കേണ്ടതാണ്, അതായത്:—

"(iv) സ്റ്റേജ് ക്യാരിയേജുകളായി മാത്രം ഓടിക്കുന്ന വാഹനങ്ങൾ- പ്രതലവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ,—

| | | |
|---|---|---|
| (എ) | സിറ്റി/ടൗൺ സർവ്വീസ് അല്ലാത്ത സാധാരണ സർവ്വീസുകൾ | ഓരോ ചതുരശ്ര മീറ്ററിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 1300 രൂപ |
| (ബി) | സിറ്റി/ടൗൺ സാധാരണ സർവ്വീസ് | ഓരോ ചതുരശ്ര മീറ്ററിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 1360 രൂപ |
| (സി) | ഫാസ്റ്റ് പാസഞ്ചറും മറ്റ് ഉയർന്ന ക്ലാസ് സർവ്വീസുകളും | ഓരോ ചതുരശ്രമീറ്ററിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 1400 രൂപ."; |

(സി) ക്രമനമ്പർ 9-നും അതിന് താഴെ (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും, യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

| | | | | | | |
|---|---|---|---|---|---|---|
| "9 | മുകളിലുള്ള (8)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന വാഹനങ്ങളാൽ വലിക്കപ്പെടുന്ന ഡബിൾ ആക്സിൽ ട്രെയിലറുകളും കൂടുതലായുള്ളതോ ഉപയോഗിക്കാവുന്നതോ ആയ ട്രെയിലറുകളോടുകൂടിയ ആർട്ടിക്കുലേറ്റഡ് വാഹനങ്ങൾക്കും ഈ പട്ടികയിലെ ക്ലിപ്ത നിബന്ധനയ്ക്ക് വിധേയമായി, ഓരോ ട്രെയിലറിനും അല്ലെങ്കിൽ ആർട്ടിക്കുലേറ്റഡ് വാഹനത്തിനും | | | | | |
| (എ) | 1000 കിലോഗ്രാമിൽ | അധികരിക്കാത്ത | | | വാഹനത്തോടു കൂടിയ മൊത്ത ഭാരം | 180.00 |
| (ബി) | 1000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 1500 കിലോഗ്രാമിൽ | അധികരിക്കാത്ത | " | 290.00 |
| (സി) | 1500 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 2000 കിലോഗ്രാമിൽ | " | " | 390.00 |

| | | | | | | |
|---|---|---|---|---|---|---|
| (ഡി) | 2000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 3000 കിലോഗ്രാമിൽ | അധികരിക്കാത്ത | വാഹനത്തോടു കൂടിയ മൊത്ത ഭാരം | 510.00 |
| (ഇ) | 3000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 4000 കിലോഗ്രാമിൽ | ,, | ,, | 700.00 |
| (എഫ്) | 4000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 5500 കിലോഗ്രാമിൽ | ,, | ,, | 890.00 |
| (ജി) | 5500 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 7000 കിലോഗ്രാമിൽ | ,, | ,, | 1090.00 |
| (എച്ച്) | 7000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 9000 കിലോഗ്രാമിൽ | ,, | ,, | 1340.00 |
| (ഐ) | 9000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 9500 കിലോഗ്രാമിൽ | ,, | ,, | 1460.00 |
| (ജെ) | 9500 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 10500 കിലോഗ്രാമിൽ | ,, | ,, | 1580.00 |
| (കെ) | 10500 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 12000 കിലോഗ്രാമിൽ | ,, | ,, | 1700.00 |
| (എൽ) | 12000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 13000 കിലോഗ്രാമിൽ | ,, | ,, | 1820.00 |
| (എം) | 13000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 14000 കിലോഗ്രാമിൽ | ,, | ,, | 1940.00 |
| (എൻ) | 14000 കിലോഗ്രാമിൽ | അധികരിക്കുന്ന | എന്നാൽ 15000 കിലോഗ്രാമിൽ | ,, | ,, | 2060.00 |
| (ഒ) | 15000 കിലോഗ്രാമിൽ | അധികരിക്കുന്ന | ,, | ,, | ,, | 2060.00+ 15000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 130 രൂപ". |

(ഡി) ക്രമനമ്പർ 12-നും അതിന് താഴെ (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "12 | മൊബൈൽ റസ്റ്ററന്റ്, മൊബൈൽ കാന്റീൻ, മൊബൈൽ തീയേറ്റർ, മൊബൈൽ വർക് ഷോപ്പ്, മൊബൈൽ ബുക്ക് സ്റ്റാൾ, മൊബൈൽ എ. റ്റി. എം., മൊബൈൽ ഷോപ്പ്, മൊബൈൽ എക്സിബിഷൻ വാൻ, മൊബൈൽ ഓഫീസ് വാഹനങ്ങൾ, മൊബൈൽ ഡിജിറ്റൈസേഷൻ യൂണിറ്റും കാഷ് വാൻ എന്നിവ പോലെയുള്ള പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനങ്ങളുടെ പ്രതലവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനോ അതിന്റെ ഭാഗത്തിനോ | 300.00 രൂപ"; |

(ഇ) ക്രമനമ്പർ 14-നും അതിനെതിരെ (1)-ഉം, (2)-ഉം, (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "15 | ഈ പട്ടികയിലെ മുൻപറഞ്ഞ വ്യവസ്ഥകൾ പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥമല്ലാത്ത മോട്ടോർ വാഹനങ്ങൾ- പ്രതലവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനോ അതിന്റെ ഭാഗത്തിനോ | 150.00 രൂപ"; |

(എഫ്) അനുബന്ധം II-ൽ ക്രമനമ്പർ I-നും അതിനുതാഴെ (1)-ഉം (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംപകരം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "1 | മൊത്ത വാഹനഭാരം (ജി.വി.ഡബ്ല്യു.) 3000 കിലോഗ്രാം വരെയുള്ള ഗുഡ്സ് ക്യാരിയേജുകൾ | |
| (i) | 300 കിലോഗ്രാമിൽ അധികരിക്കാത്ത മോട്ടോർ സൈക്കിൾ ട്രക്കുകൾ | 3000 |
| (ii) | മൊത്തം വാഹനഭാരം (ജി. വി. ഡബ്ല്യു.) 1000 കിലോഗ്രാമിൽ അധികരിക്കാത്ത ഗുഡ്സ് ക്യാരിയേജുകൾ | 5000 |
| (iii) | മൊത്തം വാഹനഭാരം (ജി. വി. ഡബ്ല്യു.) 1000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 1500 കിലോഗ്രാമിൽ അധികരിക്കാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 9400 |
| (iv) | മൊത്തം വാഹനഭാരം (ജി. വി. ഡബ്ല്യു.) 1500 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 2000 കിലോഗ്രാമിൽ അധികരിക്കാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 12200 |
| (v) | മൊത്തം വാഹനഭാരം (ജി. വി. ഡബ്ല്യു.) 2000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 3000 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 15600 " |

7. 1976-ലെ 32-ാം ആക്റ്റിന്റെ ഭേദഗതി.-- 1976-ലെ കേരള ആഡംബരങ്ങളിൻമേലുള്ള നികുതി ആക്റ്റിൽ (1976-ലെ 32), 4-ാം വകുപ്പിൽ,---

(എ) (1)-ാം ഉപവകുപ്പിലെ ഒന്നാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:--

"എന്നുമാത്രമല്ല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിട്ട് നടത്തുന്ന ഹോസ്റ്റലുകൾക്കും 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മതപരമോ ധാർമ്മികപരമോ ആയ സ്ഥാപനങ്ങൾ നടത്തുന്ന, 'വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ'ക്കും ഈ ആക്റ്റ് പ്രകാരം യാതൊരു നികുതിയും ചുമത്തുന്നതല്ല.".

(ബി) (2)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ (i)-ഉം (ii)-ഉം ഉപ-ഖണ്ഡങ്ങൾക്ക് പകരം താഴെ പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(i) താമസസൗകര്യത്തിനും, മറ്റു സൗകര്യങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും മുറികളെ സംബന്ധിച്ച് ആകെ ചാർജ്ജുകൾ പ്രതിദിനം നാനൂറ് രൂപയ്ക്ക് മുകളിൽ ആയിരം രൂപ വരെയുള്ള ഹോട്ടലുകൾക്ക് മുറിയോരോന്നിനും ആറ് ശതമാനം നിരക്കിൽ;

(ii) താമസസൗകര്യത്തിനും, മറ്റു സൗകര്യങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും, മുറികൾക്ക് ആകെ ചാർജ്ജുകൾ പ്രതിദിനം ആയിരം രൂപയ്ക്ക് മുകളിൽ ഉള്ള ഹോട്ടലുകളെ സംബന്ധിച്ചിടത്തോളം പത്ത് ശതമാനം നിരക്കിലും.";

(ii) മൂന്നാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(സി) 10എഎ വകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:

"10എബി. ഈ ആക്റ്റ് പ്രകാരം സ്വകാര്യ കമ്പനിയായ ഏതെങ്കിലും ഉടമസ്ഥനിൽ നിന്നും, നിലവിലുള്ളതായാലും, വൈൻഡ് അപ് ചെയ്തതായാലും, ലിക്വിഡേഷന് വിധേയമായതായാലും, ഏതെങ്കിലും നികുതിയോ മറ്റു തുകയോ ഏതെങ്കിലും കാരണത്താൽ വസൂലാക്കുവാൻ സാധിക്കാത്തിടത്ത് ഈ ആക്റ്റ് പ്രകാരം കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റ് തുകയോ ഏത് കാലയളവിലേക്കാണോ കിട്ടേണ്ടതായിട്ടുള്ളത് പ്രസ്തുത കാലയളവിലെ ഏതെങ്കിലും സമയത്ത് അപ്രകാരമുള്ള കമ്പനിയുടെ ഡയറക്ടർ ആയിരുന്ന ഓരോ ആളും, അപ്രകാരം വസൂലാക്കാൻ സാധ്യമാകാതിരുന്നത്, കമ്പനിയുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട് അയാളുടെ ഭാഗത്ത് നിന്ന് ഉണ്ടായ ഏതെങ്കിലും അശ്രദ്ധയോ, പിശകോ, വീഴ്ചയോ കാരണമല്ലെന്ന് തെളിയിക്കാത്ത പക്ഷം, അപ്രകാരമുള്ള നികുതിയോ, തുകയോ നൽകുന്നതിന് കൂട്ടായും വെവ്വേറെയും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.".

8. 1991-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1991-ലെ കേരള കാർഷിക ആദായ നികുതി ആക്റ്റിന്റെ (1991-ലെ 15), പട്ടികയിൽ,—

(എ) (3)-ാം ഇനത്തിൽ "ആഭ്യന്തര കമ്പനി അഥവാ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) (4)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്;

"(4) ആഭ്യന്തര കമ്പനി അല്ലെങ്കിൽ വിദേശ കമ്പനിയുടെ കാര്യത്തിൽ, മൊത്തം കാർഷികാദായ വരുമാനത്തിന്റെ മുപ്പതു ശതമാനം.".

9. 2004-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ (2004-ലെ 30),—

(1) 6-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, പട്ടികയിൽ,—

(എ) ക്രമനമ്പർ (3)-ലെ, (2)-ാം കോളത്തിലെ ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"നോൺ -വുവൻ പോളി പ്രൊപ്പലിൻ ബാഗുകൾ ഉൾപ്പെടെയുള്ള എല്ലാത്തരത്തിലുമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും";

(ബി) ക്രമനമ്പർ (3എ)-യിൽ അതിനെതിരെ, (2)-ാം കോളത്തിലുള്ള ഉൾക്കുറിപ്പിലെ "ഡിസ്പോസിബിൾ പ്ലേറ്റുകളും" എന്ന വാക്കുകൾക്കുശേഷം "ടംബ്ലറുകളും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(സി) ക്രമനമ്പർ (7)-നും അതിനെതിരെ (2)-ഉം (3)-ഉം (4)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ, യഥാക്രമം ചേർക്കേണ്ടതാണ്. അതായത്:—

| | | | |
|---|---|---|---|
| "8 | എംബ്രോയിഡറി അഥവാ സ്സറി വസ്തുക്കൾ, അതായത് ഇമി, സ്സറി, കസബ്, സെയ്മ, ഡബ്ക ചുമ്കി, ഗോട്ടോ സിതാര, നക്സി, കോറ, ഗ്ലാസ് ബീഡ്, ബാദിയ | | 2% |
| | (1) പ്രതലം കാണാത്ത തരത്തിലുള്ള ചിത്രത്തയ്യൽ | 5810.10.00 | |
| | (2) പരുത്തി തുണികൊണ്ടുള്ള മറ്റ് ചിത്രത്തയ്യൽ | 5810.91.00 | |
| | (3) മനുഷ്യ നിർമ്മിത നൂലുകൊണ്ടുള്ള ചിത്രത്തയ്യൽ | | |
| | (എ) ചിത്രത്തയ്യലോടുകൂടിയ ബാഡ്ജുകളും അലങ്കരണങ്ങളും അതുപോലെയുള്ളവയും | 5810.92.10 | |
| | (ബി) ചിത്രത്തയ്യൽ ചെയ്ത മറ്റ് വസ്തുക്കൾ | 5810.92.90 | |

(4) മറ്റു തുണിത്തരങ്ങൾ കൊണ്ടുള്ള ചിത്രത്തയ്യൽ 5810.99.00

(5) സ്സറി വസ്തുക്കൾ ****

9. ഹാന്റ്‌ലൂം തുണി, ഹാന്റ്‌ലൂം കിടക്ക വിരി, ഹാന്റ്‌ലൂം തലയണ ഉറ **** 2%

10. സിൽക്ക് തുണിത്തരങ്ങളും പ്രകൃതിദത്തമായ പട്ട് സാരികളും 5007 2%

11. ടെക്സ്റ്റൈൽ തുണിത്തരങ്ങൾ

(1) കമ്പിളി

(എ) കടഞ്ഞെടുത്ത കമ്പിളിയിൽ നിന്ന് അല്ലെങ്കിൽ മൃഗങ്ങളുടെ കടഞ്ഞെടുത്ത രോമത്തിൽ നിന്ന് നെയ്തെടുത്ത തുണിത്തരങ്ങൾ 5111

(ബി) കോംബ് ചെയ്ത കമ്പിളിയിൽ നിന്നോ കോംബ് ചെയ്ത ഫൈൻ മൃഗരോമത്തിൽനിന്നോ നെയ്തെടുത്ത തുണിത്തരങ്ങൾ 5112

(സി) മൃഗത്തിന്റെ പരുപരുത്ത രോമത്തിൽ നിന്നോ അല്ലെങ്കിൽ കുതിരയുടെ രോമത്തിൽനിന്നോ നെയ്തെടുത്ത തുണിത്തരങ്ങൾ 5113

(2) പരുത്തി

(എ) 85 ശതമാനമോ അതിലധികമോ പരുത്തിയോടു കൂടിയുള്ളതും 200 ഗ്രാം/മീറ്റർ$^2$ അധികരിക്കാതെ ഭാരമുള്ള തുമായ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ 5208

(ബി) 85 ശതമാനമോ അതിലധികമോ പരുത്തിയോടു കൂടിയുള്ളതും 200 ഗ്രാം/മീറ്റർ$^2$ അധികരിച്ച ഭാരമുള്ളതു മായ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ 5209

(സി) 85 ശതമാനത്തിൽ കുറവ് പരുത്തിയുള്ളതും മനുഷ്യ നിർമ്മിത നൂലോടുകൂടി മാത്രം കലർത്തിയതും 200 ഗ്രാം/മീറ്റർ$^2$ അധികരിക്കാത്ത ഭാരത്തോടുകൂടിയ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ 5210

(ഡി) 85 ശതമാനത്തിൽ കുറവ് പരുത്തിയുള്ളതും മനുഷ്യ നിർമ്മിത നൂലോടുകൂടി മാത്രമായോ അല്ലെങ്കിൽ കലർത്തിയതോ ആയ പരുത്തിയുടെ ഭാരത്തോടുകൂടി 200 ഗ്രാം/മീറ്റർ$^2$ തൂക്കത്തിൽ കൂടിയ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ 5211

(ഇ) മറ്റു നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ 5212

(3) നെയ്തെടുത്ത ഫ്ളക്സ് തുണിത്തരങ്ങൾ 5309

(4) നെയ്തെടുത്ത ചണത്തിന്റെയോ അല്ലെങ്കിൽ മറ്റ് ടെക്സ്റ്റയിൽ അടിസ്ഥാനമാക്കിയ നാരിന്റെയോ തുണിത്തരങ്ങൾ 5310

(5) നെയ്തെടുത്ത മറ്റ് വെജിറ്റബിൾ ടെക്സ്റ്റയിൽ നാരിന്റെ തുണിത്തരങ്ങൾ; നെയ്തെടുത്ത പേപ്പർ യാണിന്റെ തുണിത്തരങ്ങൾ 5311

(6) മനുഷ്യനിർമ്മിത ഫിലമെന്റുകൾ

(എ) 5404 എച്ച്. എസ്. എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ സിന്തറ്റിക്ക് ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ 5407

(ബി) 5405 എച്ച്. എസ്. എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ കൃത്രിമ ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ 5408

(7) മനുഷ്യനിർമ്മിത സ്റ്റേപ്പിൾ ഫൈബറുകൾ

(എ) 85 ശതമാനമോ അതിൽ കൂടുതലോ ഭാരമുള്ള സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ അടങ്ങിയ സിന്തറ്റിക്ക് ഫിലമെന്റ് സ്റ്റേപ്പിൾ ഫൈബർ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ 5512

(ബി) 85 ശതമാനത്തിൽ കുറഞ്ഞ സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകളുടെ ഭാരമുള്ളതും 170 ഗ്രാം/മീറ്റർ$^2$-ൽ കവിയാത്ത തൂക്കമുള്ളതും, പ്രധാനമായോ മുഴുവനായോ പരുത്തിയോടുകൂടിയ അത്തരം ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ 5513

(സി) 85 ശതമാനത്തിൽ കുറഞ്ഞ സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകളുടെ ഭാരമുള്ളതും 170 ഗ്രാം/മീറ്റർ$^2$-ൽ കവിയുന്ന തൂക്കമുള്ള പ്രധാനമായോ മുഴുവനായോ പരുത്തിയോടുകൂടിയ അത്തരം ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ 5514

(ഡി) സിന്തറ്റിക് സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത മറ്റ് തുണിത്തരങ്ങൾ | 5515

(ഇ) കൃത്രിമമായ സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ | 5516

(8) പ്രത്യേകം നെയ്തെടുത്ത തുണിത്തരങ്ങൾ; റ്റഫ്റ്റ് ചെയ്ത ടെക്സ്റ്റൈൽ തുണിത്തരങ്ങൾ; ലെയ്സ്, ടേപ്പ് സ്ട്രീകൾ, ട്രിമ്മിങ്ങുകൾ; എംബ്രോയിഡറി

(എ) 5802 അഥവാ 5806-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിലേതല്ലാത്ത നെയ്തെടുത്ത പൈൽ തുണിത്തരങ്ങളും ചെന്നൈൽ തുണിത്തരങ്ങളും | 5801

(ബി) 5806-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിലെ കട്ടികുറഞ്ഞ തുണിത്തരങ്ങളല്ലാത്ത ടെറി ടൗവ്വലിങ്ങും സമാനമായ നെയ്തെടുത്ത ടെറി തുണിത്തരങ്ങളും; 5703-ാം നമ്പർ ശീർഷകത്തിലേതല്ലാത്ത റ്റഫ്റ്റ് ചെയ്ത ടെക്സ്റ്റൈൽ തുണിത്തരങ്ങൾ | 5802

(സി) 5806 എച്ച്. എസ്. എൻ. ശീർഷകത്തിലെ കട്ടികുറഞ്ഞ തുണിത്തരങ്ങളല്ലാത്ത ഗൗസ് | 5803

(ഡി) 6002 മുതൽ 6006 വരെയുള്ള എച്ച്. എസ്. എൻ. ശീർഷകത്തിലെ തുണിത്തരങ്ങൾ അല്ലാത്ത നെയ്തെടുക്കുന്നതും നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ ഉൾപ്പെടാത്ത മറ്റ് നെറ്റ് തുണിത്തരങ്ങളും റ്റള്ളീസും, കഷണങ്ങളായുള്ള ലെയ്സ് സ്ട്രിപ്പുകൾ അല്ലെങ്കിൽ മൊട്ടീഫുകൾ | 5804

(ഇ) കൈകൊണ്ട് നെയ്തെടുത്ത ഗോബ്ലിനുകൾ, ഫ്ളാന്റുകൾ, ഔബുസൻ, ബ്യൂവലുകൾ എന്നീ തരത്തിലുള്ള ടേപ്പ് സ്ട്രീകളും സമാനമായവയും നീഡിൽ വർക്ക് ചെയ്ത ടേപ്പ് സ്ട്രീകളും (ഉദാഹരണമായി പെറ്റിറ്റ് പോയിന്റ്, ക്രോസ്സ് സ്റ്റിച്ച്) ഉണ്ടാക്കിയതോ അല്ലാത്തതോ | 5805

(എഫ്) 5807 എച്ച്. എസ്. എൻ. ശീർഷകത്തിലെ സാധനങ്ങൾ അല്ലാത്ത കട്ടികുറഞ്ഞ നെയ്തെടുത്ത തുണിത്തരങ്ങൾ, ഒട്ടിപ്പിടിക്കുന്നതിലൂടെയും കൂട്ടിച്ചേർത്ത വെഫ്റ്റോടെ അല്ലാത്തതുമായ വാർപ് അടങ്ങുന്ന കട്ടികുറഞ്ഞ തുണിത്തരങ്ങൾ (ബോൾഡക്സ്) | 5806

(ജി) മറ്റെങ്ങും വ്യക്തമാക്കിയിട്ടില്ലാത്തതോ ഉൾപ്പെടുത്താ ത്തതോ വസ്ത്രങ്ങൾ അലങ്കരിക്കുന്നതിനോ സമാന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോ ആയ 5605–ാം നമ്പർ എച്ച്. എസ്. എൻ. ശീർഷകത്തിൽ ഉള്ള ലോഹ നൂലാൽ നെയ്തെടുത്ത തുണിത്തരങ്ങളും നെയ്തെടുക്കാത്ത തുണിത്തരങ്ങളോ ലോഹനൂലോ 5809

(9) പുസ്തകങ്ങളുടെയോ അഥവാ അതേ ഗണത്തിൽപ്പെട്ടവയു ടെയോ പുറംചട്ടയ്ക്കായി ഉപയോഗിക്കുന്ന ഒരു തരത്തിലുള്ള പശയോ അല്ലെങ്കിൽ കഞ്ഞിപ്പശയുള്ള പദാർത്ഥങ്ങളോ കൊണ്ട് പൊതിഞ്ഞ ടെക്സ്റ്റൈൽ തുണിത്തരങ്ങൾ; പകർപ്പെടുപ്പു തുണി; തയ്യാറാക്കിയ പെയിന്റിംഗ് കാൻവാസ്; ബക്രമും (പുസ്തകം ബയന്റ് ചെയ്യാൻ ഉപയോഗിക്കുന്ന കട്ടിത്തുണി) തൊപ്പി നിർമ്മാണത്തിന് അടിസ്ഥാനമായി ഉപയോഗിക്കുന്ന സമാനമായ ഒരു തരത്തിലുള്ള കട്ടിയായ ടെക്സ്റ്റൈൽ തുണിത്തരങ്ങൾ 5901

(10) വളരെ ഉറപ്പുള്ള നെയ്ത്തുനൂൽ അല്ലെങ്കിൽ മറ്റ് പോളിമറുകൾ അല്ലെങ്കിൽ പോളിയസ്റ്ററുകൾ അല്ലെങ്കിൽ വിസ്കോസ് റയോൺ കൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ 5902

(11) ടെക്സ്റ്റൈൽ വോൾ കവറിംഗുകൾ 5905

(12) വളരെ ഉറപ്പുള്ള നെയ്ത്തുനൂൽ മറ്റ് പോളിമറുകൾ അല്ലെങ്കിൽ പോളിയസ്റ്ററുകൾ അല്ലെങ്കിൽ വിസ്കോസ് റയോൺ കൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ അല്ലാത്ത റബ്ബറൈസ് ചെയ്ത ടെക്സ്റ്റൈൽ തുണിത്തരങ്ങൾ 5906

(13) മറ്റു വിധത്തിൽ ഇംപ്രഗ്നേറ്റ് ചെയ്തതോ കോട്ട് ചെയ്തതോ അല്ലെങ്കിൽ കവർ ചെയ്തതോ അല്ലാത്ത ടെക്സ്റ്റയിൽ തുണിത്തരങ്ങൾ; നാടകശാല ദൃശ്യം, സ്റ്റുഡിയോ പിൻ തിരശ്ശീലകൾ അല്ലെങ്കിൽ അതേ ഗണത്തിൽ പെട്ടവയോ ആയ പെയിന്റ് ചെയ്ത കാൻവാസുകൾ 5907

(14) നിറ്റ് ചെയ്തതോ അല്ലെങ്കിൽ ക്രോഷേ ചെയ്തതോ ആയ തുണിത്തരങ്ങൾ

(എ) നിറ്റ് ചെയ്തതോ ക്രോഷേ ചെയ്തതോ ആയ 'ലോങ് പൈൽ' തുണിത്തരങ്ങളും, ടെറി തുണിത്തരങ്ങളും ഉൾപ്പെടുന്നതുമായ പൈൽ തുണിത്തരങ്ങൾ 6001

| | | |
|---|---|---|
| (ബി) | 6001-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിൽ അല്ലാത്ത 30 സെന്റീ മീറ്റർ കവിയാത്ത വീതിയുള്ള 5%മോ അതിലധികമോ ഇലാസ്റ്റോമെറിക് നൂൽ അടങ്ങിയ ഭാരമുള്ള റബ്ബർ നാരുകളുടെ നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ | 6002 |
| (സി) | 6001 അല്ലെങ്കിൽ 6002 എച്ച്.എസ്.എൻ. ശീർഷകത്തിലേതല്ലാത്ത 30 സെന്റീ മീറ്റർ കവിയാത്ത വീതിയുള്ള നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ | 6003 |
| (ഡി) | 6001-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിലേതല്ലാത്ത അഞ്ച് ശതമാനമോ അതിൽ കൂടുതലോ ഭാരമുള്ള ഇലാസ്റ്റോമെറിക് നൂലോ റബ്ബർ ഇഴയോ അടങ്ങുന്ന 30 സെ. മീറ്റർ കവിയുന്ന നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ | 6004 |
| (ഇ) | 6001-മുതൽ 6004-ാം നമ്പർ വരെയുള്ള എച്ച്.എസ്.എൻ. ശീർഷകത്തിലേതല്ലാത്ത (ഗാലൻ നിറ്റിങ് മെഷീനുകളിൽ ഉണ്ടാക്കിയവ ഉൾപ്പെടുന്ന) റാപ്പ് നിറ്റ് തുണിത്തരങ്ങൾ | 6005 |
| (എഫ്) | നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ മറ്റ് തുണിത്തരങ്ങൾ | 6006"; |

(ii) പതിനാറാമത്തെ ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാൽതന്നെയും, കേരള പ്രിസൺ ആന്റ് കറക്ഷണൽ സർവ്വീസസ് വകുപ്പിലെ തടവുകാർ ഉണ്ടാക്കുന്ന, പാകം ചെയ്ത ആഹാരസാധനങ്ങളെ 2011 ഏപ്രിൽ 1-ാം തീയതി മുതലുള്ള പ്രാബല്യത്തോടെ നികുതിയിൽനിന്നും ഒഴിവാക്കുന്നതാണ്:

എന്നിരുന്നാൽതന്നെയും, സിനിമാറ്റോഗ്രാഫിക് ഫിലിമുകളെ സംബന്ധിച്ച്, (എ) ഖണ്ഡപ്രകാരമുള്ള "പകർപ്പവകാശ"ത്തിന്റെ വില്പന സംബന്ധിച്ച വിറ്റുവരവും (സി) ഖണ്ഡപ്രകാരം ഉപയോഗിക്കാനുള്ള അവകാശത്തിന്റെ കൈമാറ്റവും ഒഴിവാക്കപ്പെടുന്നതാണ്:

എന്നിരുന്നാൽ തന്നെയും, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ, സ്റ്റെയറോഫോം കൊണ്ടുണ്ടാക്കിയ ഡിസ്പോസിബിൾ പ്ലേറ്റുകളുടെയും, കപ്പുകളുടെയും വിൽപ്പനയിന്മേലുള്ള നികുതി നിരക്ക് അഞ്ച് ശതമാനമായിരിക്കുന്നതാണ്.'';

(ബി) (7)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ, താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

വിശദീകരണം:—ഈ ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികളിൽ, അടിസ്ഥാന കെട്ടിട നിർമ്മാണ സാമഗ്രികളും കെട്ടിടം ഫലപ്രദമായ രീതിയിൽ ഉപയോഗ്യമാക്കുകയും, പ്രസ്തുത യൂണിറ്റിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ആശ്രയിച്ച് യൂണിറ്റ് ഫലപ്രദമായി ഉപയോഗിക്കുവാൻ സാധ്യമാക്കുകയും ചെയ്യുവാൻ അവശ്യമായ മറ്റു സാധനങ്ങളും ഉൾപ്പെടുന്നതാകുന്നു.

(2) 8-ാം വകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''കരാർപണിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും ചരക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നോ രാജ്യത്ത് നിന്നോ സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുകയും 1956-ലെ കേന്ദ്ര വിൽപ്പനനികുതി ആക്റ്റിലെ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും കരാർ ജോലിക്കാരന്, ഇന്റീരിയർ ഡെക്കറേഷനും ഫർണിഷിംഗ് കരാറുകളും ഇലക്ട്രിക്കൽ റഫ്രിജറേഷൻ അല്ലെങ്കിൽ എയർകണ്ടീഷനിംഗ് കരാറുകൾ, അല്ലെങ്കിൽ പ്ലാന്റുകൾ, യന്ത്രങ്ങൾ, റോളിംഗ് ഷട്ടറുകൾ, ക്രെയിനുകൾ, ഹോയിസ്റ്റുകൾ, എലിവേറ്ററുകൾ അല്ലെങ്കിൽ ലിഫ്റ്റുകൾ, എസ്കലേറ്ററുകൾ, ജനറേറ്ററുകൾ, ജനറേറ്റിംഗ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഭാരം തുക്കി നോക്കുന്ന യന്ത്രങ്ങൾ, എയർകണ്ടീഷനറുകളും എയർകൂളറുകളും ഡീപ് ഫ്രീസറുകൾ എന്നിവയുടെ വിതരണവും സ്ഥാപിക്കലും എന്നിവയുടെ കരാർ ജോലിയോ ബ്രിക്ക് ടൈലുകൾ, സ്ലാബുകൾ, മാർബിൾ ഉൾപ്പെടെയുള്ള സ്റ്റോണുകൾ എന്നിവ ഒഴികെ എല്ലാത്തരത്തിലുമുള്ള ടൈലുകൾ എന്നിവ പാകുന്നതിനുള്ള കരാറുകളോ ഒഴികെ, അയാൾ ഏറ്റെടുക്കുന്ന എല്ലാ കരാർ ജോലികൾക്കും, അയാളുടെ ഇച്ഛാനുസരണം, 6-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കനുസൃതമായി നികുതി നൽകുന്നതിന് പകരം മൊത്തം കരാർത്തുകയുടെ ഏഴ് ശതമാനം നിരക്കിൽ നികുതി നൽകാവുന്നതാണ്:

എന്നാൽ കേരള സർക്കാരോ, കേരള ജല അതോറിറ്റിയോ, തദ്ദേശ അധികാരസ്ഥാനങ്ങളോ നൽകിയ കരാർ ജോലികളെ സംബന്ധിച്ച് അങ്ങനെയുള്ള കരാർ ജോലിക്കാരൻ ഈ ഉപഖണ്ഡത്തിൻ കീഴിൽ നല്കേണ്ടതായ കോമ്പൗണ്ട് ചെയ്ത നികുതി 6-ാം വകുപ്പിലെ കരാർ തുകയുടെ അഞ്ച് ശതമാനമായിരിക്കുന്നതാണ്.";

(ii)) (ii)-ാം ഉപഖണ്ഡത്തിൽ,—

(എ) രണ്ടാമത്തെ ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ഒരു വർഷത്തിൽ കേരള സർക്കാരോ, കേരള ജല അതോറിറ്റിയോ, തദ്ദേശ അധികാരസ്ഥാനങ്ങളോ അയാൾക്ക് നൽകിയിട്ടുള്ള എല്ലാ ജോലികളെ സംബന്ധിച്ചും ഈ ഖണ്ഡത്തിന് അനുസൃതമായി കോമ്പൗണ്ട് ചെയ്ത നിരക്കിൽ നികുതി നൽകാൻ ഉദ്ദേശിക്കുന്ന ഒരു കരാർ ജോലിക്കാരന്, ഓരോ പ്രത്യേക ജോലിക്കും കോമ്പൗണ്ട് ചെയ്യുന്നതിനുള്ള പ്രത്യേക അപേക്ഷ നൽകുന്നതിനുപകരം, അർഹതയ്ക്ക് വിധേയമായി, ഓപ്ഷൻ സംബന്ധിച്ച് വർഷത്തിന്റെ ഏപ്രിൽ 30-ാം തീയതിക്കുമുമ്പായി ഈ ഖണ്ഡത്തിൻ കീഴിൽ നികുതി നൽകുന്നതിനുള്ള ഒരു സിംഗിൾ ഓപ്ഷൻ ഫയൽ ചെയ്യാവുന്നതാണ്.";

(ബി) 3-ാം ക്ലിപ്ത നിബന്ധനയിൽ, "നികുതി നൽകുന്നത് തുടരാവുന്നതാണ്" എന്ന വാക്കുകൾക്കുശേഷം താഴെ പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"കേരള സർക്കാർ, കേരള ജല അതോറിറ്റി, തദ്ദേശ അധികാരസ്ഥാനങ്ങൾ എന്നിവ നൽകിയിട്ടുള്ള കരാർ ജോലികളെ സംബന്ധിച്ച് 2016 മാർച്ച് 31-ാം തീയതി വരെ നികുതി നൽകുന്നത് തുടരാവുന്നതാണ്.";

(സി) മൂന്നാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാൽ തന്നെയും, അർഹതയ്ക്ക് വിധേയമായി, ഈ ഖണ്ഡത്തിൻ കീഴിൽ ഒരിക്കൽ കോമ്പൗണ്ട് ചെയ്യപ്പെട്ട ഒരു ജോലി അങ്ങനെയുള്ള ഒരു ജോലി അവസാനിക്കുന്നതുവരെ കോമ്പൗണ്ട് ചെയ്യപ്പെട്ടതായി തുടരുന്നതാണ്.";

(ഡി) വിശദീകരണം.—3-ൽ, "ഈ ഉപഖണ്ഡത്തിൽ" എന്ന വാക്കിനുപകരം "(i)-ാം ഉപഖണ്ഡത്തിൽ" എന്ന വാക്കും അക്കവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) എഫ് ഖണ്ഡത്തിലെ (v)-ാം ഉപഖണ്ഡത്തിൽ, "(ii)-ാം ഉപഖണ്ഡ പ്രകാരമുള്ള" എന്ന വാക്കുകൾക്ക് പകരം "(iv)-ാം ഉപഖണ്ഡപ്രകാരമുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) 9-ാം വകുപ്പിലെ നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) വ്യാപാരി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാട് നിഷേധിക്കൽ, നികുതി തിട്ടപ്പെടുത്തുന്ന, അധികാരസ്ഥനോ കമ്മീഷണറോ നൽകിയിട്ടുള്ള യൂസർ ഐഡന്റിഫിക്കേഷൻ നെയിമും പാസ്സ് വേഡും ഉപയോഗിച്ച് വാണിജ്യനികുതി വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഈ ആക്റ്റ് പ്രകാരം വ്യാപാരി നൽകിയിട്ടുള്ള റിട്ടേണുകൾ, അപേക്ഷകൾ, പ്രഖ്യാപനങ്ങൾ, ഡെലിവറി നോട്ടുകൾ, മറ്റ് രേഖകൾ മുതലായവയുടെ കൃത്യത എന്നിവ തെളിയിക്കുന്നതിനുള്ള ബാദ്ധ്യത അപ്രകാരമുള്ള വ്യാപാരിയിൽ ആയിരിക്കുന്നതാണ്.";

(4) 11-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയിൽ "2010 സെപ്റ്റംബർ 30 വരെയുള്ള കാലയളവിലേക്ക്" എന്ന വാക്കുകളും അക്ഷരങ്ങളും അക്കങ്ങളും ഒഴിവാക്കേണ്ടതാണ്;

(5) 20എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "കമ്മീഷണർക്ക്" എന്ന വാക്കിനുപകരം "ജില്ലാ ഡെപ്യൂട്ടി കമ്മീഷണർക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(6) 25സി വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"25ഡി. ബേക്കറി വ്യാപാരികൾക്കുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1999-ലെ ട്രേഡ്മാർക്ക് ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്ത ഒരു ബ്രാൻഡ് നെയിമിന്റെ കീഴിൽ ബേക്കറി ഉൽപ്പന്നങ്ങളും മധുര പലഹാരങ്ങളും കൺഫക്ഷണറിയും മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതും 2013-14 സാമ്പത്തികവർഷം

വരെയുള്ള കാലയളവിൽ നിർണ്ണയിക്കപ്പെട്ട നിരക്കിൽ നികുതി അടയ്ക്കാത്തതും, 2016 ജൂൺ 30 വരെ, ഡിഫറൻഷ്യൽ നികുതി അടയ്ക്കുന്നതിന് ഓപ്റ്റ് ചെയ്തതും, ഈ പദ്ധതി പ്രകാരം നികുതി നൽകുവാൻ ഓപ്റ്റ് ചെയ്തതുമായ ഒരു വ്യാപാരി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, പലിശയും അതിന്മേലുള്ള പിഴയും നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്.

25ഇ. ആനുമാനിക നികുതി നൽകുന്ന വ്യാപാരികളുടെ നികുതി നിർണ്ണയവും നികുതി നൽകലും സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥ.— ഈ ആക്റ്റിലോ, അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ, ഏതെങ്കിലും കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ, അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ ഈ ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും നികുതി നിർണ്ണയ ഉത്തരവിലോ, പെനാൽറ്റി ഉത്തരവുകളിലോ എന്തു തന്നെയടങ്ങിയിരുന്നാലും, 6-ാം വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം നികുതി നൽകുന്നതിന് ഓപ്റ്റ് ചെയ്തിട്ടുള്ളതും 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം കണക്കിൽപ്പെടാത്ത വാങ്ങൽ നടത്തിയതായി കണ്ടെത്തിയിട്ടുമുള്ള വ്യാപാരികൾ, അപ്രകാരമുള്ള കണക്കിൽപ്പെടാത്ത വാങ്ങലുകൾക്ക്, പട്ടിക നിരക്കിലുള്ള നികുതിക്കൊപ്പം മൊത്തം ലാഭത്തിന്റെ അഞ്ച് ശതമാനം നൽകി അവരുടെ കേസുകൾ തീർപ്പാക്കാൻ ഓപ്റ്റ് ചെയ്യാവുന്നതും അങ്ങനെ നികുതി അടയ്ക്കുന്നതിന്മേൽ 22-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴയുൾപ്പെടെയുള്ള എല്ലാ പിഴകളും പലിശയും ഒഴിവാക്കപ്പെടുന്നതും, അത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതുമാണ്, അതായത്:—

(എ) ഈ പദ്ധതി ഓപ്റ്റ് ചെയ്യുന്ന ഏതൊരു വ്യാപാരിയും 2016 ഏപ്രിൽ 1-ാം തീയതി മുതൽ ടാക്സ് പേയേഴ്സ് ഐഡന്റിഫിക്കേഷൻ നമ്പർ (ടിൻ) നേടിയിരിക്കേണ്ടതാണ് ;

(ബി) ഏതെങ്കിലും അധികാരസ്ഥാനം മുൻപാകെ തീർപ്പാകാതെ നിലവിലിരിക്കുന്ന എല്ലാ കേസ്സുകളും പിൻവലിക്കേണ്ടതും നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനത്തിന് മുമ്പാകെ അതിനുള്ള തെളിവ് ഹാജരാക്കേണ്ടതുമാണ്;

(സി) അപ്രകാരമുള്ള ഓപ്ഷനും തീർപ്പാക്കലും കണക്കിൽപ്പെടാത്ത വാങ്ങലുകൾ കണ്ടെത്തിയിട്ടുള്ള എല്ലാ സാമ്പത്തിക വർഷങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കേണ്ടതാണ്;

(ഡി) വ്യക്തമാക്കാവുന്ന പ്രകാരമുള്ള കൂടുതൽ വ്യവസ്ഥകൾ;

എന്നാൽ, 6-ാം വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം, നികുതി നൽകാൻ ഓപ്റ്റ് ചെയ്തിട്ടുള്ളതും 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥൻ, കണക്കിൽപ്പെടാത്ത വാങ്ങലുകൾ നടത്തിയതായി കണ്ടെത്തിയിട്ടില്ലാത്ത വ്യാപാരികൾക്കും, അവരുടെ കണക്കിൽപ്പെടാത്ത വാങ്ങലുകൾ സ്വയം പ്രഖ്യാപിക്കാവുന്നതും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പദ്ധതി ഓപ്റ്റ് ചെയ്യാവുന്നതും, അപ്രകാരം ചെയ്യുമ്പോൾ, അത് സംബന്ധിച്ച് അപ്രകാരമുള്ള വ്യാപാരികൾക്ക് എതിരായി ഈ ആക്റ്റ് പ്രകാരമുള്ള യാതൊരു നടപടികളും ആരംഭിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ കേസ്സുകൾ തീർപ്പാക്കുന്നതിനായി പദ്ധതി പ്രഖ്യാപിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം മുൻപാകെ ഓപ്ഷൻ ഫയൽ ചെയ്യേണ്ടതാണ്:

എന്നാൽ (1)ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം കണക്കിൽപ്പെടാത്ത വാങ്ങലുകൾ കണ്ടെത്തിയത് സംബന്ധിച്ച് യാതൊരു നോട്ടീസോ ഉത്തരവോ പുറപ്പെടുവിക്കാത്ത സംഗതികളിൽ, ഈ പദ്ധതി പ്രകാരം ഓപ്ഷൻ ഫയൽ ചെയ്യുന്നതിന് വ്യാപാരിയെ സാധ്യമാക്കുംവിധം, അയാൾക്ക് എതിരെ നിലവിലുള്ള കേസ്സുകളെ സംബന്ധിച്ചുള്ള അറിയിപ്പ് നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം അയാൾക്ക് നൽകേണ്ടതാണ്.

(3) ഓപ്ഷൻ ലഭിക്കുന്നതിന്മേൽ, നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം, ഒരു ഉത്തരവ് മുഖേന, അയാൾക്ക് മുൻപാകെയുള്ള തെളിവിന്റെ വിശദാംശങ്ങളും (1)-ാം ഉപവകുപ്പിന് അനുസൃതമായി കണക്കാക്കപ്പെട്ടിട്ടുള്ള, നൽകേണ്ടതായ നികുതി തുകയും, അറിയിക്കേണ്ടതാണ്.

(4) തുകയുടെ മുപ്പതു ശതമാനം (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് ലഭിച്ചത് മുതൽ പതിനാല് ദിവസത്തിനകം നൽകേണ്ടതും ശേഷിക്കുന്ന തുക, തന്റെ ഇഷ്ടാനുസരണം, പന്ത്രണ്ട് തുല്യ മാസത്തവണകളായോ ഒന്നിച്ചോ നൽകേണ്ടതും, ഈ വകുപ്പ് പ്രകാരം തുക നൽകേണ്ട അവസാന തീയതി പന്ത്രണ്ടാമത്തെ ഗഡു നൽകുന്ന തീയതി ആയിരിക്കുന്നതുമാണ്.

(5) ഈ വകുപ്പിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ നൽകിയിട്ടുള്ള നോട്ടീസിനോ ഭംഗം വരാതെ, കമ്മീഷണർക്ക് നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് അപ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(6) ഈ വകുപ്പുപ്രകാരം ഒരു വ്യാപാരി തീർപ്പാക്കിയ കണക്കിൽപ്പെടാത്ത വാങ്ങലുകളെ സംബന്ധിച്ചോ അപ്രകാരമുള്ള കണക്കിൽപ്പെടാത്ത വാങ്ങലുകളുടെ ഫലമായി ഉണ്ടായ മറ്റുക്രമക്കേടുകളെ സംബന്ധിച്ചോ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരമുള്ള യാതൊരു തുടർനടപടിയും എടുക്കുവാൻ പാടില്ലാത്തതും, ഈ വകുപ്പു പ്രകാരം അപ്രകാരം തീർപ്പാക്കിയ തുക സംബന്ധിച്ച് യാതൊരു അപ്പീലോ റിവിഷനോ നിലനിൽക്കുന്നതല്ലാത്തതുമാകുന്നു.'';

(7) 40-ാം വകുപ്പിൽ, രണ്ടാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നിരുന്നാലും, മുൻവർഷത്തെ മൊത്തം വിറ്റുവരവ് അഞ്ച് കോടി രൂപയിൽ കവിഞ്ഞ ഓരോ വ്യാപാരിയും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായും കേരള മൂല്യവർദ്ധിത നികുതി ഇൻഫർമേഷൻ സിസ്റ്റത്തിൽ, വ്യാപാരിയുടെ പോർട്ടൽ മുഖേന, റിയൽ ടൈം ബേസിസിൽ ഓരോ വില്പന സംബന്ധിച്ചുമുള്ള ബില്ലോ, ഇൻവോയ്സോ, ക്യാഷ് മെമ്മോറാണ്ടമോ അപ് ലോഡ് ചെയ്യേണ്ടതാണ്.'';

(8) 42-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ, രണ്ടാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നിരുന്നാലും, 20-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം പ്രത്യേക രജിസ്ട്രേഷൻ നേടിയിട്ടുള്ള കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ യൂണിറ്റുകളെ സംബന്ധിച്ച്, ഓഡിറ്റ് ചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റും, കമ്പനിയുടെ സർട്ടിഫിക്കറ്റും സഹിതം അപ്രകാരമുള്ള ഓരോ യൂണിറ്റിനും ട്രയൽ ബാലൻസ് ഫയൽ ചെയ്യേണ്ടതാണ്.'';

(9) 46-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൽ, (ഇ) ഖണ്ഡത്തിന് ശേഷം താഴെപറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(എഫ്) കടൽമാർഗ്ഗമോ, വിമാനമാർഗ്ഗമോ അല്ലെങ്കിൽ റെയിൽ മാർഗ്ഗമോ ചരക്കുകൾ സംസ്ഥാനത്തിന് പുറത്തേക്ക് കടത്തിക്കൊണ്ടു പോകുമ്പോൾ, അപ്രകാരമുള്ള വ്യാപാരിയോ ആളോ അയാളുടെ ഏജന്റുമാരോ, ഏത് പേരിൽ വിളിക്കപ്പെട്ടാലും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള അധികാരസ്ഥാനം മുമ്പാകെയും ഒരു പ്രഖ്യാപനം നൽകേണ്ടതാണ്.'';

(10) 47-ാം വകുപ്പ്, (11)-ാം ഉപവകുപ്പിൽ, "(9)-ാം ഉപവകുപ്പ് പ്രകാരം പിടിച്ചെടുത്ത ചരക്കുകൾ" എന്ന വാക്കുകൾക്കും, അക്കത്തിനും, ബ്രാക്കറ്റുകൾക്കും ശേഷം "കണ്ടു കെട്ടേണ്ടതും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(11) 48-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "നൂറു രൂപയുടെ" എന്ന വാക്കുകൾക്ക് പകരം "ഇരുന്നൂറ്റി അമ്പത് രൂപയുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(12) 55-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൽ നിലവിലെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, പിരിച്ചെടുത്ത നികുതി ഏതെങ്കിലുമുണ്ടെങ്കിൽ അതിനോടൊപ്പം തർക്കത്തിലുള്ള നികുതിത്തുകയുടെ 20 ശതമാനം ഒരു അപ്പീൽവാദി അടയ്ക്കുന്നിടത്ത്, അപ്പീൽ തീർപ്പാക്കുന്നതുവരെ, ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്റ്റേ ചെയ്യപ്പെടുന്നതാണ്.";

(13) 58-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"58എ. ആക്റ്റിലെ 55-ാം വകുപ്പ് പ്രകാരം ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) പുറപ്പെടുവിച്ചിട്ടുള്ള ഒരു ഉത്തരവിന്മേൽ കമ്മീഷണർക്ക് സ്വമേധയാ റിവിഷന് ഉള്ള അധികാരങ്ങൾ.—(1) 3-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, കമ്മീഷണർക്കോ ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ജോയിന്റ് കമ്മീഷണർക്കോ, റവന്യൂ താത്പര്യങ്ങൾക്ക് ദോഷകരമെന്ന് അദ്ദേഹത്തിന് അഭിപ്രായമുള്ളതും 55-ാം വകുപ്പിൻകീഴിൽ, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) പുറപ്പെടുവിച്ചിട്ടുള്ളതുമായ ഏതൊരു ഉത്തരവും, അതോടൊപ്പമുള്ള രേഖകൾ സഹിതം സ്വമേധയാ വിളിച്ചുവരുത്താവുന്നതും പരിശോധിക്കാവുന്നതും അപ്രകാരമുള്ള അന്വേഷണം നടത്താവുന്നതും അല്ലെങ്കിൽ അപ്രകാരമുള്ള അന്വേഷണം നടത്താൻ ഇടയാക്കാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഒരുഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(2) കമ്മീഷണറോ ജോയിന്റ് കമ്മീഷണറോ,—

(എ) ഉത്തരവിനെതിരെ അപ്പീൽ നൽകുന്നതിനുള്ള സമയപരിധി അവസാനിച്ചിട്ടില്ലെങ്കിലോ;

(ബി) അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയുള്ള ഒരു അപ്പീലിലോ ഹൈക്കോടതി മുൻപാകെയുള്ള ഒരു റിവിഷനിലോ ഉത്തരവ് വിഷയമാണെങ്കിലോ;

(സി) അതിൽ പരാമർശിച്ച ഉത്തരവ് പുറപ്പെടുവിച്ച വർഷംമുതൽ ഒരു വർഷത്തിൽ കൂടതൽ അധികരിച്ചിട്ടുണ്ടെങ്കിലോ,—

(1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഉത്തരവും പാസ്സാക്കുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു അപ്പീലിലോ റിവിഷനിലോ തീരുമാനമെടുക്കാത്ത ഏതെങ്കിലും വിഷയത്തിന്മേൽ അപ്രകാരമുള്ള അപ്പീലിലോ റിവിഷനിലോ ഉള്ള ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷക്കാലയളവ് അവസാനിക്കുന്നതിനോ മുമ്പായി കമ്മീഷണർക്ക് ഒരു ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(4) ഒരു ആളിന് പ്രതികൂലമായി ബാധിക്കുന്ന യാതൊരു ഉത്തരവും, പ്രസ്തുത ആളിന് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാത്തപക്ഷം ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.";

(14) 62-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "58-ാം വകുപ്പ് പ്രകാരമോ" എന്ന വാക്കിനും അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "58-ാം വകുപ്പ്, 58 എ വകുപ്പ് എന്നീ വകുപ്പുകൾ പ്രകാരമോ" എന്ന വാക്കുകളും, അക്കങ്ങളും അക്ഷരവും അടയാളവും ചേർക്കേണ്ടതാണ്.";

(15) 88-ാം വകുപ്പിലെ (ഇ) ഇനത്തിൽ "അയയ്ക്കുകയാണെങ്കിൽ" എന്ന വാക്കിന് പകരം താഴെ പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"അയയ്ക്കുകയാണെങ്കിലോ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള ഫോൺ നമ്പറിലേക്കുള്ള ഷോർട്ട് മെസ്സേജ് സർവ്വീസ് (എസ്.എം.എസ്.) മുഖേനയുള്ള അറിയിപ്പ് സഹിതം കേരള വാല്യൂ ആഡഡ് ടാക്സ് ഇൻഫർമേഷൻ സിസ്റ്റത്തിലെ (KVATIS) രജിസ്റ്റർ ചെയ്യപ്പെട്ട വ്യാപാരിയുടെ പോർട്ടൽ മുഖേന അയയ്ക്കുകയാണെങ്കിലോ.";

(16) പട്ടികകളിൽ,—

(എ) ഒന്നാം പട്ടികയിൽ,—

(i) ക്രമനമ്പർ 2-ൽ, (9)-ാം ഉപ-ഇനത്തിനുശേഷം, താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "(10) | ബ്രെയ്‌ലി പ്രിന്റർ | *** |
| (11) | കാഴ്ചശക്തി കുറഞ്ഞ വ്യക്തികൾക്കുള്ള സഹായ സംവിധാനങ്ങളായ വൈറ്റ് കെയിനും ഇലക്ട്രിക് കെയിനും | ***"; |

(ii) ക്രമനമ്പർ 9എ-യിൽ,—

(എ) അതിനെതിരെ (2)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, താഴെപ്പറയുന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ്, അതായത്:—

"എം. എസ്സ്-റോഡും എം. എസ്സ്-ഫ്ളാറ്റോടും കൂടിയതോ അല്ലാത്തതോ.";

(ബി) താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്,അതായത്:—

"കുറിപ്പ്:— ഈ ഉൾക്കുറിപ്പ് 2005 ഏപ്രിൽ 1-ാം തീയതിയിലും അന്നു മുതലും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്";

(iii) ക്രമനമ്പർ 11എ-യ്ക്കും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം താഴെപ്പറയുന്ന ക്രമനമ്പരും, ഉൾക്കുറിപ്പുകളും, യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"11ബി. കേരള കാർഷിക സർവ്വകലാശാലയോ മറ്റ് അംഗീകൃത സ്ഥാപനമോ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ ഉപയോഗിച്ച് പച്ചക്കറികളിലെ കീടനാശിനികളുടെ അംശം നീക്കം ചെയ്യുന്നതിന് യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ക്ളീനിംഗ് ലിക്വിഡുകൾ.";

(iv) ക്രമനമ്പർ 12ബി-യും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(v) ക്രമനമ്പർ 16-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

"16. കളിമണ്ണിൽ നിന്നുമുണ്ടാക്കിയ പൂച്ചട്ടികൾ, റിസപ്റ്റക്കൾസ്, പ്രതിമകൾ, മണ്ണ് കൊണ്ടുള്ള അടുപ്പ് ഉൾപ്പെടെയുള്ള കളിമൺപാത്രങ്ങൾ.";

(vi) ക്രമനമ്പർ 18 എ-യിൽ,—

(എ) ശീർഷകത്തിൽ താഴെ പറയുന്ന വാക്കുകൾ ആദ്യം ചേർക്കേണ്ടതാണ്, അതായത്:—

"മൂന്നാം പട്ടികയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതൊഴികെയുള്ള";

(ബി) (1)-ാം ഉപ-ഇനത്തിലെ (3)-ാം കോളത്തിലെ ഉൾക്കുറിപ്പുകൾ വിട്ടുകളയേണ്ടതാണ്;

(vii) ക്രമനമ്പർ 31-നും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:--

"31എ. മുനിസിപ്പൽ പ്ലാസ്റ്റിക് മാലിന്യം.";

(viii) ക്രമനമ്പർ 42എ-യിൽ, -

(എ) (2)-ാം കോളത്തിലെ ശീർഷകത്തിൽ താഴെപ്പറയുന്ന വാക്കുകൾ ആദ്യം ചേർക്കേണ്ടതാണ്, അതായത്:-

"മൂന്നാം പട്ടികയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതൊഴികെയുള്ള.";

(ബി) (i)-ാം ഉപ-ഇനത്തിലെ ഉൾക്കുറിപ്പ് വിട്ടുകളയേണ്ടതാണ്.

(ix) ക്രമനമ്പർ 42സി-യും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(ബി) രണ്ടാം പട്ടികയിൽ,---

(i) ക്രമനമ്പർ 2ഡി-യും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(ii) 7എ, 8,9,10 എന്നീ ക്രമനമ്പറുകളും അവയ്ക്കെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(സി) മൂന്നാം പട്ടികയിൽ,--

(i) ക്രമനമ്പർ 5എ-യ്ക്കും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:---

"5ബി. 1977-ലെ സ്റ്റാൻഡേർഡ്സ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ് (പാക്കേജ്ഡ് കൊമോഡിറ്റീസ്) ചട്ടങ്ങൾ പ്രകാരം പാക്കേജുകളിൽ എം.ആർ.പി. അച്ചടിച്ചതും പാക്കേജുകളിൽ വിൽക്കുന്നതുമായ ആട്ടയും സൂചിയും റവയും.";

(ii) ക്രമനമ്പർ 8-നും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:

"1977-ലെ സ്റ്റാൻഡേർഡ്സ് ഓഫ് വെയിറ്റ്സ് ആന്റ് മെഷേഴ്സ് (പാക്കേജ്ഡ് കൊമോഡിറ്റീസ്) ചട്ടങ്ങൾ പ്രകാരം പാക്കേജുകളിൽ എം.ആർ.പി. അച്ചടിച്ചതും പാക്കേജുകളിൽ വിൽക്കുന്നതുമായ ബസുമതി അരി.";

(iii) ക്രമനമ്പർ 24-നും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും, യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

24എ വെളിച്ചെണ്ണ ***

(iv) ക്രമനമ്പർ 30എ-യ്ക്കും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"30എ. (1) എയർക്രാഫ്റ്റ്, കപ്പൽ, സ്റ്റീമറിൽ വിളമ്പുന്നതിനുവേണ്ടി ഏതെങ്കിലും എയർലൈൻസ് സർവ്വീസ് കമ്പനിക്കോ, സ്ഥാപനത്തിനോ അല്ലെങ്കിൽ ഷിപ്പിംഗ് കമ്പനിക്കോ നൽകുന്നതോ അല്ലെങ്കിൽ എയർക്രാഫ്റ്റിലും കപ്പലിലും സ്റ്റീമറിലും ഫൈവ് സ്റ്റാർ ഹോട്ടലുകളിലും വിളമ്പിയതോ, ***

(2) റസ്റ്ററന്റുകളിൽ വിൽക്കപ്പെടുന്ന,ബ്രാൻഡ് നെയിമോ അല്ലെങ്കിൽ 1999-ലെ ട്രേഡ് മാർക്ക് ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്ത ട്രേഡ് മാർക്കുള്ളതോ ആയ ബർഗർ പിസ, ടക്കോസ്, ഡൂനട്ട്സ്, സാൻഡ്സ്, ബർഗർ-പാറ്റിസ്, പാസ്ത, ബ്രെഡ്-ഫില്ലിംഗ് മറ്റ് പാകം ചെയ്ത ആഹാര പദാർത്ഥങ്ങൾ എന്നിവ, ഒഴികെയുള്ള പാകം ചെയ്ത ആഹാര പദാർത്ഥങ്ങൾ ***";

(v) ക്രമനമ്പർ 33-ൽ (2)-ാം കോളത്തിലെ ശീർഷകത്തിൽ താഴെപ്പറയുന്ന വാക്കുകൾ ആദ്യം ചേർക്കേണ്ടതാണ്, അതായത്:—

"6-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിന്റെ പട്ടികയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതൊഴികെയുള്ള,";

(vi) ക്രമനമ്പർ 69-ൽ (29)-ാം ഇനത്തിൽ, (ജി) ഉപ-ഇനത്തിനും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം, താഴെപ്പറയുന്ന ഉപ-ഇനവും, ഉൾക്കുറിപ്പുകളും,കുറിപ്പും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

(ജിഎ) മൊബൈൽ ഫോണിനൊപ്പം വിൽക്കപ്പെടുന്ന സീൽ ചെയ്ത കവറിലുള്ള മൊബൈൽ ഫോൺ ചാർജർ ***

കുറിപ്പ്:—ഈ ഉൾക്കുറിപ്പ് 2005 ഏപ്രിൽ 1-ാം തീയതിയിലും അന്നുമുതലും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.";

(vii) ക്രമനമ്പർ 86ബി-യും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും, വിട്ടുകളയേണ്ടതാണ്;

(viii) ക്രമനമ്പർ 109എ-യ്ക്കും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും, യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"109 ബി റൈസ് ബ്രാൻ ഓയിൽ";

(ix) ക്രമനമ്പർ 141എ-യ്ക്കും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും, യഥാക്രമം ചേർക്കേണ്ടതാണ്, അതായത:—

| | | |
|---|---|---|
| "141 ബി | വെളിച്ചെണ്ണ ഉപയോഗിച്ച് നിർമ്മിക്കുന്ന അലക്ക് സോപ്പ് ബാറുകളും കട്ടകളും | *** |
| 141 സി | പ്രൈമറി സെല്ലുകളുടെയും, പ്രൈമറി ബാറ്ററികളുടെയും, ഇലക്ട്രിക് അക്യുമലേറ്ററുകളുടെയും, പ്രയോജനമില്ലാത്ത വസ്തുക്കളും അവശിഷ്ടവും; ഉപയോഗിച്ച പ്രൈമറി സെല്ലുകൾ ഉപയോഗിച്ച ഇലക്ട്രിക് അക്യുമലേറ്ററുകൾ; യന്ത്ര സംവിധാനങ്ങളുടെയും, പരീക്ഷണ സാമഗ്രികളുടെയും ഇലക്ട്രിക് ഭാഗങ്ങൾ | 8548."; |

# 1985-ലെ താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ എല്ലാ വ്യവസ്ഥകൾക്കും ഈ ബിൽ അവതരിപ്പിച്ച തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കേണ്ടത് പൊതുതാൽപ്പര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചു കൊള്ളുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2016-2017-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ 238, 248 മുതൽ 255 വരെയും 257 മുതൽ 260 വരെയും 262 മുതൽ 267 വരെയും, 269, 271, 272, 277 മുതൽ 280 വരെയും, 284 മുതൽ 292 വരെയും 294 മുതൽ 304 വരെയും ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ള 2016-17 സാമ്പത്തികവർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി താഴെ പറയുന്ന ആക്റ്റുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ, അതായത്:—

1. 1957-ലെ കേരള നികുതികളിന്മേലുള്ള സർച്ചാർജ് ആക്റ്റ് (1957-ലെ 11)
2. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17)
3. 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് (1960-ലെ 10)
4. 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റ് (1963-ലെ 15)
5. 1976-ലെ കേരള മോട്ടോർവാഹന നികുതി ചുമത്തൽ ആക്റ്റ് (1976-ലെ 19)
6. 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റ് (1976-ലെ 32)
7. 1991-ലെ കേരള കാർഷിക ആദായ നികുതി ആക്റ്റ് (1991-ലെ 15)
8. 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30)

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡപ്രകാരം 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17) പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 28ബി വകുപ്പ്, കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഒരു ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിന്, ക്ഷമതയുള്ള ഒരു അധികാരസ്ഥാനത്തെ ഒരു ഗസറ്റ് വിജ്ഞാപനം വഴി അധികാരപ്പെടുത്തുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 6-ാം ഖണ്ഡം (4)-ാം ഉപഖണ്ഡപ്രകാരം 1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റിൽ (1976-ലെ 19), പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന 'ഹരിത നികുതി' മുൻകൂറായി നൽകുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 6-ാം ഖണ്ഡം (5)-ാം ഉപഖണ്ഡപ്രകാരം 1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റിൻ, പകരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകൾ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ സഹിതം നൽകേണ്ട ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 9-ാം ഖണ്ഡം (6)-ാം ഉപഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30), 25ഡി എന്ന പുതിയ വകുപ്പ്, 1999-ലെ ട്രേഡ് മാർക്ക് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത ബ്രാൻഡ് നെയിമിന്റെ കീഴിൽ, ബേക്കറി ഉൽപ്പന്നങ്ങളും മധുരപലഹാരങ്ങളും കൺഫക്ഷനറിയും മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതും ഈ പദ്ധതി പ്രകാരം നികുതി നൽകുവാൻ ഓപ്റ്റ് ചെയ്തതുമായ ഒരു വ്യാപാരിയെ ഏതൊക്കെ നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, പലിശയും അതിന്മേലുള്ള പിഴയും നൽകുന്നതിൽ നിന്നും ഒഴിവാക്കാമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 9-ാം ഖണ്ഡത്തിലെ (7)-ാം ഉപഖണ്ഡപ്രകാരം പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30) 40-ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധന, വിറ്റുവരവ് അഞ്ച് കോടി രൂപയിൽ കവിയുന്ന ഓരോ വ്യാപാരിയും ഏതൊക്കെ നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ബില്ലോ, ഇൻവോയിസോ, ക്യാഷ് മെമ്മോറാണ്ടമോ, അപ്‌ലോഡ് ചെയ്യേണ്ടതെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 9-ാം ഖണ്ഡം (9)-ാം ഉപഖണ്ഡപ്രകാരം 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ (2003-ലെ 30), പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 46-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡം കടൽമാർഗ്ഗമോ, വിമാനമാർഗ്ഗമോ, റെയിൽമാർഗ്ഗമോ ചരക്കുകൾ കടത്തിക്കൊണ്ടുപോകുന്ന വ്യാപാരികൾ പ്രഖ്യാപനം നൽകേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ ഭരണപരമോ, സാധാരണമോ ആയ സ്വഭാവത്തോടുകൂടിയതോ നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആകുന്നു. കൂടാതെ ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്

(ശരിത്തർജ്ജമ)

# 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1957-ലെ 11)

** ** ** **

3. വിക്രയനികുതികളിൻമേലും ക്രയനികുതികളിൻമേലും സർചാർജ്ജ് ചുമത്തൽ.—(1) 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം, ഒരു വിദേശ മദ്യവ്യാപാരി നൽകേണ്ടതായ നികുതി പത്തുശതമാനം നിരക്കിലുള്ള സർചാർജ്ജ് ചേർത്ത് വർദ്ധിപ്പിക്കേണ്ടതും, 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് പ്രകാരം നൽകേണ്ടതായ നികുതിയുടെ കാര്യത്തിലെന്നപോലെ പ്രസ്തുത സർചാർജ്ജിനെ സംബന്ധിച്ചും പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമാണ്.

(1എ) 1956-ലെ കേന്ദ്ര വില്പന നികുതി ആക്റ്റിലെ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) 14-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള പ്രഖ്യാപിത സാധനങ്ങളൊഴികെ, 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30) 6-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകേണ്ടതായ നികുതിയിൽ, സംസ്ഥാനത്ത് ചില്ലറ വ്യാപാര ശൃംഖലയായോ നേരിട്ടുള്ള വിപണന ശൃംഖലയായോ പ്രവർത്തിക്കുന്ന, സംസ്ഥാനത്തിന് അല്ലെങ്കിൽ രാജ്യത്തിന് പുറത്തുനിന്ന് സ്റ്റോക്കിന്റെ അൻപത് ശതമാനത്തിൽ കുറയാതെ ഇറക്കുമതി ചെയ്യുന്ന നാഷണൽ അല്ലെങ്കിൽ മൾട്ടി നാഷണൽ കമ്പനികളുടെയും എഴുപത്തിയഞ്ച് ശതമാനത്തിൽ കുറയാത്ത ചില്ലറ വ്യാപാരം നടത്തുന്നവരുടെയും, വർഷത്തിൽ മൊത്ത വിറ്റുവരവ് അഞ്ച് കോടി രൂപയിൽ കവിയുന്നവരുടെയും, എന്നാൽ സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന ചില ചരക്കുകളുടെ വിഭാഗത്തിലുള്ള വ്യാപാരികൾക്കൊഴികെ, സംഗതിയിൽ സർചാർജ്ജ് പത്ത് ശതമാനം എന്ന നിരക്കിൽ വർദ്ധിപ്പിക്കേണ്ടതും, 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30) പ്രകാരം നൽകേണ്ടതായ നികുതിയുടെ കാര്യത്തിലെന്നപോലെ പ്രസ്തുത സർചാർജ്ജിനെ സംബന്ധിച്ചും, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

വിശദീകരണം I.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി വിപുലമായ ചില്ലറ വ്യാപാരശൃംഖലയും നേരിട്ടുള്ള വിപണനശൃംഖലയും എന്നാൽ ഒരു രജിസ്റ്റർ ചെയ്ത വ്യാപാര പേരിലോ വാണിജ്യ പേരിലോ ഫ്രാഞ്ചൈസ് കരാർ മുഖേനയോ മറ്റുവിധത്തിലോ ക്രമീകരിച്ച വിൽപ്പനയും വാങ്ങലും പ്രോത്സാഹന പ്രവർത്തനങ്ങളും പങ്കുവെയ്ക്കുന്ന കമ്പനികളുടെ ചില്ലറ വ്യാപാര ഔട്ട്ലെറ്റുകളോ ചില്ലറ വ്യാപാര ഔട്ട്ലെറ്റുകളുടെ ഭാഗമോ എന്നർത്ഥമാകുന്നു.

വിശദീകരണം II.— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി 'ചില്ലറ വ്യാപാരം' എന്നാൽ രജിസ്റ്റർ ചെയ്ത വ്യാപാരികൾ ഒഴികെയുള്ള ആളുകൾക്ക് നടത്തുന്ന വിൽപ്പന എന്നർത്ഥമാകുന്നു.

(2) 1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്റ്റിന്റെ 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിലും 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ 30-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലും എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ഉം (1എ)-യും ഉപവകുപ്പുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള യാതൊരു വ്യാപാരിക്കും, പ്രസ്തുത ഉപവകുപ്പുകൾ പ്രകാരം നൽകേണ്ടതായ സർചാർജ്ജ് ഈടാക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(3) (1)-ഉം (1എ)-ഉം ഉപവകുപ്പുകൾ പ്രകാരം കൊടുക്കേണ്ടതായ സർചാർജ്ജ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി പിരിക്കുന്ന ഏതൊരു വ്യാപാരിക്കും ആയിരം രൂപയോളം വരാവുന്ന പിഴനൽകി ശിക്ഷിക്കേണ്ടതും, അപ്രകാരമുള്ള യാതൊരു കുറ്റവും ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ പദവിയിൽ താഴെയല്ലാത്ത യാതൊരു കോടതിയിലും വിചാരണ ചെയ്യാൻ പാടില്ലാത്തതാണ്.

** ** ** **

# 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1959-ലെ 17)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(എ) "ബോണ്ട് (കടപ്പത്രം)" എന്നതിൽ—

(i) നിർണ്ണയിക്കപ്പെട്ട ഒരു പ്രവൃത്തി അതതു സംഗതിപോലെ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്താൽ ബാദ്ധ്യത ഒഴിഞ്ഞുപോകുമെന്നുള്ള നിശ്ചയത്തിൻമേൽ ഒരാൾ മറ്റൊരാൾക്ക് പണം കൊടുക്കാൻതന്നെ നിബദ്ധനാക്കുന്ന വല്ല കരണവും;

(ii) ഒരു സാക്ഷി ഒപ്പിട്ടിരിക്കുന്നതും വരുതിപ്പടിക്കോ കൊണ്ടുചെല്ലുന്ന ആൾക്കോ പണം കൊടുത്തു കൂടാത്തതുമായി ഒരാൾ മറ്റൊരാൾക്കു പണം കൊടുക്കാൻ തന്നെ നിബന്ധനാക്കുന്ന വല്ല കരണവും;

(iii) അങ്ങനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതും, ഒരാൾ മറ്റൊരാൾക്ക് ധാന്യമാകട്ടെ മറ്റു കാർഷികവിളവാകട്ടെ കൊടുക്കാൻതന്നെ നിബദ്ധനാക്കുന്നതുമായ വല്ല കരണവും ഉൾപ്പെടുന്നതാകുന്നു;

** ** ** **

(എൽ) "പാട്ടച്ചാർത്ത് " എന്നതിന് ഇളകാത്ത മുതലിന്റെ ഒരു പാട്ടച്ചാർത്ത് എന്നർത്ഥമാകുന്നു, അതിൽ—

(i) മാരായപ്പാട്ടവും,

(ii) കാണപ്പാട്ടവും,

(iii) ഇളകാത്ത മുതൽ കൃഷിചെയ്യാനോ, കൈവശം വയ്ക്കാനോ, അതിനു പാട്ടം അടയ്ക്കാനോ കൊടുക്കാനോ ഏൽക്കുന്ന രേഖാമൂലമായ ഒരു ഉടമ്പടിയോ മറ്റു കരാറോ അതും, (എന്നാൽ അത് ഒരു എതിർപാട്ടചാർത്തല്ലാതിരിക്കണം),

(iv) അബ്കാരി കുത്തകക്കാരും, അവീൻ കുത്തകക്കാരും എഴുതി ഒപ്പിട്ടുകൊടുക്കുന്ന ഉടമ്പടിയോ മറ്റു കരാറോ അതും,

(V) വല്ലവിധ ചുങ്കങ്ങളും കുത്തകയ്ക്ക് കൊടുക്കുന്നതായ വല്ല കരണവും,

(vi) പാട്ടച്ചാർത്തിനുള്ള ഒരു അപേക്ഷയിന്മേൽ, അപേക്ഷ സമ്മതിച്ചിരിക്കുന്നുവെന്ന് കാണിക്കുവാനുള്ള വിചാരത്തോടെ എഴുതുന്ന വല്ല എഴുത്തും,

(vii) ഒരു പട്ടയവും, ഉൾപ്പെടുന്നതുമാകുന്നു.

** ** ** **

28എ. ഭൂമിയുടെ ന്യായവില നിജപ്പെടുത്തൽ.—(1) ഭൂമിയെ സംബന്ധിച്ച കരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്രവില നിർണ്ണയിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർ, തന്റെ അധികാരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഭൂമിക്ക് സർക്കാർ ഇതുസംബന്ധിച്ചുണ്ടാക്കിയ ചട്ടങ്ങൾക്കുവിധേയമായി, ന്യായവില നിജപ്പെടുത്തേണ്ടതാണ്.

** ** ** **

"(5) (1ബി) ഉപവകുപ്പ് പ്രകാരം ഭൂമിയുടെ വർദ്ധിപ്പിച്ച ന്യായവില പ്രസിദ്ധീകരിച്ചതിനുശേഷം (4)-ാം ഉപവകുപ്പിൻകീഴിലെ ഒരു അപ്പീലിൻമേൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിൽ സങ്കടമുള്ള ഏതൊരാൾക്കും (1ബി) ഉപവകുപ്പുപ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷക്കാലയളവിനുള്ളിൽ അപ്പീലിൽ പാസ്സാക്കിയ ഉത്തരവ് പുനഃപരിശോധിക്കുന്നതിനായി കളക്ടർക്ക് ഒരു അപേക്ഷ സമർപ്പിക്കാവുന്നതും കളക്ടർ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള കാലയളവിനുള്ളിലും ആയത് തീർപ്പാക്കേണ്ടതുമാണ്.

** ** ** **

പട്ടിക

| *ക്രമ നമ്പർ* | *കരണത്തിന്റെ വിവരണം* | *ശരിയായ മുദ്രവില* |
|---|---|---|
| (1) | (2) | (3) |
| 1 | തുകയിലോ, വിലയിലോ ഇരുപത് രൂപയിൽ കവിയുന്നതും (ഒരു ബാങ്കറുടെ പാസ് ബുക്കില്ലാത്ത വല്ല പുസ്തകത്തിലോ) ഒരു പ്രത്യേക കടലാസുതുണ്ടിലോ, കടത്തിന്റെ ലക്ഷ്യത്തിനായി അധമർണ്ണനോ അഥവാ അധമർണ്ണനുവേണ്ടിയോ എഴുതുകയോ, ഒപ്പിട്ടു കൊടുക്കുകയോ ചെയ്യുന്നതും ആയ കടത്തെ സംബന്ധിച്ചുള്ള സമ്മതശീട്ട്, ആ പുസ്തകമോ കടലാസോ ഉത്തമർണ്ണന്റെ | |

| (1) | (2) | (3) |
|---|---|---|
| | കൈവശം വച്ചിരിക്കുമ്പോൾ : എന്നാൽ അങ്ങനെയുള്ള സമ്മതശീട്ടിൽ കടം വീട്ടാമെന്ന് ഏതെങ്കിലും വാഗ്ദാനമോ, അല്ലെങ്കിൽ പലിശ കൊടുക്കാമെന്നോ വല്ല സാധനങ്ങളോ മറ്റ് വസ്തുവോ നൽകാമെന്നോ ഉള്ള ഏതെങ്കിലും വ്യവസ്ഥയോ താഴെപ്പറയുന്ന സംഗതികളിൽ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു: | |
| | തുകയോ, വിലയോ | |
| | 1,000 രൂപയിൽ കവിയാത്തിടത്ത് | അഞ്ച് രൂപ |
| | 1,000 രൂപയിൽ കവിയുന്നിടത്ത് | പത്ത് രൂപ |
| ** | ** ** | ** |
| 4 | സത്യം ചെയ്യുന്നതിനുപകരം സത്യവാചകം പറയുന്നതിനോ സത്യവായ്മൊഴി നൽകുന്നതിനോ നിയമം അനുവദിക്കുന്ന ആളുകളുടെ സംഗതിയിൽ ഒരു സത്യവാചകമോ അല്ലെങ്കിൽ ഒരു സത്യവായ്മൊഴിയോ ഉൾപ്പെടുന്ന സത്യവാങ്മൂലം. | ഇതുപത്തിയഞ്ച് രൂപ |
| | **ഒഴിവുകൾ** | |
| 4 | സത്യവാങ്മൂലമോ രേഖാമൂലമുള്ള സത്യവായ്മൊഴിയോ,— | |
| | (എ) 1950-ലെ വ്യോമസേന ആക്റ്റ് (1950-ലെ 45-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ പട്ടാള ആക്റ്റ് (1950-ലെ 46-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ 1957-ലെ നാവികസേന ആക്റ്റ് (1957-ലെ 62-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ചേരുന്നതിനുള്ള വ്യവസ്ഥയായോ; | |
| | (ബി) വല്ല കോടതിയിലൊ വല്ല കോടതിയിലേയും വല്ല ഉദ്യോഗസ്ഥന്റെയും മുമ്പാകെയോ ഉടനെ ഫയൽ ചെയ്യാനോ ഉപയോഗിക്കാനോ ഉള്ള ആവശ്യത്തിനായോ; | |

| (1) | (2) | (3) |
|---|---|---|
| | (സി) വല്ല ആൾക്കും ഏതെങ്കിലും അടുത്തൂണോ ധർമ്മ അലവൻസോ വാങ്ങാൻ കഴിവുണ്ടാക്കണമെന്നു മാത്രമുള്ള ഉദ്ദേശത്തോടുകൂടിയോ നൽകുമ്പോൾ | |
| 5 | ഉടമ്പടിയോ, ഉടമ്പടി മെമ്മോറാണ്ടമോ | ഒരു രൂപ |
| | (എ) മാറ്റുപത്രത്തിന്റെ വില്പനയെ സംബന്ധിച്ചതാണെങ്കിൽ: | |
| ** | ** ** | ** |
| | (ഇ) എ. റ്റി. എം. യന്ത്രം സ്ഥാപിക്കുന്നത് സംബന്ധിച്ചോ ആയത് പുതുക്കുന്നത് സംബന്ധിച്ചോ ഒരു ബാങ്കും ഭൂവുടമയും തമ്മിൽ ആണെങ്കിൽ | പഞ്ചായത്ത് പ്രദേശങ്ങളിൽ ഓരോ വർഷത്തേക്കും ആയിരത്തി ഇരുന്നൂറ്റി അൻപത് രൂപയും മറ്റ് പ്രദേശങ്ങളിൽ ഓരോ വർഷത്തേക്കും രണ്ടായിരത്തി അഞ്ഞൂറ് രൂപയും |
| | (എഫ്) മൊബൈൽ ടവർ സ്ഥാപിക്കുന്നത് സംബന്ധിച്ചോ ആയത് പുതുക്കുന്നത് സംബന്ധിച്ചോ ഒരു കമ്പനിയും ഭൂവുടമയും തമ്മിൽ ആണെങ്കിൽ | ഓരോ വർഷത്തേക്കും അയ്യായിരം രൂപ.”; |
| | (ജി) മറ്റുപ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ | ഇരുന്നൂറ് രൂപ. |
| ** | ** ** | ** |
| 21(i) | 22-ാം നമ്പരിൽ പറഞ്ഞിട്ടുള്ള തീറാധാരമല്ലാത്തതും 55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തപ്പെട്ടതോ ഒഴിവാക്കപ്പെട്ടതോ ആയ ഒരു കൈമാറ്റം അല്ലാത്തതുമായ 2(ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള തീറാധാരം | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച് ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ആറ് രൂപ |
| ** | ** ** | ** |

| (1) | (2) | (3) |
|---|---|---|
| 22 | 55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തിയതോ അഥവാ ഒഴിവാക്കിയതോ ആയ ഒരു കൈ മാറ്റം അല്ലാത്ത, 2(ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള തീറാധാരത്തിലെ സ്ഥാവരവസ്തു സ്ഥിതി ചെയ്യുന്നത്.— | |
| | (i) മുനിസിപ്പാലിറ്റികൾ/ടൗൺഷിപ്പുകൾ/കോർപ്പറേഷനുകൾ അല്ലാത്ത കന്റോൺമെന്റുകൾ എന്നിവയ്ക്കുള്ളിൽ ആണെങ്കിൽ | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ആറ് രൂപ. |
| ** | ** | ** ** |
| | (iv) മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ളിൽ | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ആറ് രൂപ. |
| ** | ** | ** ** |
| 23 | പകർപ്പോ സംക്ഷേപമോ, ഒരു സർക്കാർ ഉദ്യോഗസ്ഥനാലോ, ആ ഉദ്യോഗസ്ഥന്റെ ഉത്തരവുപ്രകാരമോ നേർ പകർപ്പായിട്ടോ, സംക്ഷേപമായിട്ടോ സാക്ഷ്യപ്പെടുത്തപ്പെട്ടതും, അതതുകാലത്തെ കോർട്ടുഫീസ് സംബന്ധിച്ച നിയമപ്രകാരം മുദ്രവില ചുമത്തത്തക്കതല്ലാത്തതുമായിരിക്കുമ്പോൾ,— | |
| | (i) അസ്സൽ, മുദ്രവില ചുമത്തത്തക്കതല്ലാതായിരിക്കുകയോ അതിന് ചുമത്തേണ്ടുന്ന മുദ്രവില ഒരു രൂപയിൽ കവിയാതിരിക്കുകയോ, ചെയ്താൽ : | ഇരുപത് രൂപ |
| | (ii) മറ്റുവല്ല സംഗതിയിലും | അൻപത് രൂപ |

| (1) | (2) | (3) |
| --- | --- | --- |
| | ഒഴിവ്<br>വല്ല സർക്കാരുദ്യോഗസ്ഥനും വല്ല സർക്കാർ ആഫീസിലും സൂക്ഷിക്കാനാകട്ടെ, വല്ല സർക്കാർ ആവശ്യത്തിനാകട്ടെ എടുക്കുകയോ കൊടുക്കുകയോ ചെയ്യുവാൻ നിയമംമൂലം പ്രത്യേകം ആവശ്യപ്പെട്ടിരിക്കുന്ന വല്ല പത്രത്തിന്റെയും പകർപ്പ് | |
| ** | ** ** | ** |
| "31 | ഇഷ്ടദാനം.—ഒരു ധനനിശ്ചയാധാരമോ വിൽപ്പത്രമോ അല്ലെങ്കിൽ കൈമാറ്റാധാരമോ അല്ലാത്തത്, | |
| | (i) ഇഷ്ടദാനം ഒരാളുടെ അച്ഛൻ, അമ്മ, അച്ഛന്റെയോ അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ അമ്മയുടെയോ അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, അല്ലെങ്കിൽ ചെറുമക്കൾ എന്നിവരുടെ പേർക്കാവുമ്പോൾ " | പരമാവധി 1,000 രൂപയ്ക്കു വിധേയമായി ഭൂമിയുടെ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ."; |
| | (ii) മറ്റേതെങ്കിലും സംഗതിയിൽ | തീറാധാരത്തിനുള്ള അതേ മുദ്രവില (അതതു സംഗതി പോലെ നമ്പർ 21 അഥവാ നമ്പർ 22)"; |
| ** | ** ** | ** |
| 39 | നൊട്ടേറിയൻ ആക്റ്റ്.—അതായത് നോട്ടറി പബ്ളിക്ക് എന്ന ഉദ്യോഗസ്ഥൻ തന്റെ ഉദ്യോഗംവക പണികൾ നടത്തുന്നതിലാകട്ടെ, ഒരു നോട്ടറി പബ്ളിക്കായി നിയമപ്രകാരം കാര്യം നടത്തുന്ന മറ്റു വല്ല ആളുമാകട്ടെ (45-ാം നമ്പർ) ഒരു നിരോധനലക്ഷ്യമില്ലാതെ എഴുതുകയോ ഒപ്പിടുകയോ ചെയ്യുന്ന, വല്ല കരണമോ, പുറത്തെഴുത്തോ, കുറിപ്പോ, സാക്ഷ്യപ്പെടുത്തലോ, സർട്ടിഫിക്കറ്റിന്റെ പതിപ്പോ | അൻപത് രൂപ |
| ** | ** ** | ** |

| (1) | (2) | (3) |
|---|---|---|
| 42 | ഭാഗപത്രം 2 (കെ) എന്ന വകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള കരണം | |
| | (i) ഭാഗം, കുടുംബാംഗങ്ങൾ എല്ലാവരും തമ്മിലോ അല്ലെങ്കിൽ അംഗങ്ങളിൽ ചിലർ തമ്മിലോ ആയിരിക്കുന്നിടത്ത് | പരമാവധി 1,000 രൂപയ്ക്കു വിധേയമായി, ഭൂമിയുടെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള അത്തരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ച പ്രകാരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ എല്ലാ വസ്തുക്കളുടെയും വിലയോ ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ.''; |
| ** | ** | ** ** |
| 48 | ഒഴിമുറി, അതായത്, (24-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ഒരു ഒഴിമുറിയല്ലാത്ത) മറ്റൊരാളിൻമേൽ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വസ്തുവിൻമേൽ ഉള്ള ഒരു അവകാശം ത്യജിച്ചുകൊണ്ടുള്ള ഏതെങ്കിലും കരണം. | |
| | (എ) അങ്ങനെയുള്ള ഒഴിമുറി ഒരാളുടെ അച്ഛൻ, അമ്മ, അച്ഛന്റെയോ, അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ, അമ്മയുടെയോ അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ അല്ലെങ്കിൽ മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ എന്നിവരുടെ പേർക്കാകുമ്പോൾ | പരമാവധി 1,000 രൂപയ്ക്ക് വിധേയമായി, അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച ഭൂമിയുടെ ന്യായവിലയുടേയും മറ്റു വസ്തുക്കളുടെ വിലയുടേയും തുകയോ അവകാശവാദമോ അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച എല്ലാ |

| (1) | (2) | (3) |
| --- | --- | --- |
| | | വസ്തുക്കളുടെയും വിലയോ അവകാശവാദമോ അല്ലെങ്കിൽ ഒഴിമുറിക്കുള്ള പ്രതിഫലമോ ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ. |
| ** | ** | ** ** |
| 51 | ധനനിശ്ചയാധാരം,— | |
| | (എ) കരണം | |
| | (ഡവർ സംബന്ധിച്ച ആധാരം ഉൾപ്പെടെ), (i) "ധനനിശ്ചയം ഒരാളുടെ അച്ഛൻ, അമ്മ, അച്ഛന്റെയോ അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ അമ്മയുടെയോ അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, അല്ലെങ്കിൽ ചെറുമക്കൾ എന്നിവരുടെ പേർക്കാകുമ്പോൾ" | പരമാവധി 1,000 രൂപയ്ക്കു വിധേയമായി, ഭൂമിയുടെ ന്യായ വിലയുടെയും കരണങ്ങളിൽ കാണിച്ചിട്ടുള്ള മറ്റു വസ്തുക്കളുടെയും വിലയും അല്ലെങ്കിൽ അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ടുരൂപ. |
| ** | ** | ** ** |

# 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1960-ലെ 10)

**  **  **  **

76. <u>ലീഗൽ ബെനിഫിറ്റ് ഫണ്ട്.</u>—(1) ഈ ആക്റ്റിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സിവിൽ കോടതിയും ക്രിമിനൽ കോടതിയും അല്ലാത്ത ട്രിബ്യൂണലുകൾക്കോ അപ്പീൽ അധികാര സ്ഥാനങ്ങൾക്കോ ഉള്ള ഒർജിനൽ പെറ്റീഷനുകളെയോ ഒർജിനൽ അപേക്ഷകളെയോ അപ്പീലുകളെയോ റിവിഷനുകളെയോ സംബന്ധിച്ച് സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി, സല കണക്കാക്കാവുന്ന തർക്കങ്ങളുടെ സംഗതിയിൽ തർക്കത്തിൽ ഉൾപ്പെട്ട തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാത്ത നിരക്കിലും മറ്റു സംഗതികളിൽ ഓരോ ഒർജിനൽ പെറ്റീഷനോ ഒർജിനൽ അപേക്ഷയ്ക്കോ അപ്പീലിനോ റിവിഷനോ നൂറ് രൂപയിൽ അധികരിക്കാത്ത നിരക്കിലും അധിക കോർട്ട് ഫീസ് ചുമത്തുന്നതിന് സർക്കാരിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

**  **  **  **

<u>പട്ടിക I</u>

| അനുച്ഛേദം | ഇനം | ഉചിതമായ ഫീസ് |
|---|---|---|
| (1) | (2) | (3) |

**  **  **  **

<u>പട്ടിക II</u>

1 ** ** **]

2 ** ** **]

3 1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ 47-ാം വകുപ്പോ 144-ാം വകുപ്പോ പ്രകാരമുള്ള ഏതെങ്കിലും പ്രശ്നം തീരുമാനിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ഉൾക്കൊള്ളുന്ന ഒരു ഉത്തരവിൽ നിന്നുള്ളതും മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ അപ്പീൽ മെമ്മോറാണ്ടം—

**  **  **  **

| (1) | (2) | (3) |
|---|---|---|
| (iii) | ഹൈക്കോടതിക്ക് സമർപ്പിക്കുമ്പോൾ— | |
| | (എ) 1958-ലെ കേരള കർഷക ഋണാശ്വാസ ആക്റ്റ് പ്രകാരമുള്ള ഒരു ഉത്തരവല്ലാത്ത ഒരു ഉത്തരവിൽനിന്നും : | |
| ** | ** | ** ** |
| | (സി) 1961-ലെ ആദായ നികുതി ആക്റ്റ് പ്രകാരം ഉള്ള അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ നിന്നും,— | |
| | (എ) അപ്പീലുമായി ബന്ധപ്പെട്ട കേസ്സിൽ, അസസ്സിംഗ് ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തിയ അസസ്സിയുടെ മൊത്ത വരുമാനം ഒരു ലക്ഷം രൂപയോ അതിൽ കുറവോ ആകുന്നിടത്ത് | അഞ്ഞൂറ് രൂപ |
| ** | ** | ** ** |
| | (സി) അങ്ങനെയുള്ള അറ്റസ്വത്ത് രണ്ട് ലക്ഷം രൂപയിൽ കവിയുന്നിടത്ത് | പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി, തിട്ടപ്പെടുത്തിയ അറ്റസ്വത്തിന്റെ ഒരു ശതമാനം |
| ** | ** | ** ** |
| | (ഡി) 1957-ലെ വെൽത്ത് ടാക്സ് ആക്റ്റിൻകീഴിലുള്ള അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഒരു ഉത്തരവിൽ നിന്നുള്ള,— | |
| | (എ) അപ്പീലുമായി ബന്ധപ്പെട്ട കേസ്സിൽ, അസസ്സിംഗ് ഉദ്യോഗസ്ഥൻ കണക്കാക്കിയ പ്രകാരമുള്ള അസസ്സിയുടെ മൊത്തം അറ്റസ്വത്ത് ഒരു ലക്ഷം രൂപയോ അതിൽ കുറവോ ആകുന്നിടത്ത് | അഞ്ഞൂറ് രൂപ |
| ** | ** | ** ** |

| (1) | (2) | (3) |
|---|---|---|
| | (സി) അങ്ങനെയുള്ള അറ്റസ്വത്ത് രണ്ട് ലക്ഷം രൂപയിൽ കവിയുന്നിടത്ത് | പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി, തിട്ടപ്പെടുത്തിയ അറ്റസ്വത്തിന്റെ ഒരു ശതമാനം |

** ** ** **

# 1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1963-ലെ 15)

** ** ** **

23ബി. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2005 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റോ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റോ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് താഴെപ്പറയുന്ന നിരക്കുകളിലുള്ള കുറവ് ചെയ്യൽ പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഇച്ഛാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്:

(എ) 1991 മാർച്ച് 31-ാം തീയതി ഉൾപ്പെടെ, അതുവരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയ്ക്ക് ഇരുപത്തിയഞ്ച് ശതമാനം കുറവ് ചെയ്യലും, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും ;

(ബി) 1991 ഏപ്രിൽ 1-ാം തീയതി മുതൽ 1996 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും ;

(സി) 1996 ഏപ്രിൽ 1-ാം തീയതി മുതൽ 2000 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും തൊണ്ണൂറ്റി അഞ്ച് ശതമാനം കുറവുചെയ്യലും ;

(ഡി) 2000 ഏപ്രിൽ 1-ാം തീയതി മുതൽ 2005 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും തൊണ്ണൂറ് ശതമാനം കുറവുചെയ്യലും; കൂടാതെ

(ഇ) ആക്റ്റിന്റെ 55സി വകുപ്പ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് മുതൽ തുക അടച്ചുകഴിഞ്ഞ സംഗതികളിൽ പലിശത്തുകയുടെ തൊണ്ണൂറ് ശതമാനം കുറവുചെയ്യലും.

** ** ** **

(3) (1)-ാം ഉപവകുപ്പുപ്രകാരം കുടിശ്ശിക അടയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യാപാരി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ 2014 ആഗസ്റ്റ് 31-ാം തീയതിക്കോ സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്നപ്രകാരമുള്ള തീയതിക്കോ മുൻപായി നികുതി നിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ, നികുതിനിർണ്ണയ അധികാരി ആയത് പരിശോധിക്കേണ്ടതും കിട്ടാനുള്ള തുക നികുതിദായകനെ അറിയിക്കേണ്ടതും, നികുതിദായകൻ 2014 ഡിസംബർ 31-ാം തീയതിയോ അതിനുമുൻപോ ആ തുക മൊത്തമായോ മൂന്ന് തുല്യ ഗഡുക്കളായോ അടയ്ക്കേണ്ടതുമാണ് :

** ** ** **

(7) ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഉത്തരവിലോ ഡിക്രിയിലോ വിധിന്യായത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു നികുതിദായകൻ ഈ വകുപ്പുപ്രകാരം അദ്ദേഹത്തിന്റെ കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കുകയാണെങ്കിൽ,—

(i) തെരഞ്ഞെടുക്കലിൻകീഴിലുള്ള കുടിശ്ശിക സംബന്ധിച്ച ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ തീർപ്പാകാതെ നിലനിൽക്കുന്ന എല്ലാ കേസുകളും അയാൾ പിൻവലിക്കേണ്ടതും;

(ii) തെരഞ്ഞെടുക്കലിൻകീഴിൽ ഇതിനകം തീർപ്പാക്കിയിട്ടുള്ള കുടിശ്ശിക സംബന്ധിച്ച് അങ്ങനെയുള്ള കുടിശ്ശിക സംബന്ധിച്ച ബാദ്ധ്യതയിൽ കുറവുവരുത്തിക്കൊണ്ട് ഒരു ഉത്തരവോ ഡിക്രിയോ വിധിന്യായമോ ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ അപ്പലേറ്റ് അധികാരസ്ഥാനമോ പാസ്സാക്കിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ഉത്തരവിലോ ഡിക്രിയിലോ വിധിന്യായത്തിലോ ഉൾപ്പെട്ടിട്ടുള്ള അങ്ങനെയുള്ള കുടിശ്ശിക സംബന്ധിച്ച് യാതൊരു തിരികെ നൽകലും അനുവദിക്കുന്നതല്ലാത്തതും;

(iii) ഈ വകുപ്പുപ്രകാരം തീർപ്പാക്കിയ തുക സംബന്ധിച്ച് ഏതെങ്കിലും കോടതിയിലോ ട്രിബ്യൂണലിലോ അപ്പലേറ്റ് അധികാരസ്ഥാനത്തിലോ യാതൊരു അപ്പീലും നിലനിൽക്കുന്നതല്ലാത്തതും ആകുന്നു.

** ** ** **

# 1976-ലെ മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1976-ലെ 19)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(എ) പട്ടികയിലെ 1-ഉം 2-ഉം ഇനങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും മോട്ടോർ വാഹനത്തെ സംബന്ധിച്ച് 'ക്യൂബിക് കപ്പാസിറ്റി' എന്നാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള 'ക്യൂബിക് കപ്പാസിറ്റി' എന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ 'ക്യൂബിക് കപ്പാസിറ്റി' രേഖപ്പെടുത്തിയിട്ടില്ലാത്ത സംഗതിയിൽ അതേ തരത്തിലുള്ള വാഹനത്തിന്റെ 'ക്യൂബിക് കപ്പാസിറ്റി' കണക്കിലെടുത്ത് രജിസ്റ്ററിംഗ് അതോറിറ്റി നിശ്ചയിക്കുന്ന പ്രകാരമുള്ള 'ക്യൂബിക് കപ്പാസിറ്റി' എന്നർത്ഥമാകുന്നതാണ് ;

** ** ** **

(എ.ബി) "ഫ്ളീറ്റ് ഓണർ" എന്നാൽ സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്നതോ അഥവാ ഉപയോഗത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതോ ആയ നൂറ്റി അൻപതിൽ കൂടുതൽ മോട്ടോർ വാഹനങ്ങളുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഉടമസ്ഥനായ ഒരു വ്യക്തിയോ ഒരു സ്ഥാപനമോ അഥവാ സർക്കാരോ എന്നർത്ഥമാകുന്നു ;

** ** ** **

3. നികുതി ചുമത്തൽ.—(1) ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഈ ആക്റ്റ് നടപ്പിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്നതോ അഥവാ ഉപയോഗത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതോ ആയ എല്ലാ മോട്ടോർ വാഹനങ്ങൾക്കും പട്ടികയിൽ പ്രസ്തുത വാഹനത്തിന് കാണിച്ചിരിക്കുന്ന നികുതി ചുമത്തേണ്ടതാണ് :

എന്നാൽ അപ്രകാരമുള്ള യാതൊരു നികുതിയും അപ്രകാരമുള്ള വാഹനത്തിന്റെ വ്യാപാരിയോ അഥവാ നിർമ്മാതാവോ വ്യാപാര ആവശ്യത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതും രജിസ്റ്റർ ചെയ്യുന്ന അധികാരസ്ഥാനം നൽകിയ വ്യാപാര സർട്ടിഫിക്കറ്റ് അധികാരപ്പെടുത്തുന്ന പ്രകാരം ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു മോട്ടോർ വാഹനത്തിന് ചുമത്താൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല, പട്ടികയിലെ 1, 2, 6, 7(i) (ബി), 7(i)(സി), 7(i)(ഡി), 10(iii), 11(i) എന്നീ ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഭാഗങ്ങളിലെ ഒരു പുതിയ മോട്ടോർ വാഹനത്തെ സംബന്ധിച്ച്, വാഹനം ആദ്യമായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് 1-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ വാഹനം വാങ്ങിയ തീയതിമുതൽ ഒറ്റത്തവണ നികുതി ചുമത്തേണ്ടതും അതിനുശേഷം അങ്ങനെയുള്ള വാഹനത്തിന്റെ രജിസ്ട്രേഷൻ പുതുക്കുന്ന സമയത്ത് അല്ലെങ്കിൽ നേരത്തെ അടച്ച ലൈഫ് ടൈം നികുതിയുടെ കാലാവധി തീരുന്നമുറയ്ക്ക് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ നാലാമത്തെ ക്ലിപ്തനിബന്ധനപ്രകാരം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ നികുതി ചുമത്തേണ്ടതുമാണ്.;

എന്നിരുന്നാലും പട്ടികയിലെ (1)-ാം ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പഴയ മോട്ടോർ സൈക്കിളുകൾ, (2)-ാം ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പഴയ ത്രിചക്ര വാഹനങ്ങൾ, 11(i)ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പഴയ മോട്ടോർ കാറുകൾ എന്നിവയെ സംബന്ധിച്ച് നികുതി അടച്ച കാലാവധി അവസാനിച്ചതിനുശേഷമുള്ള അഞ്ച് വർഷക്കാലയളവിലേക്ക് മുൻകൂർ നികുതി II-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ ചുമത്തേണ്ടതും 3(i) (എ) മുതൽ 3(i) (ഇ) വരെയും 3(ii) (എ) മുതൽ 3(ii) (ഇ) വരെയും ഉള്ള ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ചരക്കു വാഹനങ്ങൾ, 7(i) (എ) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ആട്ടോറിക്ഷകൾ എന്നിവയ്ക്ക് വാഹനം ആദ്യമായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് II-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ അഞ്ച് വർഷക്കാലയളവിലേക്കുള്ള മുൻകൂർ നികുതി ചുമത്തേണ്ടതും അതിനുശേഷം 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഏഴാം ക്ലിപ്ത നിബന്ധനയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ അഞ്ച് വർഷത്തേക്കോ ഒരു വർഷ ത്തേക്കോ നികുതി ചുമത്തേണ്ടതുമാണ്.

** ** ** **

(5) ഒരു മോട്ടോർ വാഹനത്തെ സംബന്ധിച്ച് താൽക്കാലിക ലൈസൻസിൽ നൽകേണ്ടതായ നികുതി,—

(എ) താൽക്കാലിക ലൈസൻസ് ഏഴുദിവസത്തിൽ കവിയാത്ത കാലത്തേക്കാ ണെങ്കിൽ ആ മോട്ടോർ വാഹനത്തിന് മൂന്ന് മാസക്കാലത്തേക്കുള്ള നികുതിയുടെ പത്തിലൊന്നുഭാഗം എന്ന നിരക്കിലും;

(ബി) താൽക്കാലിക ലൈസൻസ് ഏഴുദിവസങ്ങളിൽ കവിയുന്നതും മുപ്പതു ദിവസത്തിൽ കവിയാത്തതുമായ കാലത്തേക്കുള്ളതാണെങ്കിൽ, ആ മോട്ടോർ വാഹനത്തിന് മൂന്നുമാസക്കാലത്തേക്കുള്ള നികുതിയുടെ മൂന്നിലൊന്ന് എന്ന നിരക്കിലും ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല 1988-ലെ മോട്ടോർ വാഹന ആക്റ്റ് (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 88-ാം വകുപ്പ് (8)-ഉം (9)-ഉം ഉപവകുപ്പുകൾ പ്രകാരം പെർമിറ്റുള്ളതും കേരള സംസ്ഥാനത്തല്ലാതെ ഏതെങ്കിലും മറ്റുസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും കേരള സംസ്ഥാനത്ത് പ്രവേശിക്കുകയും അവിടെ തങ്ങുകയും ചെയ്യുന്ന വാഹനങ്ങളുടെ സംഗതിയിൽ, അങ്ങനെയുള്ള വാഹനങ്ങൾക്ക് നൽകേണ്ടതായ നികുതി,—

(എ) അപ്രകാരമുള്ള സ്റ്റേ ഏഴുദിവസത്തിൽ കൂടുതൽ അല്ലെങ്കിൽ ത്രൈമാസിക നികുതിയുടെ പത്തിലൊന്നും;

(ബി) അപ്രകാരമുള്ള സ്റ്റേ ഏഴു ദിവസത്തിൽ കവിഞ്ഞും മുപ്പത് ദിവസത്തിൽ കവിയാതെയും ആണെങ്കിൽ, ത്രൈമാസിക നികുതിയുടെ മൂന്നിലൊന്നും ആയിരിക്കുന്ന താണ്.''.

** ** ** **

(8) ഏതു മോട്ടോർ വാഹനങ്ങളെ സംബന്ധിച്ചാണോ കേരള സർക്കാരും മറ്റേതെങ്കിലും സംസ്ഥാന സർക്കാരും തമ്മിൽ നികുതി ചുമത്തൽ സംബന്ധിച്ച് പരസ്പരം ഇടപാടുകൾ ചെയ്തിട്ടുള്ളത് അങ്ങനെയുള്ള വാഹനങ്ങളുടെ സംഗതിയിൽ നികുതി ചുമത്തൽ, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത പരസ്പര ഇടപാടുകളിലെ തിട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കേണ്ട താണ്.

എന്നാൽ അപ്രകാരമുള്ള ഏതൊരു പരസ്പര ഇടപാടിന്റെയും തിട്ടങ്ങളും വ്യവസ്ഥകളും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്റെ ഒരു പകർപ്പ് സംസ്ഥാന നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

** ** ** **

4. നികുതി കൊടുക്കലും ലൈസൻസ് നൽകലും.— (1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തപ്പെടുന്ന നികുതി രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ അഥവാ വാഹനത്തിന്റെ കൈവശമോ അഥവാ നിയന്ത്രണമോ ഉള്ള ആളോ മുൻകൂറായി നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനകവും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും മൂന്നു മാസക്കാലത്തേക്കോ അഥവാ ഒരു വർഷത്തേക്കോ തന്റെ ഇച്ഛാനുസരണം മൂന്ന് മാസക്കാലത്തേക്ക് ലൈസൻസോ അഥവാ വാർഷിക ലൈസൻസോ എടുത്തുകൊണ്ട് നൽകേണ്ടതാണ്:

എന്നാൽ ഒരു ഫ്ളീറ്റ് ഓണറുടെ സംഗതിയിൽ സർക്കാരിന് നികുതി മാസത്ത വണകളായി നിർദ്ദേശത്തിൽ പറഞ്ഞിരിക്കാവുന്ന തീയതിക്കു മുൻപ് അതിൽ പറഞ്ഞിരി ക്കാവുന്ന രീതിയിലും, വ്യവസ്ഥകൾക്കു വിധേയമായും നൽകേണ്ടതാണെന്ന് നിർദ്ദേശി ക്കാവുന്നതാണ്:

എന്നുമാത്രമല്ല മോട്ടോർ സൈക്കിൾ അല്ലാതെയുള്ള (മോട്ടോർ സ്കൂട്ടറും യന്ത്രശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനുവേണ്ട സാമഗ്രി ഘടിപ്പിച്ച സൈക്കിളും ഉൾപ്പെടെ) ഒരു മോട്ടോർ വാഹനത്തെയോ പട്ടികയിൽ 1-ഉം 2-ഉം ഇനങ്ങളിൽ പറഞ്ഞി ട്ടുള്ള ഒരു ത്രിചക്ര വാഹനത്തെയോ അല്ലെങ്കിൽ പട്ടികയിൽ 11-ാം ഇനത്തിൽ പറഞ്ഞി ട്ടുള്ള ഒരു മോട്ടോർ കാറിനെയോ സംബന്ധിച്ച് ഒരു വർഷം നൽകേണ്ടതായ നികുതി ആയിരത്തി അഞ്ഞൂറ് രൂപയിൽ കവിയാത്തിടത്ത്, നികുതി ഒരു വാർഷിക ലൈസൻസിൻമേൽ വാർഷികമായി നൽകേണ്ടതുമാണ്:

എന്നുതന്നെയുമല്ല, ഒരു മോട്ടോർ വാഹനത്തിന്റെ ഒരു രജിസ്റ്റേർഡ് ഉടമയ്ക്കോ കൈവശാവകാശമോ നിയന്ത്രണമോ ഉള്ള ആൾക്കോ അയാളുടെ/അവളുടെ ഇഷ്ട പ്രകാരം രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം കൊടുക്കേണ്ട വാർഷിക നികുതി 5 വർഷം വരെയുള്ള കാലയളവിലേക്ക്, അപ്രകാരമുള്ള കാലയളവിലേക്കുള്ള ഒരു ലൈസൻസിൻമേൽ മുൻകൂർ കൊടുക്കാവുന്നതുമാണ്:

** ** ** **

(3) സംസ്ഥാനത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതോ ഉപയോഗത്തിനായി സൂക്ഷി ക്കപ്പെട്ടിരിക്കുന്നതോ ആയ ഒരു മോട്ടോർ വാഹനത്തെ സംബന്ധിച്ചുള്ള നികുതിയുടെ തുക ആരെങ്കിലും നൽകുമ്പോഴോ അഥവാ പ്രസ്തുത വാഹനത്തെ സംബന്ധിച്ച് യാതൊരു നികുതിയും നൽകേണ്ടതില്ലെന്ന് ബന്ധപ്പെട്ട പ്രാദേശിക ട്രാൻസ്പോർട്ട്

ഓഫീസറെക്കൊണ്ട് വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുമ്പോഴോ, നികുതി ചുമത്തുന്ന ഉദ്യോഗസ്ഥൻ,—

(എ) അപ്രകാരമുള്ള ആളിന് നിശ്ചിത ഫാറത്തിൽ ഒരു ലൈസൻസ് നൽകേണ്ടതും;

(ബി) അതതുസംഗതിപോലെ, നിശ്ചിത കാലത്തേക്കുള്ള നികുതി നൽകപ്പെട്ടിരിക്കുന്നുവെന്നോ അഥവാ ആ വാഹനത്തെ സംബന്ധിച്ച് യാതൊരു നികുതിയും നൽകേണ്ടതില്ലെന്നോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലോ അഥവാ 1939-ലെ മോട്ടോർ വാഹന ആക്റ്റ് (1939-ലെ 4-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു വാഹനത്തിന്റെ സംഗതിയിൽ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലുള്ള ഒരു സർട്ടിഫിക്കറ്റിലോ രേഖപ്പെടുത്തേണ്ടതുമാകുന്നു:

എന്നാൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്ന ഒരു മോട്ടോർ വാഹനത്തെ സംബന്ധിച്ച് യാതൊരു ലൈസൻസും നൽകാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ഈ ഉപവകുപ്പിന്റെ (ബി) ഖണ്ഡം നികുതിയുടെ ഇ-പേയ്മെന്റിന് ബാധകമാകുന്നതല്ല.

(4) 3-ാം വകുപ്പുപ്രകാരം നികുതി നൽകാൻ വിധേയമായ യാതൊരു മോട്ടോർ വാഹനവും, പ്രസ്തുത വാഹനത്തിന്റെ രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ അഥവാ അതിന്റെ കൈവശമോ അഥവാ നിയന്ത്രണമോ ഉള്ള ആളോ, ആ വാഹനത്തെ സംബന്ധിച്ച് (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു നികുതി ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലല്ലാതെ സംസ്ഥാനത്തെ ഉപയോഗത്തിനായി നിറുത്താൻ പാടില്ലാത്തതാണ്.

** ** ** **

(5) 3-ാം വകുപ്പുപ്രകാരം നികുതിക്കു വിധേയമായ യാതൊരു മോട്ടോർ വാഹനവും (3)-ാം ഉപവകുപ്പുപ്രകാരം ലഭിച്ച സാധുവായ ഒരു നികുതി ലൈസൻസ് നിർണ്ണയിക്കപ്പെട്ട രീതിയിൽ വാഹനത്തിൻമേൽ പതിച്ചിട്ടുണ്ടെങ്കിലല്ലാതെ സംസ്ഥാനത്ത് ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

** ** ** **

5. <u>നികുതിയിൽ നിന്നുള്ള ഒഴിവാക്കൽ</u>.—(1) അതതുസംഗതിപോലെ മൂന്നുമാസക്കാലത്തെ ഒന്നാമത്തെ മാസത്തിലോ അഥവാ ഒന്നാമത്തേയും രണ്ടാമത്തേയും മാസങ്ങളിലോ അഥവാ മൂന്നുമാസക്കാലം മുഴുവനുമോ അഥവാ വർഷം മുഴുവനുമോ ഉപയോഗിക്കാനോ അഥവാ ഉപയോഗത്തിനായി നിർത്താനോ ഉദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരു മോട്ടോർ വാഹനത്തിന്റെ സംഗതിയിൽ, പ്രസ്തുത വാഹനത്തിന്റെ രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ അഥവാ അതിന്റെ കൈവശമോ നിയന്ത്രണമോ ഉള്ള ആളോ പ്രസ്തുത വാഹനം ഒരു നിശ്ചിത കാലത്തേക്ക് ഉപയോഗിക്കപ്പെടുന്നതല്ലെന്ന വിവരം നികുതി സംബന്ധിച്ച് ആരിൽ നിന്നും ഈടാക്കാൻ കിട്ടിയോ ആ പ്രാദേശിക ട്രാൻസ്പോർട്ട് ഓഫീസറെ മുൻകൂട്ടി രേഖാമൂലം അറിയിക്കേണ്ടതും അതിനുശേഷം രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ മറ്റാളോ വാഹനം പ്രസ്തുത കാലത്തേക്ക് ഉപയോഗിച്ചതായോ ഉപയോഗത്തിനായി നിർത്തിയതായോ കരുതാൻ പാടില്ലാത്തതും, പ്രസ്തുത വാഹനത്തിൻമേൽ പ്രസ്തുത കാലത്തേക്ക് യാതൊരു നികുതിയും കൊടുക്കേണ്ടതല്ലാത്തതുമാകുന്നു.

(2) (1)-ാം വകുപ്പിനുള്ള യാതൊന്നും തന്നെ ഒരാളെ ഒരു മോട്ടോർ വാഹനത്തെ സംബന്ധിച്ച് നികുതി നൽകുന്നതിനുള്ള ബാദ്ധ്യതയിൽനിന്നും പരിശോധനയിൽ ആ വാഹനം പ്രസ്തുത കാലത്തോ അഥവാ അതിന്റെ ഒരു ഭാഗത്തിലോ ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് തെളിയുന്നപക്ഷം ഒഴിവാക്കുന്നതല്ല.

(3) ****

** ** ** **

6. നികുതി തിരിച്ചു നൽകൽ. -(1) ***

(2) ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ഒരു രജിസ്റ്റേർഡ് ഉടമസ്ഥൻ ഒരു വർഷത്തേക്കോ അതിനു മുകളിലേക്കോ നികുതി ഒടുക്കുകയും തുടർന്ന് രജിസ്ട്രേഷൻ റദ്ദാക്കുകയോ, ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുകയോ, മേൽവിലാസം മാറുകയോ ചെയ്യുക വഴി സംസ്ഥാനത്തിനു പുറത്തുള്ള ഒരു സ്ഥലത്തേക്ക് വാഹനം മാറ്റുകയാണെങ്കിൽ നിർദ്ദിഷ്ട നിരക്കുകൾക്ക് അനുസൃതമായി നികുതി തിരിച്ചടവിന് അർഹനായിരിക്കുന്നതാണ്.

** ** ** **

28. ചട്ടങ്ങളുണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന് ഗസറ്റിൽ പരസ്യംമൂലം ഈ ആക്റ്റിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ദൂഷ്യം കൂടാതെയും പ്രസ്തുത ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്:

(എ) നികുതി നൽകേണ്ടത് ഏതു വിധത്തിലാണെന്നും നികുതി ലൈസൻസ് നൽകുന്നതിന് ഹാജരാക്കേണ്ട പ്രമാണങ്ങളേതെല്ലാമാണെന്നും;

** ** ** **

(ഡി) ഏതു വിധത്തിലാണ് തിരിച്ചുനൽകലോ അഥവാ ഇളവോ അഥവാ ഒഴിവോ തേർച്ച ചെയ്യേണ്ടതെന്നും;

** ** ** **

# കെ എം വി ടി ആക്റ്റ്

## പട്ടിക

[വകുപ്പ് 3(1) കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | ത്രൈമാസ നികുതി നിരക്ക് (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | മോട്ടോർ സൈക്കിളുകൾ (യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ മോട്ടോർ സ്കൂട്ടറുകളും സൈക്കിളുകളും ഉൾപ്പെടെ) | 45.00 |
| 2 | ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത ത്രിചക്ര വാഹനം (യന്ത്ര ശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടുകൂടിയ ത്രിചക്ര സൈക്കിളുകളും സൈക്കിൾ റിക്ഷകളും ഉൾപ്പെടെ) | 45.00 |
| 3 | ഭാരവണ്ടികൾ | |

(i) ടിപ്പിംഗ് സൗകര്യം ഘടിപ്പിച്ചിട്ടില്ലാത്ത ഭാരവണ്ടികൾ

| | | | | | | |
|---|---|---|---|---|---|---|
| (എ) | മോട്ടോർ സൈക്കിൾ ട്രക്കുകൾ | | | 300 കി.ഗ്രാമിൽ | ഉൽഭൃതഭാരമുള്ള | 135.00 |
| (ബി) | വാഹനങ്ങൾ | | | 1000 കി.ഗ്രാമിൽ | ,, | 220.00 |
| (സി) | ,, | 1000 കി.ഗ്രാം | അധികരിക്കുന്ന | 1500 കി.ഗ്രാമിൽ | ,, | 420.00 |
| (ഡി) | ,, | 1500 കി.ഗ്രാം | ,, | 2000 കി.ഗ്രാമിൽ | ,, | 550.00 |
| (ഇ) | ,, | 2000 കി.ഗ്രാം | ,, | 3000 കി.ഗ്രാമിൽ | ,, | 705.00 |
| (എഫ്) | ,, | 3000 കി.ഗ്രാം | ,, | 4000 കി.ഗ്രാമിൽ | ,, | 840.00 |

| | | | | | | |
|---|---|---|---|---|---|---|
| (ജി) | വാഹനങ്ങൾ | 4000 കി.ഗ്രാം | അധി കരി ക്കുന്ന | 5500 കി.ഗ്രാമിൽ | ഉൽഭൃത ഭാരമുള്ള | 1210.00 |
| (എച്ച്) | ,, | 5500 കി.ഗ്രാം | ,, | 7000 കി.ഗ്രാമിൽ | ,, | 1430.00 |
| (ഐ) | ,, | 7000 കി.ഗ്രാം | ,, | 9000 കി.ഗ്രാമിൽ | ,, | 1760.00 |
| (ജെ) | ,, | 9000 കി.ഗ്രാം | ,, | 9500 കി.ഗ്രാമിൽ | ,, | 1870.00 |
| (കെ) | ,, | 9500 കി.ഗ്രാം | ,, | 10500 കി.ഗ്രാമിൽ | ,, | 2090.00 |
| (എൽ) | ,, | 10500 കി.ഗ്രാം | ,, | 11000 കി.ഗ്രാമിൽ | ,, | 2310.00 |
| (എം) | ,, | 1100 കി.ഗ്രാം | ,, | 12000 കി.ഗ്രാമിൽ | ,, | 2530.00 |
| (എൻ) | ,, | 1200 കി.ഗ്രാം | ,, | 13000 കി.ഗ്രാമിൽ | ,, | 2750.00 |
| (ഒ) | ,, | 13000 കി.ഗ്രാം | ,, | 14000 കി.ഗ്രാമിൽ | ,, | 2970.00 |
| (പി) | ,, | 14000 കി.ഗ്രാം | ,, | 15000 കി.ഗ്രാമിൽ | ,, | 3080.00 |
| (ക്യൂ) | ,, | 15000 കി.ഗ്രാം | ,, | | ,, | 3080.00+ ₹ 110 15000 കി. ഗ്രാമിൽ അധിക മുള്ള എല്ലാ 250 കി. ഗ്രാമിനും അതി ന്റെ ഭാഗ ത്തിനും |

| | | | | | | |
|---|---|---|---|---|---|---|
| (ആർ) | വാഹന ങ്ങൾ | 20000 കി.ഗ്രാം | അധി കരി ക്കുന്ന | | | 5280.00+ ₹ 220 20000 കി. ഗ്രാമിൽ അധിക മുള്ള എല്ലാ 250 കി. ഗ്രാമിനും അതി ന്റെ ഭാഗ ത്തിനും |

** ** ** **

| | | | | | | |
|---|---|---|---|---|---|---|
| (ii) ടിപ്പിംഗ് സൗകര്യം ഘടിപ്പിച്ചിട്ടുള്ള ചരക്ക് വാഹനങ്ങൾ (ടിപ്പർ ചരക്ക് വാഹനങ്ങൾ) | | | | | | |
| (എ) | മോട്ടോർ സൈക്കിൾ ട്രക്കുകൾ | | | 300 കി.ഗ്രാമിൽ | ഉൽഭൃത ഭാരമുള്ള | 170.00 |
| (ബി) | വാഹന ങ്ങൾ | | | 1000 കി.ഗ്രാമിൽ | ,, | 280.00 |
| (സി) | ,, | 1000 കി.ഗ്രാമിൽ | അധി കരി ക്കുന്ന | 1500 കി.ഗ്രാമിൽ | ,, | 530.00 |
| (ഡി) | ,, | 1500 കി.ഗ്രാമിൽ | ,, | 2000 കി.ഗ്രാമിൽ | ,, | 690.00 |
| (ഇ) | ,, | 2000 കി.ഗ്രാമിൽ | ,, | 3000 കി.ഗ്രാമിൽ | ,, | 880.00 |
| (എഫ്) | ,, | 3000 കി.ഗ്രാമിൽ | ,, | 4000 കി.ഗ്രാമിൽ | ,, | 1050.00 |
| (ജി) | ,, | 4000 കി.ഗ്രാമിൽ | ,, | 5500 കി.ഗ്രാമിൽ | ,, | 1510.00 |
| (എച്ച്) | ,, | 5500 കി.ഗ്രാമിൽ | ,, | 7000 കി.ഗ്രാമിൽ | ,, | 1790.00 |
| (ഐ) | ,, | 7000 കി.ഗ്രാമിൽ | ,, | 9000 കി.ഗ്രാമിൽ | ,, | 2200.00 |
| (ജെ) | ,, | 9000 കി.ഗ്രാമിൽ | ,, | 9500 കി.ഗ്രാമിൽ | ,, | 2350.00 |
| (കെ) | ,, | 9500 കി.ഗ്രാമിൽ | ,, | 10500 കി.ഗ്രാമിൽ | ,, | 2610.00 |

| | | | | | | |
|---|---|---|---|---|---|---|
| (എൽ) | വാഹന ങ്ങൾ | 10500 കി.ഗ്രാമിൽ | അധി കരി ക്കുന്ന | 11000 കി.ഗ്രാമിൽ | ഉൽഭൃത ഭാരമുള്ള | 2900.00 |
| (എം) | ,, | 11000 കി.ഗ്രാമിൽ | ,, | 12000 കി.ഗ്രാമിൽ | ,, | 3160.00 |
| (എൻ) | ,, | 12000 കി.ഗ്രാമിൽ | ,, | 13000 കി.ഗ്രാമിൽ | ,, | 3440.00 |
| (ഒ) | ,, | 13000 കി.ഗ്രാമിൽ | ,, | 14000 കി.ഗ്രാമിൽ | ,, | 3710.00 |
| (പി) | ,, | 14000 കി.ഗ്രാമിൽ | ,, | 15000 കി.ഗ്രാമിൽ | ,, | 3850.00 |
| (ക്യൂ) | ,, | 15000 കി.ഗ്രാമിൽ | | | | 3850.00+ ₹ 140 15000 കി. ഗ്രാമിൽ അധികമുള്ള എല്ലാ 250 കി. ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനോ |

| 4. ചരക്കുകൾ വഹിച്ചു കൊണ്ടുപോകുന്ന ട്രെയിലറുകൾ | | | | | | |
|---|---|---|---|---|---|---|
| (എ) | ഓരോ ട്രെയിലറിനും (കവിയാത്ത) | | | 1000 കി.ഗ്രാമിൽ | ഉൽഭൃത ഭാരമുള്ള വാഹനങ്ങൾ | 155.00 |
| (ബി) | ഓരോ ട്രെയിലറിനും (കവിയുന്ന) | 1000 കി.ഗ്രാമിൽ | കവിയാത്ത | 1500 കി.ഗ്രാമിൽ | ചരക്കുഭാരം | 320.00 |
| (സി) | ,, | 1500 കി.ഗ്രാമിൽ | ,, | 2000 കി.ഗ്രാമിൽ | ,, | 430.00 |
| (ഡി) | ,, | 2000 കി.ഗ്രാമിൽ | ,, | 3000 കി.ഗ്രാമിൽ | ,, | 585.00 |
| (ഇ) | ,, | 3000 കി.ഗ്രാമിൽ | ,, | 4000 കി.ഗ്രാമിൽ | ,, | 790.00 |
| (എഫ്) | ,, | 4000 കി.ഗ്രാമിൽ | ,, | 5500 കി.ഗ്രാമിൽ | ,, | 1000.00 |
| (ജി) | ,, | 5500 കി.ഗ്രാമിൽ | ,, | 7000 കി.ഗ്രാമിൽ | ,, | 1320.00 |
| (എച്ച്) | ,, | 7000 കി.ഗ്രാമിൽ | ,, | 9000 കി.ഗ്രാമിൽ | ,, | 1540.00 |
| (ഐ) | ,, | 9000 കി.ഗ്രാമിൽ | ,, | 9500 കി.ഗ്രാമിൽ | ,, | 1650.00 |
| (ജെ) | ,, | 9500 കി.ഗ്രാമിൽ | ,, | 10500 കി.ഗ്രാമിൽ | ,, | 1760.00 |
| (കെ) | ,, | 10500 കി.ഗ്രാമിൽ | ,, | 12000 കി.ഗ്രാമിൽ | ,, | 1980.00 |
| (എൽ) | ,, | 12000 കി.ഗ്രാമിൽ | ,, | 13000 കി.ഗ്രാമിൽ | ,, | 2090.00 |
| (എം) | ,, | 13000 കി.ഗ്രാമിൽ | ,, | 14000 കി.ഗ്രാമിൽ | ,, | 2200.00 |
| (എൻ) | ,, | 14000 കി.ഗ്രാമിൽ | ,, | 15000 കി.ഗ്രാമിൽ | ,, | 2310.00 |

| | | | | | | |
|---|---|---|---|---|---|---|
| (ഒ) | ഓരോ ട്രെയി ലറിനും (കവി യുന്ന) | 15000 കി.ഗ്രാമിൽ | കവിയാത്ത | 20000 കി.ഗ്രാമിൽ | ചരക്കു ഭാരം | 2310.00+ ₹ 110 1500 കി. ഗ്രാമിൽ അധിക മുള്ള എല്ലാ 250 കി. ഗ്രാ മിനും അല്ലെ ങ്കിൽ അതി ന്റെ ഭാഗ ത്തിനും 110 രൂപ |
| (ഒി) | ,, | 20000 കി.ഗ്രാമിൽ | | | | 4510.00+ ₹ 220 20000 കി. ഗ്രാമിൽ അധിക മുള്ള എല്ലാ 250 കി. ഗ്രാ മിനും അല്ലെ ങ്കിൽ അതി ന്റെ ഭാഗ ത്തിനും 220 രൂപ |

** ** ** **

| | | |
|---|---|---|
| 7. 1988-ലെ മോട്ടോർ വാഹന നിയമത്തിൻ കീഴിൽ പെർമിറ്റുകൾ നൽകിയിട്ടുള്ളതും വാടകയ്ക്കായി ഓടിക്കുന്നതും യാത്രക്കാരെ പരിവഹണം നടത്തുന്നതിന് ഉപയോഗിക്കുന്നതുമായ മോട്ടോർ വാഹനങ്ങൾ | | |
| (i) | കോൺട്രാക്ട് ക്യാരിയേജ് ആയി മാത്രം ഓടിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ | |
| (എ) | **** | |
| (ഇ) | കേരളത്തിൽ രജിസ്റ്റർ ചെയ്തതും 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 88-ാം വകുപ്പിന്റെ (9)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് വാങ്ങിയതിനു ശേഷം അന്തർസംസ്ഥാന തലത്തിൽ ഓടിക്കുന്നതുമായ വാഹനങ്ങൾ | |
| | (i) 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള സാധാരണ കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 1540.00 |
| | (ii) പുഷ്ബാക്ക് സീറ്റുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 2000.00 |
| | (iii) സ്ലീപ്പർ ബർത്തുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ട് പോകുന്നതിന് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 3000.00 |
| (എഫ്) | അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തതും 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്) 88-ാം വകുപ്പിന്റെ (8)-ഉം (9)-ഉം ഉപവകുപ്പുകൾ പ്രകാരം പെർമിറ്റ് വാങ്ങിയതിനുശേഷം കേരളത്തിൽ പ്രവേശിക്കുന്നതുമായ വാഹനങ്ങൾ | |
| | (i) 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള സാധാരണ കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 4000.00 |

| | | |
|---|---|---|
| | (ii)പുഷ്ബാക്ക് സീറ്റുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 6000.00 |
| | (iii)സ്ലീപ്പർ ബർത്തുകളുള്ളതും 6-ൽ കൂടുതൽ യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നതിന് അനുവദിച്ചിട്ടുള്ള കോൺട്രാക്റ്റ് ക്യാരിയേജ്-ഓരോ യാത്രക്കാരനും | 7000.00 |

** ** ** **

| | | |
|---|---|---|
| (iii) | സ്റ്റേജ് ക്യാരിയേജുകളായി മാത്രം ഓടിക്കാൻ അനുവദിച്ചിട്ടുള്ള വാഹനങ്ങൾ | |
| (എ) | **** | |
| (ബി) | **** | |
| (സി) | **** | |
| (ഡി) | സിറ്റിയിലോ ടൗണിലോ മാത്രം ഓടിക്കാൻ പെർമിറ്റുള്ള (സാധാരണയോ ഫാസ്റ്റ് പാസഞ്ചറോ എക്സ്പ്രസ്സ് സർവ്വീസോ) വാഹനമാണെങ്കിൽ അതിൽ യാത്ര ചെയ്യാൻ അനുവദിച്ചിട്ടുള്ള ഓരോ നിൽക്കുന്ന യാത്രക്കാരനും | 150.00 |

** ** ** **

9. മുകളിലുള്ള എട്ട് എന്ന ഖണ്ഡത്തിൽ പറയുന്ന വാഹനങ്ങളാൽ വലിക്കപ്പെടുന്ന ഡബിൾ ആക്സിൽ ട്രെയിലറുകളും കൂടുതലായുള്ളതോ ഉപയോഗിക്കാവുന്നതോ ആയ ട്രെയിലറുകളോടുകൂടിയ ആർട്ടിക്കുലേറ്റഡ് വാഹനത്തിനും ഈ പട്ടികയിലെ ക്ലിപ്ത നിബന്ധനയ്ക്ക് വിധേയമായി ഓരോ ട്രെയിലറിനും അല്ലെങ്കിൽ ആർട്ടിക്കുലേറ്റഡ് വാഹനത്തിനും

| | | | | | | |
|---|---|---|---|---|---|---|
| (എ) | കറിയാത്ത | 1000 കി.ഗ്രാം | | | ഉൽഭൃത ഭാരമുള്ള വാഹനം | 155.00 |
| (ബി) | കറിയുന്ന | 1000 കി.ഗ്രാം | കറിയാത്ത | 1500 കി.ഗ്രാം | ,, | 225.00 |
| (സി) | ,, | 1500 കി.ഗ്രാം | ,, | 2000 കി.ഗ്രാം | ,, | 350.00 |

| | | | | | | |
|---|---|---|---|---|---|---|
| (ഡി) | കവിയുന്ന | 2000 കി.ഗ്രാം | കവിയാത്ത | 3000 കി.ഗ്രാം | ഉൽഭൃത ഭാരമുള്ള വാഹനം | 460.00 |
| (ഇ) | ,, | 3000 കി.ഗ്രാം | ,, | 4000 കി.ഗ്രാം | ,, | 630.00 |
| (എഫ്) | ,, | 4000 കി.ഗ്രാം | ,, | 5500 കി.ഗ്രാം | ,, | 805.00 |
| (ജി) | ,, | 5500 കി.ഗ്രാം | ,, | 7000 കി.ഗ്രാം | ,, | 990.00 |
| (എച്ച്) | ,, | 7000 കി.ഗ്രാം | ,, | 9000 കി.ഗ്രാം | ,, | 1210.00 |
| (ഐ) | ,, | 9000 കി.ഗ്രാം | ,, | 9500 കി.ഗ്രാം | ,, | 1320.00 |
| (ജെ) | ,, | 9500 കി.ഗ്രാം | ,, | 10500 കി.ഗ്രാം | ,, | 1430.00 |
| (കെ) | ,, | 10500 കി.ഗ്രാം | ,, | 12000 കി.ഗ്രാം | ,, | 1540.00 |
| (എൽ) | ,, | 12000 കി.ഗ്രാം | ,, | 13000 കി.ഗ്രാം | ,, | 1650.00 |
| (എം) | ,, | 13000 കി.ഗ്രാം | ,, | 14000 കി.ഗ്രാം | ,, | 1760.00 |
| (എൻ) | ,, | 14000 കി.ഗ്രാം | ,, | 15000 കി.ഗ്രാം | ,, | 1870.00 |
| (ഒ) | ,, | 15000 കി.ഗ്രാം | ,, | | ,, | 1870.00+ ₹ 110 15000 കി. ഗ്രാമിൽ അധികമുള്ള എല്ലാ 250 കി. ഗ്രാമിനോ അതിന്റെ ഭാഗത്തിനോ |

** ** ** **

| | | |
|---|---|---|
| 12. ഈ പട്ടികയിൽ മുൻപറഞ്ഞ വ്യവസ്ഥകൾ പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥ മല്ലാത്ത മോട്ടോർ വാഹനങ്ങൾ:— | | |
| (എ) | ഭാരം കയറ്റാതെ തൂക്കം 750 കിലോഗ്രാമിൽ കവിയാത്തത് | 100.00 |
| (ബി) | ഭാരം കയറ്റാതെ തൂക്കം 750 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 1500 കിലോഗ്രാമിൽ കവിയാത്തതും | 110.00 |
| (സി) | ഭാരം കയറ്റാതെ തൂക്കം 1500 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 2250 കിലോഗ്രാമിൽ കവിയാത്തും | 145.00 |
| (ഡി) | ഭാരം കയറ്റാതെ തൂക്കം 2250 കിലോഗ്രാമിൽ കവിയുന്നത് | 165.00 |
| (ഇ) | കേടായ വാഹനങ്ങളെ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന ബ്രേക്ക് ഡൗൺ വാനും | 120.00 |

** ** ** **

| | | |
|---|---|---|
| 14. സംസ്ഥാനത്തിൽ താൽക്കാലിക ഉപയോഗത്തിനായി മറ്റേതെങ്കിലും രാജ്യത്തിൽനിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന മോട്ടോർ വാഹനങ്ങൾ:— | | |
| (എ) | ആദ്യത്തെ ഒരു മാസത്തിനോ അതിന്റെ ഒരു ഭാഗത്തിനോ തങ്ങുന്നതിന് | 10000.00 |
| (ബി) | തുടർന്നുവരുന്ന ഓരോ മാസത്തിനോ അതിന്റെ ഭാഗത്തിനോ തങ്ങുന്നതിന് | 5000.00 |

** ** ** **

## അനുബന്ധം II

# മൊത്തം നികുതി തുക

[3(1), 4(1) എന്നീ വകുപ്പുകളുടെ ക്ളിപ്ത നിബന്ധനകൾ കാണുക]

| *ക്രമ നമ്പർ* | *വാഹനത്തിന്റെ വിഭാഗം* | *5 വർഷത്തേക്കുള്ള നികുതി നിരക്ക് (രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| എ | പഴയ മോട്ടോർ സൈക്കിളുകളും യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടു കൂടിയ മോട്ടോർ സ്കൂട്ടറുകളും, സൈക്കിളുകളും ഉൾപ്പെടെ സൈഡ് കാറോടുകൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാത്തരത്തിലുമുള്ള ബൈ സൈക്കിളുകളും | 900 |
| ** | ** ** | ** 100 |
| | (i) 300 കിലോഗ്രാമിൽ കവിയാത്ത മോട്ടോർ സൈക്കിൾ ട്രക്കുകൾ | 2700 |
| | (ii) ജി.വി.ഡബ്ള്യൂ. 1000 കിലോഗ്രാമിൽ കവിയാത്ത ഗുഡ്സ് ക്യാരിയേജുകൾ | 4400 |
| | (iii) ജി.വി.ഡബ്ള്യൂ. 1000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 1500 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 8400 |
| | (iv) ജി.വി.ഡബ്ള്യൂ. 1500 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 2000 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 11000 |
| | (v) ജി. വി. ഡ ബ്ള്യൂ. 2000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 3000 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 14100 |

** ** ** **

# 1976-ലെ കേരള ആഡംബരങ്ങളിൽമേലുള്ള നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1976-ലെ 32)

** ** ** **

4. ആഡംബര നികുതി ചുമത്തുകയും പിരിക്കുകയും ചെയ്യൽ.— (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും ആഡംബരം,—

(i) ഒരു ഹോട്ടലിലോ, ഹൗസ് ബോട്ടിലോ, ഹാളിലോ, ആഡിറ്റോറിയത്തിലോ, കല്യാണമണ്ഡപത്തിലോ അല്ലെങ്കിൽ ഹോട്ടലുകളും ക്ളബ്ബുകളും കല്യാണമണ്ഡപവും അതുപോലെയുള്ള സ്ഥലങ്ങളോട് ചേർന്നുള്ളതുൾപ്പെടെ താമസസൗകര്യത്തിനായി വാടകയ്ക്ക് കൊടുത്തിട്ടുള്ളതോ പൊതു/സ്വകാര്യ എക്സിബിഷൻ മുതലായ ചടങ്ങുകൾ നടത്തുന്നതിന് ഉപയോഗിക്കുന്നതോ;

(ii) ഡയറക്ട്-റ്റു-ഹോം( ഡി.റ്റി. എച്ച്.) സേവന ദാതാവിനാലും;

(ii എ) ഒരു സർവ്വീസ്ഡ് അപ്പാർട്ട്മെന്റിലും;

(iii) ഒരു ഹോസ്പിറ്റലിലും; കൂടാതെ

(iv) ഒരു ഹോം സ്റ്റേയിലും

നൽകുന്ന പക്ഷം ഇതിനുശേഷം ആഡംബര നികുതി എന്നു വിളിക്കപ്പെടുന്ന ഒരു നികുതി ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്:

എന്നാൽ, ഈ ഉപവകുപ്പ്

(i) മതസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആരാധനാലയങ്ങളുടെ പരിസരത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ഹാളുകൾക്കും ആഡിറ്റോറിയങ്ങൾക്കും;

(ii) ഇൻഡ്യൻ റെയിൽവെ നടത്തിവരുന്ന റെയിൽവെ സ്റ്റേഷനുകളിലെ റിട്ടയറിംഗ് റൂമുകൾക്കും;

(iii) ഡോർമിറ്ററികൾക്കും;

ബാധകമാകുന്നതല്ല;

(2) ആഡംബര നികുതി ചുമത്തേണ്ടതും ഈടാക്കേണ്ടതും,—

(എ) ഒരു ഹോട്ടലിനെ സംബന്ധിച്ചിടത്തോളം, ഭക്ഷണവും മദ്യവും ഒഴികെ ഒരു ഹോട്ടലിൽ നൽകുന്ന താമസ സൗകര്യത്തിനും മറ്റ് സൗകര്യങ്ങൾക്കും സേവനങ്ങൾക്കും,—

(i) താമസ സൗകര്യത്തിനും മറ്റ് സൗകര്യങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും മുറികളെ സംബന്ധിച്ച് ആകെ ചാർജുകൾ പ്രതിദിനം ഇരുന്നൂറ് രൂപക്ക് മുകളിൽ അഞ്ഞൂറ് രൂപ വരെയുള്ള ഹോട്ടലുകൾക്ക് ഏഴര ശതമാനം നിരക്കിൽ മുറി ഓരോന്നിനും;

(ii) താമസ സൗകര്യത്തിനും മറ്റ് സൗകര്യങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും മുറികൾക്ക് ആകെ ചാർജുകൾ പ്രതിദിനം അഞ്ഞൂറ് രൂപക്ക് മുകളിൽ ഉള്ള ഹോട്ടലുകളെ സംബന്ധിച്ചിടത്തോളം പന്ത്രണ്ടര ശതമാനം നിരക്കിലും:

** ** ** **

എന്നിരുന്നാലും, ഓരോ വർഷവും ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ നൽകുന്ന താമസ സൗകര്യത്തിനും മറ്റ് സൗകര്യങ്ങൾക്കും സേവനങ്ങൾക്കും ഉള്ള ചാർജുകൾക്ക് (i)-ഉം (ii)-ഉം ഇനങ്ങളിൽ പരാമർശിച്ചിട്ടുള്ള നികുതി നിരക്ക് അഞ്ച് ശതമാനമായിരിക്കേണ്ടതാണ്:

** ** ** **

(സി) ഒരു കൺവെൻഷൻ സെന്റർ, ഹാൾ, കല്യാണമണ്ഡപം, ഹോട്ടലുകളോടനുബന്ധിച്ചിട്ടുള്ളതും ഉൾപ്പെടുന്നതുമായ ആഡിറ്റോറിയം, ക്ളബ്ബുകൾ അല്ലെങ്കിൽ അതുപോലെയുള്ള സ്ഥലങ്ങൾ സംബന്ധിച്ച് ഭക്ഷണവും ലഹരിപാനീയവും ഒഴികെ നൽകുന്ന താമസ സൗകര്യത്തിനും സർവ്വീസുകൾക്കുമുള്ള ചാർജിന്,--

** ** ** **

എന്നുമാത്രമല്ല, കേരള സർക്കാരിന്റെ വിനോദസഞ്ചാര വകുപ്പ് ഈ ആവശ്യത്തിലേക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിപ്രകാരം അംഗീകരിച്ചിട്ടുള്ള ദേശീയ, അന്തർദേശീയ കൺവെൻഷനുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംബന്ധിച്ച് (iii)-ാം ഇനത്തിൽ പരാമർശിച്ചിട്ടുള്ള നികുതി നിരക്ക് പത്ത് ശതമാനമായിരിക്കുന്നതാണ്. അങ്ങനെയുള്ള അംഗീകാരം അങ്ങനെയുള്ള പദ്ധതിയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള മാതൃകയിൽ, ഈ ആക്റ്റിൻകീഴിൽ ഫയൽ ചെയ്യുന്ന റിട്ടേണുകളോടൊപ്പം അസ്സസിംഗ് അതോറിറ്റി മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്;

(i) നൽകുന്ന താമസ സൗകര്യത്തിനും മറ്റ് സുഖസൗകര്യങ്ങൾക്കും സർവ്വീസുകൾക്കുമുള്ള മൊത്തം ചാർജ് മൂവായിരം രൂപയിൽ കവിയുന്നിടത്തും പ്രതിദിനം പതിനായിരം രൂപവരെയും, പത്ത് ശതമാനം നിരക്കിൽ;

(ii) നൽകുന്ന താമസ സൗകര്യത്തിനും മറ്റ് സുഖസൗകര്യങ്ങൾക്കും സർവ്വീസുകൾക്കുമുള്ള മൊത്തം ചാർജ് പതിനായിരം രൂപയിൽ കവിയുന്നിടത്തും പ്രതിദിനം ഇരുപതിനായിരം രൂപവരെയും, പതിനഞ്ച് ശതമാനം നിരക്കിൽ;

(iii) നൽകുന്ന താമസ സൗകര്യത്തിനും മറ്റ് സുഖസൗകര്യങ്ങൾക്കും സർവ്വീസുകൾക്കുമുള്ള മൊത്തം ചാർജ് പ്രതിദിനം ഇരുപതിനായിരം രൂപയിൽ കവിയുന്നിടത്ത് ഇരുപത് ശതമാനം നിരക്കിൽ;

** ** ** **

10എ എ. വീണ്ടും ഈടാക്കുന്നതിനുള്ള രീതി.—(1) നികുതിനിർണ്ണയ അധികാരി, ഏത് സമയത്തും അല്ലെങ്കിൽ കാലാകാലങ്ങളിൽ, രേഖാമൂലമുള്ള നോട്ടീസിനാൽ, നികുതിനിർണ്ണയ അധികാരിക്ക് ഉടമസ്ഥന്റെ അറിയാവുന്ന അവസാന മേൽവിലാസത്തിലേക്ക് ഒരു പകർപ്പ് അയച്ചുകൊടുക്കേണ്ടതും, ഉടമസ്ഥനുവേണ്ടി പണം കൈവശം വയ്ക്കുകയോ അല്ലെങ്കിൽ പിന്നീട് കൈവശം വയ്ക്കുകയോ അല്ലെങ്കിൽ കണക്ക് വയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും കോടതിയോടോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോടോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോടോ (ഒരു വ്യക്തി ഒഴികെ), പണം കുടിശ്ശിക ആകുകയോ അല്ലെങ്കിൽ കൈവശം വച്ചിരിക്കുകയാണെങ്കിൽ ഉടനടിയും അല്ലെങ്കിൽ നികുതി കുടിശ്ശികയോ, ഫീസോ അല്ലെങ്കിൽ പിഴയോ സംബന്ധിച്ച് ഉടമസ്ഥൻ കുടിശ്ശിക വരുത്തിയ പണം നൽകുന്നതിന് അത്രയും തുക മതിയാകുകയോ അല്ലെങ്കിൽ മുഴുവൻ തുകയും നികുതി കുടിശ്ശികയോ, ഫീസോ അല്ലെങ്കിൽ പിഴയ്ക്കോ തുല്യമാവുകയോ അല്ലെങ്കിൽ കുറവാകുകയോ ആണെങ്കിൽ ആയത് നോട്ടീസിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിലും (പണം കുടിശ്ശികയാകുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നതിന് മുമ്പല്ലാതെ) നികുതി നിർണ്ണയ അധികാരിക്ക് നൽകുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

** ** ** **

(6) നികുതി നിർണ്ണയ അധികാരിക്ക് കൊടുക്കാൻ ഒരു കോടതിയോടോ അല്ലെങ്കിൽ സർക്കാരിലെ ഒരു ഉദ്യോഗസ്ഥനല്ലാത്ത ഏതെങ്കിലും ആളോട് ഏതെങ്കിലും തുക ഈ വകുപ്പുപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളിടത്തോ അല്ലെങ്കിൽ അതോ അല്ലെങ്കിൽ അയാളോ നികുതി നിർണ്ണയ അധികാരിയോട് കടപ്പെട്ടിരിക്കുന്നിടത്ത്, അത് കൊടുക്കാതിരിക്കുകയാണെങ്കിൽ, അങ്ങനെയുള്ള കോടതിയുടെയോ അല്ലെങ്കിൽ ആളുടെയോ അതതു സംഗതിപോലെ, സ്വത്തുക്കളിലുള്ള ഒരു ചാർജായിരിക്കുന്നതും, അത് ഭൂമിയിൽ നിന്നും കിട്ടാനുള്ള പൊതു നികുതി കുടിശ്ശിക എന്നപോലെ ഈടാക്കാവുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഉടമസ്ഥന് കിട്ടേണ്ടതായ തുകയോ അല്ലെങ്കിൽ "ഏതെങ്കിലും കോടതിയോ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റൊരാളോ ഉടമസ്ഥന്റെ പണമോ അയാളുടെ കണക്കോ സൂക്ഷിക്കുമ്പോൾ അത് എത്രയാണെന്ന് കണക്കാക്കുമ്പോൾ അങ്ങനെയുള്ള കോടതിയോ അല്ലെങ്കിൽ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റൊരാളോ അതതു സംഗതിപോലെ, നൽകാൻ വീഴ്ച വരുത്തിയതും പണം നിയമാനുസൃതം കൊടുത്തു തീർക്കാനുണ്ടെങ്കിൽ അതും കണക്കിലെടുത്തുകൊണ്ട് നിയമപരമായി നിലനിൽക്കുന്നതുമായ എല്ലാ അവകാശങ്ങളും കണക്കിലെടുക്കേണ്ടതാണ്.

** ** ** **

# 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1991-ലെ 15)

** ** ** **

## പട്ടിക

(3-ാം വകുപ്പ് കാണുക)

## കാർഷികാദായ നികുതി നിരക്ക്

(1) ഒരു കമ്പനിയോ സഹകരണ സംഘമോ അല്ലാതെയുള്ള ഒരു ആളിന്റെ സംഗതിയിൽ:

| | |
|---|---|
| (എ) മൊത്തം കാർഷികാദായം നാല്പതിനായിരം രൂപയിൽ കവിയാത്തിടത്ത് | ഇല്ല |
| (ബി) മൊത്തം കാർഷികാദായം നാല്പതിനായിരം രൂപയിൽ കവിയുകയും എന്നാൽ അറുപതിനായിരം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | നാല്പതിനായിരം രൂപയിൽ കൂടുതലുള്ളമൊത്തം കാർഷികാദായ തുകയുടെ പത്ത് ശതമാനം |
| (സി) മൊത്തം കാർഷികാദായം അറുപതിനായിരം രൂപയിൽ കവിയുകയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | രണ്ടായിരം രൂപയും കൂടാതെ അറുപതിനായിരം രൂപയിൽ കൂടുതലുള്ള മൊത്തം കാർഷികാദായ തുകയുടെ ഇരുപത് ശതമാനം |
| (ഡി) മൊത്തം കാർഷികാദായം ഒരു ലക്ഷം രൂപയിൽ കവിയുന്നിടത്ത് | പതിനായിരം രൂപയും കൂടാതെ ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള മൊത്തം കാർഷികാദായ തുകയുടെ മുപ്പതു ശതമാനം |

(2) ഒരു ഫേമിന്റെ കാര്യത്തിൽ മൊത്തം കാർഷികാദായത്തിന്റെ മുപ്പത്തിയഞ്ച് ശതമാനം,—

(3) ഒരു ആഭ്യന്തര കമ്പനിയുടെയോ അഥവാ സഹകരണ സംഘത്തിന്റെയോ കാര്യത്തിൽ,—

| | |
|---|---|
| (എ) മൊത്തം കാർഷികാദായം 25,000 രൂപയിൽ കവിയാത്തിടത്ത് | മൊത്തം കാർഷികാദായത്തിന്റെ 35 ശതമാനം |

| | |
|---|---|
| (ബി) മൊത്തം കാർഷികാദായം 25,000 രൂപയിൽ കവിയുകയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | മൊത്തം കാർഷികാദായത്തിന്റെ 40 ശതമാനം |
| (സി) മൊത്തം കാർഷികാദായം ഒരു ലക്ഷം രൂപയിൽ കവിയുകയും എന്നാൽ 3 ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | മൊത്തം കാർഷികാദായത്തിന്റെ 45 ശതമാനം |
| (ഡി) മൊത്തം കാർഷികാദായം 3 ലക്ഷം രൂപയിൽ കവിയുന്നിടത്ത് | മൊത്തം കാർഷികാദായത്തിന്റെ 50 ശതമാനം |

(4) ഒരു വിദേശ കമ്പനിയുടെ കാര്യത്തിൽ മൊത്തം കാർഷികാദായത്തിന്റെ എൺപതു ശതമാനം.

** ** ** **

# 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2004-ലെ 30)

** ** ** **

## നികുതി ബാദ്ധ്യതയും ചുമത്തലും

6. <u>ചരക്കുകൾ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതിന് നികുതി ചുമത്തൽ.</u>— (1) ഒരു വർഷത്തെ മൊത്തം വിറ്റുവരവ് പത്ത് ലക്ഷം രൂപയിൽ കുറയാത്ത ഓരോ വ്യാപാരിയോ ഓരോ ഇറക്കുമതിക്കാരനോ വല്ലപ്പോഴും കച്ചവടം ചെയ്യുന്ന ആളോ നിവാസേതര വ്യാപാരിയുടെ ഏജന്റോ സ്വർണ്ണം, വെള്ളി, പ്ളാറ്റിനം വിഭാഗത്തിൽപ്പെട്ട ലോഹങ്ങളിലുള്ള ആഭരണങ്ങളുടെ അഥവാ വെള്ളിയിലുള്ള സാധനങ്ങളുടെ വ്യാപാരിയോ കരാറുകാരനോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്രഭരണ പ്രദേശത്തെ സർക്കാരോ അതിന്റെ ഏതെങ്കിലും വകുപ്പോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ ഏതെങ്കിലും സ്വയംഭരണനികായമോ അല്ലെങ്കിൽ ഏതെങ്കിലും മൾട്ടിലെവൽ മാർക്കറ്റിംഗ് സ്ഥാപനമോ മൾട്ടിലെവൽ മാർക്കറ്റിംഗിൽ ഏർപ്പെട്ടിരിക്കുന്ന അവരുടെ വിതരണക്കാരനും ഏജന്റും അല്ലെങ്കിൽ വിതരണക്കാരനോ ഏജന്റോ ആ വർഷത്തെ അയാളുടെ മൊത്തം വിറ്റുവരവ് എത്രയായിരുന്നാലും അയാൾ, അയാളുടെ സാധനങ്ങളുടെ വിറ്റുവരവിന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനാണ്,—

(എ) രണ്ടും മൂന്നും പട്ടികകളിൽ വിനിർദ്ദേശിച്ചിട്ടുള്ള ചരക്കുകളുടെ സംഗതിയിൽ, അങ്ങനെയുള്ള ചരക്കുകളുടെ സംസ്ഥാനത്തിനകത്തു നടത്തുന്ന വിൽപ്പനയുടെ എല്ലാ ഘട്ടങ്ങളിലും, അവയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിലും, അവയിൽ താഴെ വിനിർദ്ദേശിച്ചിരിക്കുന്ന ചരക്കുകളുടെ സംഗതിയിൽ, സംസ്ഥാനത്തിനകത്ത് അങ്ങനെയുള്ള ചരക്കുകളുടെ വില്പനയുടെ എല്ലാ ഘട്ടത്തിലും, (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന നിരക്കിലും, അതായത്:—

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്.എസ്.എൻ. കോഡ്* | *നികുതി നിരക്കുകൾ ശതമാനത്തിൽ* |
|---|---|---|---|
| *(1)* | *(2)* | *(3)* | *(4)* |
| (1) | പുകയിലയുടെയോ പുകയിലയ്ക്ക് പകരമുള്ളതിന്റെയോ, സിഗാർസ്, ചെറൂട്സ്, സിഗറില്ലോസ്, സിഗററ്റ്സ് | | |
| (2) | സോഡ ഒഴികെയുള്ള ഏയ്റേറ്റഡ് ബ്രാൻഡഡ് ലഘുപാനീയങ്ങൾ | *** | 20 |

| (1) | (2) | (3) | (4) |
|---|---|---|---|
| (3) | സാധനങ്ങൾ വഹിക്കുന്നതിന് വെസ്റ്റ് ടൈപ്പ് സ്വയംവാഹക സവിശേഷതയുള്ള പോളിപ്രപ്പെലിൻ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് കൊണ്ടുനിർമ്മിച്ച ക്യാരിബാഗുകൾ | *** | 20 |
| (3എ) | പ്ലാസ്റ്റിക് കൊണ്ടു നിർമ്മിച്ച ഡിസ്പോസിബിൾ പ്ലേറ്റുകളും കപ്പുകളും ഇലകളും സ്റ്റൈറോ ഫോമും സ്റ്റൈറോഫോം ഷീറ്റുകളും ഉൾപ്പെടെ | *** | 20 |
| (3ബി) | പോളിവീനൈൽ ക്ലോറൈഡ് പോളി എത്‌ലീൻ എന്നിവ കൊണ്ടുള്ള അച്ചടിച്ച ബാനറുകളും പരസ്യ ഫലകങ്ങളും ഫ്ലെക്സ്ബോർഡുകളും മറ്റ് പ്ലാസ്റ്റിക് ഷീറ്റുകളും | *** | 20 |
| (4) | പാൻ മസാല | 2106.90.20 | 22.5 |
| (5) | പാനിനുവേണ്ടിയുള്ള ചൂർണ്ണം | 2106.90.70 | 22.5 |
| (6) | പാൻ ചട്നി | *** | 22.5 |
| (7) | മറ്റ് നിർമ്മിത പുകയിലയും നിർമ്മിത പുകയിലയ്ക്ക് പകരമുള്ളതും ഹോമോജി നൈസ്ഡോ പുനർ നിർമ്മിച്ചതോ ആയ പുകയില, പുകയില എക്സ്ട്രാറ്റുകളും എസ്സൻസുകളും | 2403 | 22.5 |

** ** ** **

എന്നുതന്നെയുമല്ല, കോസ്റ്റൽ കാർഗോ വെസലിന് ഇന്ധനമായി ഫർനസ് ഓയിലിന്റെ വിൽപ്പനയ്ക്കുള്ള നികുതി നിരക്ക്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, 5 ശതമാനമായിരിക്കുന്നതാണ്.

** ** ** **

"(7) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) 1966-ലെ കേരള റേഷനിംഗ് ഉത്തരവു പ്രകാരം അരി, ഗോതമ്പ്, മണ്ണെണ്ണ തുടങ്ങിയ റേഷൻ സാധനങ്ങൾ മാത്രം വിതരണം നടത്തുന്ന ഏതെങ്കിലും അംഗീകൃത ഹോൾസെയിൽ അല്ലെങ്കിൽ റീട്ടെയിൽവിതരണക്കാരൻ അങ്ങനെയുള്ള ചരക്കുകളുടെ വിറ്റുവരവിൻമേൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങളോ വ്യവസായ യൂണിറ്റുകളോ ഏതെങ്കിലും പ്രോത്സാഹകരുമായി ബന്ധപ്പെട്ട് യൂണിറ്റ് സ്ഥാപിക്കുന്നതിനോ മറ്റ് സാധനങ്ങളുടെ നിർമ്മാണത്തിൽ ഉപയോഗിക്കുന്നതിനോ ഏതെങ്കിലും കെട്ടിടനിർമ്മാണ സാധനങ്ങൾ, വ്യാവസായിക നിക്ഷേപങ്ങൾ, പണിയായുധങ്ങൾ, സ്പെയേഴ്സ്, ഘടകങ്ങൾ ഉൾപ്പെടെയുള്ള പ്ളാന്റും മെഷിനറിയും ഉപഭോഗവസ്തുക്കൾ എന്നിവയുടെ വിൽപ്പന നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതാണ്.''

എന്നാൽ, ഈ ഖണ്ഡത്തിൽ ഉൾപ്പെട്ട ഒഴിവാക്കൽ, ഒരു സബ്കോൺട്രാക്ടർ മുഖേന നടത്തുന്ന ഒരു കരാർ പണിയിൽ ഉൾപ്പെടുന്ന കൽപ്പിത വിൽപ്പനയ്ക്കും ബാധകമാകുന്നതാണ്.

** ** ** **

8. <u>കോമ്പൗണ്ട് ചെയ്ത നിരക്കിൽ നികുതികൊടുക്കൽ</u>.—6-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) (i) കരാർ പണിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ അന്യ രാജ്യത്തിൽ നിന്നോ ഏതെങ്കിലും ചരക്ക് ഇറക്കുമതി ചെയ്യുകയും അല്ലെങ്കിൽ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റിലെ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളിൻ കീഴിൽ രജിസ്റ്റർചെയ്യപ്പെട്ടിരിക്കുകയും ചെയ്യുന്ന ഇന്റീരിയർ ഡെക്കറേഷനും ഫർണിഷിംഗ് കരാറുകളും, ഇലക്ട്രിക്കൽ റെഫ്രിജറേഷൻ അല്ലെങ്കിൽ എയർ കണ്ടീഷനിംഗ് കരാറുകൾ അല്ലെങ്കിൽ പ്ളാന്റുകൾ, യന്ത്രങ്ങൾ, റോളിംഗ് ഷട്ടറുകൾ, ക്രെയിനുകൾ, ഹോയിസ്റ്റുകൾ, എലിവേറ്ററുകൾ (ലിഫ്റ്റുകൾ), എസ്കലേറ്ററുകൾ, ജനറേറ്ററുകൾ, ജനറേറ്റിംഗ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഭാരം തൂക്കി നോക്കുന്ന യന്ത്രങ്ങൾ, എയർ കണ്ടീഷണറുകൾ, എയർ കൂളറുകൾ, ഡീപ്ഫ്രീസറുകൾ എന്നിവയുടെ വിതരണവും സ്ഥാപിക്കലും എല്ലാത്തരത്തിലുള്ള ഓടുകൾ (തറ ഓടുകൾ ഒഴികെ), സ്ളാബുകൾ, കല്ലുകൾ (മാർബിൾ ഉൾപ്പെടെ) എന്നിവ പാകുന്നതിനുള്ള കരാറുകൾ എന്നിവ ഏറ്റെടുക്കുന്നവർ ഒഴികെയുള്ള ഏതെങ്കിലും കരാർ ജോലിക്കാരന, അയാളുടെ ഇച്ഛാനുസരണം, 6-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കനുസൃതമായി നികുതി നൽകന്നതിനുപകരം മൊത്തം കരാർ തുകയുടെ ഏഴ് ശതമാനം നിരക്കിൽ നികുതി നൽകാവുന്നതാണ്:

എന്നാൽ, കേരള സർക്കാരോ, കേരള ജല അതോറിട്ടിയോ, തദ്ദേശാധികാര സ്ഥാനങ്ങളോ നൽകിയ കരാർ ജോലികളെ സംബന്ധിച്ച് അങ്ങനെയുള്ള കരാർ ജോലിക്കാരൻ ഈ ഉപഖണ്ഡത്തിൻകീഴിൽ നൽകേണ്ടതായ കോമ്പൗണ്ട് ചെയ്ത നികുതി എന്നത് മൊത്തം കരാർ തുകയുടെ അഞ്ച് ശതമാനമായിരിക്കുന്നതാണ്.

(ii) മുകളിലെ (i)-ാം ഖണ്ഡത്തിലെ വിവരണത്തിൽ ഉൾപ്പെടാത്ത ഏതെങ്കിലും കരാർ ജോലിക്കാരന്, അയാളുടെ ഇച്ഛാനുസരണം, പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നികുതി നൽകുന്നതിനുപകരം മൊത്തം കരാർ തുകയുടെ നാല് ശതമാനം നിരക്കിൽ നികുതി നൽകാവുന്നതാണ്:

എന്നാൽ, സാധനങ്ങളുടെ കൈമാറ്റം ചരക്കുകളുടെ രൂപത്തിലായിട്ടുള്ള ഏതൊരു കരാർ ജോലിക്കും ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു വർഷത്തിൽ അയാൾ ഏറ്റെടുത്ത എല്ലാ ജോലികളെ സംബന്ധിച്ചും ഈ ഖണ്ഡത്തിനനുസൃതമായി കോമ്പൗണ്ട് ചെയ്ത നിരക്കിൽ നികുതി നൽകാൻ ഉദ്ദേശിക്കുന്ന ഒരു കരാർ ജോലിക്കാരന്, ഓരോ ജോലിക്കും കോമ്പൗണ്ട് ചെയ്യുന്നതിനുള്ള പ്രത്യേക അപേക്ഷ നൽകുന്നതിനുപകരം, അർഹതയ്ക്ക് വിധേയമായി, ഓപ്ഷൻ സംബന്ധിച്ച് വർഷത്തിന്റെ ഏപ്രിൽ 30-ാം തീയതിക്കു മുമ്പായി ഈ ഖണ്ഡത്തിൻകീഴിൽ നികുതി നൽകുന്നതിനുള്ള ഒരു ഒറ്റ ഓപ്ഷൻ ഫയൽ ചെയ്യാവുന്നതാണ്:

എന്നിരുന്നാലും, ഈ ഖണ്ഡത്തിൻകീഴിൽ കോമ്പൗണ്ട് ചെയ്തതും 2014 മാർച്ച് 31-ാം തീയതിയിൽ പൂർണ്ണമായോ ഭാഗികമായോ ചെയ്തുതീർക്കാത്തതുമായ ഏതെങ്കിലും ജോലിയുടെ കാര്യത്തിൽ, കരാറുകാരൻ, അയാൾ കോമ്പൗണ്ട് ചെയ്യുന്നതിന് തെരഞ്ഞെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന പ്രകാരമുള്ള ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾക്കനുസൃതമായി 2015 മാർച്ച് 31-ാം തീയതി വരെ അങ്ങനെയുള്ള ജോലികളെ സംബന്ധിച്ച് നികുതി നൽകുന്നത് തുടരാവുന്നതാണ്:

** ** ** **

വിശദീകരണം 3. കെട്ടിട നിർമ്മാണത്തിനുള്ള ഒരു കോമ്പോസിറ്റ് കരാർ, ഈ ഉപഖണ്ഡത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ജോലികൾ കരാറിൽ ഉൾപ്പെടുന്നുണ്ട് എന്ന കാരണത്താൽ മാത്രം പ്രസ്തുത ഉപഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള സ്വഭാവത്തോടുകൂടിയ കരാർ ആയി കരുതപ്പെടുവാൻ പാടുള്ളതല്ല.

** ** ** **

(എഫ്) (i) ബുലിയനുകളുടെ അല്ലെങ്കിൽ വജ്രം ഉൾപ്പെടെ സ്വർണ്ണം, വെള്ളി അല്ലെങ്കിൽ പ്ലാറ്റിനം വിഭാഗത്തിൽപ്പെട്ട ലോഹങ്ങൾ കൊണ്ടുള്ള ആഭരണങ്ങളുടെയോ പാത്രങ്ങളുടെയോ അല്ലെങ്കിൽ സാധനങ്ങളുടെയോ ഏതൊരു വ്യാപാരിക്കും അയാളുടെ ഇച്ഛാനുസരണം, അങ്ങനെയുള്ള ചരക്കുകളെ സംബന്ധിച്ച്, സംസ്ഥാനത്ത് നടത്തുന്ന അവയുടെ വിൽപ്പനയിൻമേൽ, 6-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നികുതി നൽകുന്നതിനുപകരം താഴെപ്പറയുന്ന നിരക്കിൽ നികുതി നൽകേണ്ടതാണ്.

** ** ** **

(v) ഈ ആക്റ്റിലെ 55-ാം വകുപ്പിലോ 60-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും (ii)-ാം ഉപഖണ്ഡപ്രകാരമുള്ള ഉത്തരവുകൾക്കെതിരെ അപ്പലേറ്റ് ട്രിബ്യൂണലുകൾക്കു മുൻപാകെ മാത്രമേ അപ്പീൽ നൽകുവാൻ പാടുള്ളൂ.

** ** ** **

9. തെളിവ് ഭാരം.—വ്യാപാരിയുടെ ഏതെങ്കിലും ഇടപാട് ഈ ആക്റ്റ് പ്രകാരമുള്ള നികുതിക്ക് വിധേയമല്ലെന്ന് തെളിയിക്കേണ്ട ബാധ്യത അങ്ങനെയുള്ള വ്യാപാരിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

** ** ** **

11. നിക്ഷേപവിഭവ നികുതി ഇളവ് (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്).—(1) ഈ വകുപ്പിലെ മറ്റു വ്യവസ്ഥകൾക്കു വിധേയമായി 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥനായ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു വ്യാപാരിക്കും നിക്ഷേപവിഭവ നികുതി ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** **

(5) യാതൊരു നിക്ഷേപവിഭവ നികുതിഇളവും (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്),—

(എ) രജിസ്റ്റർ ചെയ്യാത്ത ഒരു വ്യാപാരിയിൽ നിന്നോ 6-ാം വകുപ്പിനു കീഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥനല്ലാത്ത ഒരു വ്യാപാരിയിൽ നിന്നോ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ടിട്ടുള്ള ഒരു വ്യാപാരിയിൽ നിന്നോ ഉള്ള;

** ** ** **

(ഒ) 2-ാം വകുപ്പ് (x) ഖണ്ഡത്തിൻകീഴിൽ വിജ്ഞാപനം ചെയ്ത സാധനങ്ങളുടെയോ വാങ്ങലിൻമേൽ അനുവദിക്കുന്നതല്ല.

എന്നാൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു അനുസൃതമായി, ഒരു വ്യാപാരി ഡിഫറൻഷ്യൽ നികുതി അടയ്ക്കുന്നപക്ഷം അയാൾക്ക 2010 സെപ്റ്റംബർ 30 വരെയുള്ള കാലയളവിലേക്ക് അതിനുശേഷം അടച്ച നികുതി തുകയ്ക്ക് ഡെബിറ്റ് നോട്ട് കൊടുക്കാവുന്നതും, വാങ്ങിയ വ്യാപാരിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി ഡെബിറ്റ് നോട്ടിൽ ഉൾപ്പെട്ടിരിക്കുന്ന നികുതി, നിക്ഷേപവിഭവ നികുതി ഇളവായി അവകാശപ്പെടാവുന്നതുമാണ്.

** ** ** **

20എ. കാലതാമസം മാപ്പാക്കൽ.—(1) പ്രദേശത്ത് അധികാരിതയുള്ള ഡെപ്യൂട്ടി കമ്മീഷണർമാർക്ക് എഴുതി രേഖപ്പെടുത്തിയ സാധുവായതും മതിയായതും ആയ കാരണങ്ങളിൻമേൽ കാലതാമസം മാപ്പാക്കാവുന്നതാണ്,—

** ** ** **

(2) കേരള സർക്കാരോ കേരള ജല അതോറിറ്റിയോ തദ്ദേശാധികാര സ്ഥാനങ്ങളോ നൽകിയിട്ടുള്ള കരാർ പണികളെ സംബന്ധിച്ച്, കമ്മീഷണർക്ക്, എഴുതി

രേഖപ്പെടുത്തിയ സാധുവായതും മതിയായതുമായ കാരണങ്ങളാൽ, ഈ ആക്റ്റിൻ കീഴിൽ നിർണ്ണയിച്ച പ്രകാരം വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള തീയതി വരെ 8-ാം വകുപ്പ് പ്രകാരം ഓപ്ഷൻ ഫയൽ ചെയ്യുന്നതിനുള്ള കാലതാമസം മാപ്പാക്കാവുന്നതാണ്. കാലതാമസം മാപ്പാക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ കാരണങ്ങൾ കാണിച്ചുകൊണ്ട് ഓപ്ഷൻ നിരാകരിച്ചുകൊണ്ടുള്ള നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥന്റെ ഉത്തരവിനോടൊപ്പം സമർപ്പിക്കണ്ടതാണ്.

** ** ** **

"25സി. ആനുമാനിക നികുതി നൽകുന്ന വ്യാപാരികളുടെ നികുതി നിർണ്ണയം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.— 11-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിലോ 12-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 6-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള ഉപാധികൾ ലംഘിച്ചതിന് ഒരു വ്യാപാരിക്ക് ആനുമാനിക നികുതി അടയ്ക്കുവാനുള്ള അർഹത നിഷേധിച്ചുകൊണ്ട് നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥൻ ഏതെങ്കിലും നികുതി നിർണ്ണയമോ മറ്റ് നടപടിയോ ആരംഭിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള വ്യാപാരിക്ക് അതതു സംഗതിപോലെ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ പ്രത്യേക ഇളവ് അനുവദിക്കേണ്ടതാണ്.";

** ** ** **

40. വ്യാപാരികൾ ശരിയായതും കൃത്യവുമായ കണക്ക് വച്ചുപോരണമെന്ന്.— ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ ആളും ഈ ആക്റ്റ് പ്രകാരം സ്വയം രജിസ്റ്റർ ചെയ്യപ്പെടാൻ ബാദ്ധ്യസ്ഥനായ ഓരോ വ്യാപാരിയും ജോലി ചെലവ് ഒരു കോടി രൂപയിൽ കവിയുന്നിടത്ത്, സർക്കാർ വകുപ്പുകളും തദ്ദേശാധികാര സ്ഥാപനങ്ങളും അല്ലാത്ത, ഓരോ അവാർഡറും നിർണ്ണയിക്കപ്പെട്ട രീതിയിൽ നടത്തിയ നോട്ടീസുമൂലം അപ്രകാരം ചെയ്യാൻ അധികാരസ്ഥൻ ആവശ്യപ്പെട്ടിരിക്കുന്ന മറ്റ് യാതൊരു വ്യാപാരിയും തന്റെ വ്യാപാരം സംബന്ധിച്ച് ശരിയായതും കൃത്യവുമായ കണക്കുകളും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് റിക്കാർഡുകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ കാണിച്ചുകൊണ്ട് മലയാളത്തിലോ, തമിഴിലോ, കന്നടയിലോ, ഇംഗ്ലീഷിലോ സൂക്ഷിക്കുകയും വച്ചുപോരേണ്ടതുമാണ്. വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട വ്യാപാരികൾക്കുവേണ്ടി വ്യത്യസ്ത വിവരങ്ങൾ നിർണ്ണയിക്കാവുന്നതുമാണ്:

എന്നാൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പരിമിതികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഇലക്ട്രോണിക് ബില്ലിംഗും അക്കൗണ്ടിംഗും ഉപയോഗിക്കുന്നതിന് വ്യാപാരികളെ അനുവദിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഏജന്റന്മാരായി പ്രവർത്തിച്ചുകൊണ്ട് ലേല വിൽപ്പന നടത്തുന്ന ലേല നടത്തിപ്പുകാർ, ലേലത്തിനായി ലഭിച്ച ചരക്കുകളുടെയും, ലേലത്തിൽ വിറ്റഴിച്ച ചരക്കുകളുടെയും, ലേലം നടത്താനാവാതെ ഉടമസ്ഥന് തിരികെ നൽകിയ ചരക്കുകളുടെയും വിശദവിവരങ്ങൾ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സൂക്ഷിച്ചുപോരേണ്ടതാണ്.

** ** ** **

42. അക്കൗണ്ടുകളുടെ ആഡിറ്റും റിട്ടേണുകളുടെ സാക്ഷ്യപ്പെടുത്തലും.—(1) വർഷം അറുപത് ലക്ഷത്തിലധികം രൂപയുടെ മൊത്തം വിറ്റുവരവ് ഉള്ള ഓരോ വ്യാപാരിയും അയാളുടെ അക്കൗണ്ടുകൾ ഒരു ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ടോ കോസ്റ്റ് അക്കൗണ്ടിനെക്കൊണ്ടോ ആഡിറ്റ് ചെയ്യിക്കേണ്ടതും അക്കൗണ്ടുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റിന്റെ പകർപ്പും സർട്ടിഫിക്കറ്റും നിർണ്ണയിക്കപ്പെട്ട രീതിയിൽ സമർപ്പിക്കേണ്ടതാണ്:

എന്നാൽ 1969-ലെ കേരള സഹകരണ സംഘം ആക്റ്റിൻ (1969-ലെ 21) കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘത്തിന് മുകളിൽ പരാമർശിച്ച സ്റ്റേറ്റുമെന്റിനും സർട്ടിഫിക്കറ്റിനും പകരമായി, അക്കൗണ്ടുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റിന്റേയും സഹകരണ സംഘം രജിസ്ട്രാർ നൽകിയ സർട്ടിഫിക്കറ്റിന്റെയും ഒരു പകർപ്പ്, വാർഷിക റിട്ടേൺ ഏതു വർഷവുമായി ബന്ധപ്പെട്ടതാണോ അതിനെത്തുടർന്ന് വരുന്ന വർഷം ഡിസംബർ 31-ാം തീയതിയിലോ, അതിനുമുമ്പായോ സമർപ്പിക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകൾ, മുകളിൽ പരാമർശിച്ചിട്ടുള്ള സ്റ്റേറ്റുമെന്റിനും സർട്ടിഫിക്കറ്റിനും പകരമായി ആഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ സ്റ്റേറ്റുമെന്റിന്റെയും കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെയും പകർപ്പ് സമർപ്പിക്കേണ്ടതാണ്.

** ** ** **

46. ചെക്ക് പോസ്റ്റ് സ്ഥാപിക്കലും ചരക്കുകളോടൊപ്പം കൊണ്ടുപോകേണ്ട രേഖകളും.—(1) ഈ ആക്റ്റിൻകീഴിൽ നികുതി വെട്ടിപ്പ് തടയുക അല്ലെങ്കിൽ ചെറുക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്തിനകത്തെ ഏതെങ്കിലും സ്ഥലത്തോ സ്ഥലങ്ങളിലോ അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്ന് സർക്കാർ കരുതുകയാണെങ്കിൽ അങ്ങനെയുള്ള പ്രദേശങ്ങളെ അവർക്ക് ഗസറ്റ് വിജ്ഞാപനം വഴി വിജ്ഞാപനം ചെയ്യാവുന്നതും, ഇതിനുശേഷം വിജ്ഞാപിത പ്രദേശം എന്നാണ് പരാമർശിക്കപ്പെടുക, വിജ്ഞാപിത പ്രദേശത്തുകൂടി ചരക്കുകളുടെ കടത്തൽ നിയന്ത്രിക്കുകയെന്ന ആവശ്യത്തിനുവേണ്ടി, അങ്ങനെയുള്ള സ്ഥലത്തോ സ്ഥലങ്ങളിലോ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും, അത്തരം വിജ്ഞാപിത പ്രദേശത്തിന്റെ അതിരുകൾ നിർവ്വചിക്കുന്നതിനും ചുങ്കവേലികളോ അല്ലെങ്കിൽ മറ്റ് രീതികളോ ഉപയോഗിച്ച് അത്തരം അതിരുകൾ വേർതിരിക്കുന്നതിനും നിർദ്ദേശിക്കാവുന്നതാണ്".

** ** ** **

(3) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, യാതൊരാളും സംസ്ഥാനത്തിനകത്തെ, വിജ്ഞാപനം ചെയ്ത പ്രദേശത്ത് കൂടിയോ അതിനപ്പുറത്തേക്കോ നിർണ്ണയിക്കപ്പെടാവുന്ന അളവിലോ, മൂല്യത്തിലോ കവിഞ്ഞ യാതൊരു ചരക്കും ഏതെങ്കിലും വാഹനമോ ഉരുവോവഴി, തന്റെ കൈവശം,—

(എ) ഒരു നികുതി ഇൻവോയ്സോ ഡെലിവറി നോട്ടോ അഥവാ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങളടങ്ങിയ ഉടമാവകാശ സർട്ടിഫിക്കറ്റോ അതും;

** ** ** **

(ഇ) തീരദേശ കാർഗോ വഴിയോ, വായുമാർഗ്ഗം വഴിയോ റയിൽവേ വഴിയോ സംസ്ഥാനത്തിനകത്തേക്ക് ചരക്കുകൾ ഇറക്കുമതി ചെയ്യുന്നിടത്ത്, ഇറക്കുമതിക്കാർ അല്ലെങ്കിൽ ക്ലിയറിംഗ് ഏജന്റുമാർ, ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും, അങ്ങനെയുള്ള ചരക്കുകൾ എത്തിച്ചേരുമ്പോൾ, ഇറക്കുമതി സ്ഥലത്തിനുമേൽ അധികാരിതയുള്ള വാണിജ്യ നികുതി ഉദ്യോഗസ്ഥൻ മുമ്പാകെ, നിർണ്ണയിക്കപ്പെട്ട പ്രകാരം ഒരു പ്രഖ്യാപനം നൽകേണ്ടതാണ്. സംസ്ഥാനത്തിനകത്തോ അല്ലെങ്കിൽ സംസ്ഥാനത്ത് ഉടനീളമോ അങ്ങനെയുള്ള ചരക്കുകൾ കടത്തിക്കൊണ്ടുപോകുന്ന വാഹനത്തിന്റേയോ/യാനത്തിന്റെയോ ചാർജ്ജുള്ള പരിവഹണക്കാരൻ/ആൾ ബന്ധപ്പെട്ട അധികാരസ്ഥാനം യഥാവിധി അംഗീകരിച്ച അങ്ങനെയുള്ള പ്രഖ്യാപനത്തിന്റെ ഒരു പകർപ്പ് സൂക്ഷിക്കേണ്ടതും ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ സത്യബോധ്യപ്പെടുത്തലിനായി ഹാജരാക്കേണ്ടതുമാണ്''.

** ** ** **

47. <u>കടത്തിക്കൊണ്ടുപോകുന്ന ചരക്കുകളുടെ പരിശോധനയ്ക്കുള്ള നടപടിക്രമം.</u>—(1) വിജ്ഞാപനം ചെയ്ത ഒരു പ്രദേശത്തിന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ അപ്രകാരം ആവശ്യപ്പെടുമ്പോൾ ആ വിജ്ഞാപനം ചെയ്ത പ്രദേശത്തെ ഏതെങ്കിലും സ്ഥലത്തോ അഥവാ അതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ അപ്രകാരം ആവശ്യപ്പെടുമ്പോൾ മറ്റേതെങ്കിലും സ്ഥലത്തോ 46-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ചരക്കുകൾ കൊണ്ടുപോകുന്ന ആളിന്റെ കൈവശം ഉണ്ടായിരിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള രേഖകൾ പരിശോധിക്കുന്നതിനും നികുതി നൽകുന്നതിൽനിന്നും ഒഴിഞ്ഞുമാറിയിട്ടില്ലെന്ന് സ്വയം ബോദ്ധ്യം വരുത്തുന്നതിനും അങ്ങനെയുള്ള ഉദ്യോഗസ്ഥനെ പ്രാപ്തനാക്കുന്നതിനുവേണ്ടി, ഒരു വാഹനത്തിന്റെയോ ഉരുവിന്റെയോ ചാർജ് വഹിക്കുന്ന ഡ്രൈവറോ, മറ്റ് ആളോ വാഹനമോ, ഉരുവോ നിർത്തേണ്ടതും, അതതുസംഗതിപോലെ, 46-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആൾ നിർത്തേണ്ടതും അല്ലെങ്കിൽ മൃഗത്തെ നിർത്തുകയും ചെയ്യേണ്ടതാണ്.

** ** ** **

(11) (9)-ാം ഉപവകുപ്പുപ്രകാരം പിടിച്ചെടുത്ത ചരക്കുകൾ പിഴ ചുമത്തിയ ഉദ്യോഗസ്ഥൻ പൊതുലേലത്തിൽവച്ച് ഏറ്റവും കൂടുതൽ ലേലത്തുക വിളിക്കുന്ന ആൾക്ക് വിൽക്കേണ്ടതും, വില്പന വരുമാനം സർക്കാർ ഖജനാവിൽ ഒടുക്കേണ്ടതുമാണ്. ലേലം കൊണ്ടയാൾ വില്പനയ്ക്കുശേഷം ഉടൻതന്നെ സാധനങ്ങളുടെ വില്പനമൂല്യം രൊക്കം പണമായി ഒടുക്കേണ്ടതും ആയത് അയാൾ പൂർണ്ണമായും ഒടുക്കുന്നതുവരെ സാധനങ്ങളുടെ ഏതെങ്കിലും ഭാഗം എടുത്തുകൊണ്ടു പോകുന്നതിന് അനുവദിക്കുന്നതല്ലാത്തതുമാണ്. വാങ്ങിയയാൾ വാങ്ങിയ വില ഒടുക്കുന്നതിൽ പരാജയപ്പെടുന്നിടത്ത്, വസ്തുക്കൾ ഉടൻതന്നെ പുനർവില്പന നടത്തേണ്ടതും പുനർവില്പനയിൽ ഉണ്ടായ ചെലവുകൾക്കും അതുപോലെതന്നെ അതുവഴിയുണ്ടാകുന്ന ഏതൊരു നഷ്ടത്തിനും വീഴ്ചവരുത്തിയ ലേലക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

** ** ** **

48. <u>സംസ്ഥാനത്തിലൂടെ സാധനങ്ങൾ കടത്തിക്കൊണ്ടുപോകലും കടത്ത് പാസ് നൽകലും.</u>—(1) സംസ്ഥാനത്തിന് പുറത്തുള്ള ഏതെങ്കിലും സ്ഥലത്തുനിന്ന് ചരക്കുകൾ വഹിച്ചുകൊണ്ടുള്ള വാഹനമോ ഉരുവോ സംസ്ഥാനത്തിനുപുറത്തുള്ള ഏതെങ്കിലും സ്ഥലത്തേക്ക് സംസ്ഥാനത്തുകൂടി കടന്നുപോകുമ്പോൾ സംസ്ഥാനത്തിനകത്ത് പ്രവേശിച്ചതിനുശേഷമുള്ള ആദ്യത്തെ ചെക്ക് പോസ്റ്റിന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും ചരക്കുകളുടെ ഉടമസ്ഥനോ ചരക്കുകൾ കയറ്റി അയയ്ക്കുന്ന ആളോ അത്തരം വാഹനത്തിന്റെ അല്ലെങ്കിൽ ഉരുവിന്റെ ഉടമസ്ഥനോ ഡ്രൈവറോ അല്ലെങ്കിൽ അതിന്റെ ചാർജ് വഹിക്കുന്ന ആളോ അങ്ങനെയുള്ള ചരക്കുകൾക്ക് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു കടത്ത് പാസ്സ് വാങ്ങേണ്ടതും അങ്ങനെ വാങ്ങിയ ഓരോ കടത്ത് പാസ്സിൻമേലും സർക്കാരിന് നൂറ് രൂപയുടെ ഒരു ഫീസ് നൽകേണ്ടതും സംസ്ഥാനത്തിനു പുറത്ത് കടക്കുന്നതിനുമുമ്പുള്ള അവസാനത്തെ ചെക്ക് പോസ്റ്റിന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന് അത് നൽകേണ്ടതുമാണ്.

** ** ** **

"55. <u>ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ)ക്കും അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ)ക്കുമുള്ള അപ്പീലുകൾ.</u>—(1) അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്ക് മുകളിലല്ലാത്ത ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു അധികാരസ്ഥാനം 16-ാം വകുപ്പോ, 19-ാം വകുപ്പോ, 44-ാം വകുപ്പ് (8)-ഉം (9)-ഉം ഉപവകുപ്പുകളോ 49-ാം വകുപ്പോ 67-ാം വകുപ്പോ 68-ാം വകുപ്പോ 69-ാം വകുപ്പോ 70-ാം വകുപ്പോ പ്രകാരമല്ലാതെ അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്ക് മുകളിലല്ലാത്തതും ഈ ആക്റ്റ് പ്രകാരം അപ്രകാരം ചെയ്യുവാൻ അധികാരപ്പെടുത്തിയതുമായ ഒരു അധികാരസ്ഥാനം പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവോ രേഖപ്പെടുത്തിയ നടപടികളോമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അയാൾക്ക് ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള ഉത്തരവിനെതിരായി അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

** ** ** **

(4) (1)-ാം ഉപവകുപ്പു പ്രകാരം ഒരു അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ തന്നെയും നികുതിയോ മറ്റ് തുകകളോ, ഏത് ഉത്തരവിനെതിരായിട്ടാണോ അപ്പീൽ ബോധിപ്പിച്ചിരുന്നത്, ആ ഉത്തരവനുസരിച്ച് കൊടുക്കേണ്ടതാണ്:

എന്നാൽ, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ), അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) എന്നിവർക്ക് ബോദ്ധ്യമാകുന്ന വിധത്തിൽ അപ്പീൽവാദി നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും ഫാറത്തിലും മതിയായ ജാമ്യം നൽകുകയാണെങ്കിൽ അപ്പീൽ തീർപ്പാക്കുന്നതിനുമുമ്പായി തന്റെ വിവേചനാധികാരം ഉപയോഗിച്ച് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾ നികുതി അടയ്ക്കുന്നതു സംബന്ധിച്ച് നൽകാവുന്നതാണ്.

** ** ** **

58. കമ്മീഷണർക്ക് സ്വമേധയാ റിവിഷനുള്ള അധികാരങ്ങൾ.— (1) കമ്മീഷണർക്ക് അദ്ദേഹത്തിന്റെ കീഴിലുള്ള ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഒഴികെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അധികാരസ്ഥാനം 25-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനോ, രേഖപ്പെടുത്തിയിട്ടുള്ള നടപടികൾക്കോ എതിരെ അദ്ദേഹം പുറപ്പെടുവിച്ച ഉത്തരവുകളല്ലാത്തതും ഈ ആക്ട് പ്രകാരം പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവുകളോ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നടപടിയോ ഉത്തരവുകളോ റവന്യൂ താൽപ്പര്യങ്ങൾക്ക് ഹാനികരമെന്ന് അദ്ദേഹത്തിന് അഭിപ്രായമുള്ളപക്ഷം സ്വമേധയാ ആവശ്യപ്പെടാവുന്നതും പരിശോധിക്കാവുന്നതും അതിന്മേൽ അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരണമായി അതിൻമേൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതുമാണ്.

** ** ** **

62. ഹൈക്കോടതിയിലേക്കുള്ള അപ്പീൽ.—(1) 58-ാം വകുപ്പുപ്രകാരമോ 94-ാം വകുപ്പുപ്രകാരമോ പാസ്സാക്കിയിട്ടുള്ള തന്നെ ബാധിക്കുന്ന ഒരുത്തരവിനെപ്പറ്റി ആക്ഷേപമുള്ള ഏതൊരാൾക്കും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നിർണ്ണയിക്കപ്പെട്ട രീതിയിൽ അയാൾക്ക് നൽകിയ തീയതി മുതൽ തൊണ്ണൂറ് ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള ഉത്തരവിനെതിരായി ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

എന്നാൽ, പ്രസ്തുത കാലയളവിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടായിരുന്നെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞ 90 ദിവസത്തെ കാലയളവിനുശേഷം ബോധിപ്പിക്കുന്ന അപ്പീൽ സ്വീകരിക്കാവുന്നതാണ്.

** ** ** **

88. നോട്ടീസ് നടത്തൽ.—ഈ ആക്റ്റ് പ്രകാരമോ അഥവാ അതിൻകീഴിലുണ്ടാക്കിയ ചട്ടപ്രകാരമോ ഏതെങ്കിലും ആളിന് നോട്ടീസ് നടത്തുകയോ കൊടുക്കാൻ ആവശ്യപ്പെടുകയോ ചെയ്യുമ്പോൾ,—

(എ) നോട്ടീസ് ആ ആളിന് മേൽവിലാസമെഴുതി അയാൾക്ക് നൽകുക അല്ലെങ്കിൽ കൊടുക്കുകയാണെങ്കിൽ; അഥവാ

** ** ** **

(ഇ) ആ ആൾ ഇ-മെയിൽ അഡ്രസ്സ് തന്നിട്ടുണ്ടെങ്കിൽ ഇ-മെയിൽ വഴി അയയ്ക്കുകയാണെങ്കിൽ ; അഥവാ

** ** ** **

## പട്ടികകൾ

### ഒന്നാം പട്ടിക

### 6-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ചരക്കുകൾ

| ക്രമ നമ്പർ | സാധനങ്ങളുടെ വിവരണം | എച്ച്. എസ്. എൻ. കോഡ് |
|---|---|---|
| (1) | (2) | (3) |
| 1 | കൈകൊണ്ടോ, മൃഗത്താലോ പ്രവർത്തിപ്പിക്കുന്ന കാർഷിക ഉപകരണങ്ങൾ | |
| | (1) മൺവെട്ടികളും കോരികളും | 8201.10.00 |
| ** | ** ** | ** |
| 2 | അംഗവൈകല്യമുള്ള ആളുകൾ ഉപയോഗിക്കുന്ന സഹായ വസ്തുക്കളും ഉപകരണങ്ങളും | |
| | (1) അസ്ഥിരോഗ സംബന്ധം അഥവാ ഫ്രാക്ച്ചർ ഉപകരണങ്ങൾ | 9021.10.00 |
| ** | ** ** | ** |
| | "(9) ഇൻട്രാ ഓകുലർ ലെൻസുകൾ | 9002.19.00"; |
| ** | ** ** | ** |
| '9എ | വാതിലുകൾക്കും ജനാലകൾക്കും വേണ്ടിയുള്ള സിമന്റോ കോൺക്രീറ്റോ കൊണ്ടുള്ള ഫ്രെയിമുകൾ | **** |
| ** | ** ** | ** |
| 11എ | III-ാം പട്ടികയുടെ 18-ാമത് ഉൾക്കുറിപ്പിൻകീഴിൽ ചേർത്തിട്ടുള്ള ഇഷ്ടികകളും ടൈലുകളും ഉൽപ്പാദിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന കളിമണ്ണ് | **** |
| ** | ** ** | ** |
| 12ബി | വെളിച്ചെണ്ണ | **** |
| ** | ** ** | ** |

| (1) | (2) | (3) |
|---|---|---|
| 16 | മൺകലം | 6914.90.90 |
| | ** ** ** | ** |
| 18എ | ധാന്യപ്പൊടി, സൂജി | |
| | (1) ഗോതമ്പ് അഥവാ മെസിലിൻ ധാന്യപ്പൊടി | 1101.00.00 |
| | (2) മൈദ | **** |
| | (3) സൂജി | **** |
| | ** ** ** | ** |
| 31 | ഉപ്പിട്ടുണ്ടാക്കിയതോ ശീതീകരിച്ചതോ അല്ലാത്ത മാംസവും (കോഴിയുടേതല്ലാത്ത) മത്സ്യവും ചെമ്മീനും മറ്റ് ജലോൽപ്പന്നങ്ങളും മുട്ടകളും കന്നുകാലിവർഗ്ഗവും മൃഗരോമവും | |
| | (1) ഫ്രഷ് ആയതും തണുപ്പിച്ചതും ആയ കന്നുകാലികളുടെ ഇറച്ചി | |
| | (എ) മാംസമായതും പകുതി മാംസമായതും | 0201.10.00 |
| | ** ** ** | ** |
| 42എ | പൊടിയരിയും മലരും വറുത്തരിയും അവലും ഉൾപ്പെടെയുള്ള അരി | |
| | (1) നെല്ല് അല്ലാത്ത അരി | 1006 |
| | (2) മലരും വറുത്തരിയും അവലും | 1904.20.00 |
| | (2) പൊടിയരി | 1006.40.00 |
| | ** ** ** | ** |
| 42ബി | റൈസ് ബ്രാൻ ഓയിൽ | **** |
| | ** ** ** | ** |

## രണ്ടാം പട്ടിക

## 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിൽപ്പനയുടെ എല്ലാ ഘട്ടങ്ങളിലും 1% നിരക്കിൽ നികുതി ചുമത്താവുന്ന ചരക്കുകളെ സംബന്ധിച്ച്

| ക്രമ നമ്പർ | സാധനങ്ങളുടെ വിവരണം | എച്ച്. എസ്. എൻ. കോഡ് |
|---|---|---|
| (1) | (2) | (3) |
| 1 | സ്വർണ്ണ-വെള്ളിക്കട്ടികൾ | |
| | (1) വെള്ളി | 7106.91.00 |
| | ** ** ** | ** |
| 2 ഡി | വെളിച്ചെണ്ണ ഉപയോഗിച്ച് നിർമ്മിച്ച വാഷിംഗ് സോപ്പ് ബാറുകളും കേക്കുകളും | **** |
| | ** ** ** | ** |
| 7 എ | എംബ്രോയിഡറി അഥവാ സ്സറി വസ്തുക്കൾ, അതായത് ഇമി, സ്സറികസബ്, സെയ്മ, ഡബ്ക, ചുമ്കി, ഗോട്ടോ, സിതാര, നഖസി, കോറാ ഗ്ലാസ് ബീഡ്, ബാദിയ— | **** |
| | (1) പ്രതലം കാണാത്ത തരത്തിലുള്ള ചിത്രത്തയ്യൽ | 5810.10.00 |
| | (2) പരുത്തിത്തുണികൊണ്ടുള്ള മറ്റ് ചിത്രത്തയ്യൽ | 5810.91.00 |
| | (3) മനുഷ്യ നിർമ്മിത നൂലുകൊണ്ടുള്ള ചിത്രത്തയ്യൽ | |
| | (എ) ചിത്രത്തയ്യലോടുകൂടിയ ബാഡ്ജുകളും അലങ്കരണങ്ങളും അതുപോലെയുള്ളവയും | 5810.92.10 |
| | (ബി) ചിത്രത്തയ്യൽ ചെയ്ത മറ്റ് വസ്തുക്കൾ | 5810.92.90 |
| | (4) മറ്റ് തുണിത്തരങ്ങൾ കൊണ്ടുള്ള ചിത്രത്തയ്യൽ | 5810.99.00 |
| | (5) സ്സറി വസ്തുക്കൾ | **** |
| 8 | കൈത്തറി തുണി കൈത്തറി ബെഡ്ഷീറ്റും തലയിണ ഉറയും | **** |
| 9 | പ്രകൃതിദത്ത സിൽക്കിനാൽ നിർമ്മിതമായ സിൽക്ക് തുണിത്തരങ്ങളും സാരിയും | 5007 |

| (1) | (2) | (3) |
|---|---|---|
| 10 | ടെക്സ്റ്റൈൽ തുണിത്തരങ്ങൾ | |
| | (1) കമ്പിളി | |
| | (എ) കടഞ്ഞെടുത്ത കമ്പിളിയിൽ നിന്ന് അല്ലെങ്കിൽ മൃഗങ്ങളുടെ കടഞ്ഞെടുത്ത രോമത്തിൽ നിന്ന് നെയ്തെടുത്ത തുണിത്തരങ്ങൾ | 5111 |
| | (ബി) കോംബ് ചെയ്ത കമ്പിളിയിൽ നിന്നോ കോംബ് ചെയ്ത ഫൈൻ മൃഗ രോമത്തിൽ നിന്നോ നെയ്തെടുത്ത ഉപകരണങ്ങൾ | 5112 |
| | (സി) മൃഗത്തിന്റെ പരുപരുത്ത രോമത്തിൽ നിന്നോ അല്ലെങ്കിൽ കുതിരയുടെ രോമത്തിൽ നിന്നോ നെയ്തെടുത്ത തുണിത്തരങ്ങൾ | 5113 |
| | (2) പരുത്തി | |
| | (എ) 85 ശതമാനമോ അതിലധികമോ പരുത്തിയോടു കൂടിയുള്ളതും 200 ഗ്രാം/മീറ്റർ$^2$ അധികരിക്കാതെ ഭാരമുള്ളതും ആയ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5208 |
| | (ബി) 85 ശതമാനമോ അതിലധികമോ പരുത്തിയോടു കൂടിയുള്ളതും 200 ഗ്രാം/മീറ്റർ$^2$ അധികരിച്ചുള്ള ഭാരമുള്ളതും ആയ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5209 |
| | (സി) 85 ശതമാനത്തിൽ കുറവ് പരുത്തിയുള്ളതും മനുഷ്യനിർമ്മിത നൂലോടുകൂടി മാത്രം കലർത്തിയതും 200 ഗ്രാം/മീറ്റർ$^2$ ഭാരത്തിൽ അധികരിക്കാത്തതുമായ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5210 |
| | (ഡി) 85 ശതമാനത്തിൽ കുറവ് പരുത്തിയുള്ളതും മനുഷ്യനിർമ്മിത നൂലോടുകൂടി മാത്രമായോ അഥവാ കൂട്ടിക്കലർത്തിയോ പരുത്തിയുടെ ഭാരത്തോടുകൂടി 200 ഗ്രാം/മീറ്റർ$^2$ തൂക്കത്തിൽ കൂടിയ നെയ്തെടുത്ത പരുത്തി തുണിത്തരങ്ങൾ | 5211 |

| (1) | | (2) | (3) |
|---|---|---|---|
| | (ഇ) | മറ്റു നെയ്തെടുത്ത പരുത്തിതുണിത്തരങ്ങൾ | 5212 |
| (3) | | നെയ്തെടുത്ത ഫ്ളക്സ് തുണിത്തരങ്ങൾ | 5309 |
| (4) | | നെയ്തെടുത്ത ചണത്തിന്റെയോ അല്ലെങ്കിൽ മറ്റ് ടെക്സ്റ്റൈയിൽ അടിസ്ഥാനമാക്കിയ നാരിന്റയോ തുണിത്തരങ്ങൾ | 5310 |
| (5) | | നെയ്തെടുത്ത മറ്റ് വെജിറ്റബിൾ ടെക്സ്റ്റൈയിൽ നാരിന്റെ തുണിത്തരങ്ങൾ, നെയ്തെടുത്ത പേപ്പർ യാണിന്റെ തുണിത്തരങ്ങൾ | 5311 |
| (6) | | മനുഷ്യനിർമ്മിത ഫിലമെന്റുകൾ | |
| | (എ) | 5404-എച്ച്.എസ്.എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ സിന്തറ്റിക്ക് ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ | 5407 |
| | (ബി) | 5405-എച്ച്.എസ്.എൻ. ശീർഷകത്തിൽ വരുന്ന വസ്തുക്കളിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ ഉൾപ്പെടെ കൃത്രിമ ഫിലമെന്റ് നൂലിൽ നിന്നും നെയ്തെടുത്ത തുണിത്തരങ്ങൾ | 5408 |
| (7) | | മനുഷ്യനിർമ്മിത സ്റ്റേപ്പിൾ ഫൈബറുകൾ | |
| | (എ) | 85 ശതമാനമോ അതിൽകൂടുതലോ ഭാരമുള്ള സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബറുകൾ അടങ്ങിയ സിന്തറ്റിക്ക് സ്റ്റേപ്പിൾ ഫൈബർ കൊണ്ട് നെയ്തെടുത്തതുണിത്തരങ്ങൾ | 5512 |
| | (ബി) | 85 ശതമാനത്തിൽ കുറഞ്ഞ ഭാരമുള്ളതും 170 ഗ്രാം/മീറ്റർ$^2$-ൽ കവിയാത്ത ഭാരമുള്ളതും പരുത്തിമാത്രമോ അല്ലെങ്കിൽ പ്രധാനമായും കലർത്തിയതോ ആയ സ്റ്റേപ്പിൾ ഫൈബറുകൾ അടങ്ങുന്ന സിന്തറ്റിക് സ്റ്റേപ്പിൾ ഫൈബർ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ | 5513 |

| (1) | | (2) | (3) |
|---|---|---|---|
| | (സി) | 85 ശതമാനത്തിൽ കുറഞ്ഞ ഭാരമുള്ളതും 170 ഗ്രാം/മീറ്റർ²-ൽ കവിയാത്ത ഭാരമുള്ളതോ പരുത്തിമാത്രമോ അല്ലെങ്കിൽ പ്രധാനമായും കലർത്തിയതോ ആയ അങ്ങനെയുള്ള തുണിത്തരങ്ങൾ അടങ്ങുന്ന സിന്തറ്റിക് സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ | 5514 |
| | (ഡി) | സിന്തറ്റിക് സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ | 5515 |
| | (ഇ) | കൃത്രിമമായ സ്റ്റേപ്പിൾ ഫൈബറുകൾ കൊണ്ട് നെയ്തെടുത്ത തുണിത്തരങ്ങൾ | 5516 |
| (8) | പ്രത്യേകം നെയ്തെടുത്ത തുണിത്തങ്ങൾ, റ്റഫ്റ്റ് ചെയ്ത ടെക്സ്റ്റൈൽ തുണിത്തരങ്ങൾ, ലെയ്സ്, ടേപ്പ്സ്ട്രീകൾ, ട്രിമ്മിങ്ങുകൾ, എംബ്രോയിഡറി | | |
| | (എ) | 5802 അഥവാ 5806-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിലേതല്ലാത്ത നെയ്തെടുത്ത പൈൽ തുണിത്തരങ്ങളും ചെന്നൈൽ തുണിത്തരങ്ങളും | 5801 |
| | (ബി) | 5806-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിലെ കട്ടികുറഞ്ഞ തുണിത്തരങ്ങളല്ലാത്ത ടെറി ടൗവ്വലിങ്ങും സമാനമായ നെയ്തെടുത്ത ടെറി തുണിത്തരങ്ങളും; 5703-ാം നമ്പർ ശീർഷകത്തിലേതല്ലാത്ത റ്റഫ്റ്റ് ചെയ്ത ടെക്സ്റ്റൈൽ തുണിത്തരങ്ങൾ | 5802 |
| | (സി) | 5806-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിലെ കട്ടികുറഞ്ഞ തുണിത്തരങ്ങളല്ലാത്ത ഗൗസ് | 5803 |
| | (ഡി) | 6002 മുതൽ 6006 വരെയുള്ള എച്ച് എസ് എൻ. ശീർഷകത്തിലെ തുണിത്തരങ്ങൾ അല്ലാത്ത നെയ്തെടുക്കുന്നതും നീറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ ഉൾപ്പെടാത്ത മറ്റ് മൊത്ത തുണിത്തരങ്ങളും റ്റളളീസുകളും കഷണങ്ങളായുള്ള ലെയ്സ് സ്ട്രിപ്പുകൾ അഥവാ മൊർട്ടീഫുകൾ | 5804 |

| (1) | (2) | (3) |
|---|---|---|
| (ഇ) | ഗോബ്ലിനുകൾ, ഫ്ളാന്റുകൾ, ഔബുസനുകൾ, ബ്യൂവലുകൾ എന്നീ തരത്തിലുള്ള കൈകൊണ്ട് നെയ്തെടുത്ത ടേപ്പ്സ്ട്രീകളും സമാനമായവയും നീഡിൽ വർക്ക് ചെയ്ത ടേപ്പ്സ്ട്രീകളും (ഉദാഹരണമായി പെറ്റിറ്റ് പോയിന്റ്, ക്രോസ്സ്സ്റ്റിച്ച്) ഉണ്ടാക്കിയതോ അല്ലാത്തതോ | 5805 |
| (എഫ്) | 5807-ാം നമ്പർ എച്ച്. എസ്. എൻ. ശീർഷക ത്തിലെ സാധനങ്ങളല്ലാത്ത കട്ടികുറഞ്ഞ നെയ്തെടുത്ത തുണിത്തരങ്ങൾ, ഒട്ടിപ്പിടിക്കു ന്നതിലൂടെയും കൂട്ടിച്ചേർത്ത വെഫ്റ്റോട് അല്ലാത്തതുമായ വാർപ്പ് അടങ്ങുന്ന കട്ടികുറഞ്ഞ തുണിത്തരങ്ങൾ (ബോൾഡക്സ്) | 5806 |
| (ജി) | മറ്റെങ്ങും വ്യക്തമാക്കിയിട്ടില്ലാത്തതോ ഉൾപ്പെടുത്താത്തതോ വസ്ത്രങ്ങൾ അലങ്കരി ക്കുന്നതിനോ സമാന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോ ആയ 5605-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിൽ ഉള്ള ലോഹനൂലാൽ നെയ്തെടുത്ത തുണിത്തര ങ്ങളും നെയ്തെടുത്ത തുണിത്തരങ്ങളോ ലോഹനൂലോ | 5809 |
| (9) | പുസ്തകങ്ങളുടെയോ അഥവാ അതേ ഗണത്തിൽ പ്പെട്ടവയുടെയോ പുറംചട്ടയ്ക്കായി ഉപയോഗിക്കുന്ന ഒരു തരത്തിലുള്ള പശയോ അഥവാ കഞ്ഞിപ്പശ യുള്ള പദാർത്ഥങ്ങളോ കൊണ്ട് പൊതിഞ്ഞ ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ, പകർപ്പെടുപ്പു തുണി, തയ്യാറാക്കിയ പെയിന്റിംഗ് കാൻവാസ്, ബക്രേമും (പുസ്തകം ബയന്റ് ചെയ്യാൻ ഉപയോഗി ക്കുന്ന കട്ടിത്തുണി) തൊപ്പി നിർമ്മാണത്തിന് അടിസ്ഥാനമായി ഉപയോഗിക്കുന്ന സമാനമായ ഒരു തരത്തിലുള്ള കട്ടിയായ ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ | 5901 |

| (1) | (2) | (3) |
|---|---|---|
| (10) | വളരെ ഉറപ്പുള്ള നെയ്ത്തുനൂൽ അഥവാ മറ്റ് പോളിമറുകൾ അഥവാ പോളിയസ്റ്ററുകൾ അഥവാ വിസ്കോസ് റയോൺ കൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ | 5902 |
| (11) | ടെക്സ്റ്റൈയിൽ വോൾ കവറിംഗ് | 5905 |
| (12) | വളരെ ഉറപ്പുള്ള നെയ്ത്തുനൂൽ മറ്റ് പോളിമറുകൾ അഥവാ പോളിയസ്റ്ററുകൾ അഥവാ വിസ്കോസ് റയോൺ കൊണ്ടുള്ള ടയർ കോർഡ് തുണിത്തരങ്ങൾ അല്ലാത്ത റബ്ബറൈസ് ചെയ്ത ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ | 5906 |
| (13) | മറ്റ് വിധത്തിൽ ഇംപ്രഗ്നേറ്റ് ചെയ്തതോ കോട്ട് ചെയ്തതോ കവർ ചെയ്തതോ അല്ലാത്ത ടെക്സ്റ്റൈയിൽ തുണിത്തരങ്ങൾ, നാടകശാല ദൃശ്യം, സ്റ്റുഡിയോ, പിൻതിരശ്ശീലകൾ അഥവാ അതേ ഗണത്തിൽ പെട്ടവയോ ആയ പെയിന്റ് ചെയ്ത കാൻവാസുകൾ | 5907 |
| (14) | നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ | |
| | (എ) നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ 'ലോങ് പൈൽ' തുണിത്തരങ്ങളും, ടെറി തുണിത്തരങ്ങളും ഉൾപ്പെടുന്നതുമായ പൈൽ തുണിത്തരങ്ങൾ | 6001 |
| | (ബി) 6001-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷകത്തിൽ അല്ലാത്ത 30 സെ.മീ. കവിയാത്ത വീതിയുള്ള 5 ശതമാനമോ അതിലധികമോ ഇലാസ്റ്റോമെറിക് നൂൽ അടങ്ങിയ ഭാരമുള്ള റബ്ബർ നാരുകളുടെ നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ | 6002 |
| | (സി) 6001 അഥവാ 6002 എച്ച്.എസ്.എൻ. ശീർഷകത്തിലേതല്ലാത്ത 30 സെ. മീറ്റർ കവിയാത്ത വീതിയുള്ള നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്തരങ്ങൾ | 6003 |

| (1) | (2) | (3) |
|---|---|---|
| (ഡി) | 6001-ാം നമ്പർ എച്ച്.എസ്.എൻ. ശീർഷക ത്തിലേതല്ലാത്ത 5 ശതമാനമോ അതിൽ കൂടുതലോ ഭാരമുള്ള ഇലാസ്റ്റോ മെറിക് നൂലോ റബ്ബർ ഇഴയോ അടങ്ങുന്ന 30 സെ. മീറ്റർ കവിയുന്ന നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ തുണിത്ത രങ്ങൾ | 6004 |
| (ഇ) | 6001 മുതൽ 6004-ാം നമ്പർ വരെയുള്ള എച്ച്. എസ്. എൻ. ശീർഷകത്തിലേതല്ലാത്ത (ഗാലൻ നിറ്റിങ് മെഷീനുകളിൽ ഉണ്ടാക്കിയവ ഉൾപ്പെടുന്ന) റാപ്പ് നിറ്റ് തുണിത്തരങ്ങൾ | 6005 |
| (എഫ്) | നിറ്റ് ചെയ്തതോ ക്രോഷെ ചെയ്തതോ ആയ മറ്റ് തുണിത്തരങ്ങൾ | 6006 |

## മൂന്നാം പട്ടിക 5% നിരക്കിൽ നികുതി

[6(1) (എ) വകുപ്പ് കാണുക]

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്. എസ്. എൻ. കോഡ്* |
|---|---|---|
| (1) | (2) | (3) |
| 1 | കായികമായി പ്രവർത്തിപ്പിക്കാത്തതും അല്ലെങ്കിൽ മൃഗങ്ങൾ മുഖേന വലിച്ചുകൊണ്ടുപോകുന്നതല്ലാത്ത തുമായ കൃഷി, തോട്ടക്കൃഷി ഉപകരണങ്ങളും അവയുടെ ഭാഗങ്ങളും: | |
| | (1) പുൽത്തകിടി അല്ലെങ്കിൽ "സ്പോർട്സ് മൈതാന റോളറുകൾ, കൃഷി, തോട്ടക്കൃഷി അല്ലെങ്കിൽ വനവൽക്കരണം എന്നിവയ്ക്ക്, നിലമൊരുക്കുന്നതിനും അല്ലെങ്കിൽ വിളവെടുപ്പിനും വേണ്ടിയുള്ള യന്ത്രങ്ങൾ | 8432 |

| (1) | (2) | (3) |
|---|---|---|
| | (2) മെതിക്കുന്നതിനും അല്ലെങ്കിൽ കൊയ്യുന്നതിനുമുള്ള യന്ത്രം, ഉണക്കപ്പുല്ലോ വയ്ക്കോലോ കെട്ടാക്കുന്നതിനും പച്ചപ്പുല്ലോ ഉണക്കപ്പുല്ലോ അരിയുന്നതിനുമുള്ള യന്ത്രങ്ങൾ ഉൾപ്പെടെ, മുട്ടകളും, പഴങ്ങളും അല്ലെങ്കിൽ മറ്റുകാർഷികോൽപ്പന്നങ്ങളും വൃത്തിയാക്കുന്നതിനും തരംതിരിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള യന്ത്രങ്ങൾ | 8433 |
| ** | ** ** | ** |
| 5എ | ആയുർവേദിക് പൽപ്പൊടികൾ | **** |
| ** | ** ** | ** |
| 8 | കേക്കുകൾ, ഹൽവ, മിക്സർ, ലഡു, ജിലേബി പോലെയുള്ള ബേക്കറി ഉൽപ്പന്നങ്ങൾ | |
| ** | ** ** | ** |
| 24 | ചകിരി | 1404.90.60 |
| ** | ** ** | ** |
| 30എ | എയർക്രാഫ്റ്റ്, കപ്പൽ അല്ലെങ്കിൽ സ്റ്റീമറിൽ വിളമ്പുന്നതിനുവേണ്ടി ഏതെങ്കിലും എയർ ലൈസൻസ് സർവ്വീസ് കമ്പനിക്കോ, സ്ഥാപനത്തിനോ അല്ലെങ്കിൽ ഷിപ്പിംഗ് കമ്പനിക്കോ അല്ലെങ്കിൽ എയർക്രാഫ്റ്റിലും കപ്പലിലും സ്റ്റീമറിലും ബാർ അറ്റാച്ച്ഡ് ഹോട്ടലുകളിലും സ്റ്റാർ ഹോട്ടലുകളിലും വിളമ്പിയതോ അല്ലാത്തതായതോ ആയ പാകം ചെയ്ത ഭക്ഷണം | ****" |
| ** | ** ** | ** |

| (1) | (2) | | | (3) |
|---|---|---|---|---|
| 33 | പേപ്പറും പ്ലാസ്റ്റിക് കൊണ്ടുള്ള കപ്പുകളും ടംബ്ലറുകളും, | | | |
| | (1) പേപ്പർ കൊണ്ടുള്ളവ | | | |
| | (2) പ്ലാസ്റ്റിക് കൊണ്ടുള്ളവ | | | 4823.60.00 |
| ** | ** | | ** | ** |
| 69. | ഐ. റ്റി. ഉൽപ്പന്നങ്ങൾ : | | | |
| | (1) വേഡ് പ്രോസസ്സിംഗ് മെഷീനുകൾ, ഇലക്ട്രോണിക് ടൈപ്പ്റൈറ്ററുകൾ: | | | |
| | (എ) വേഡ് പ്രോസസ്സിംഗ് മെഷീനുകൾ | | | 8469.00.10 |
| | (ബി) ഇലക്ട്രോണിക് ടൈപ്പ്റൈറ്ററുകൾ | | | 8469.00.20 |
| ** | ** | | ** | ** |
| | (29) ടെലഗ്രാഫ് ലൈനിനോ ടെലഫോൺ ലൈനിനോ വേണ്ടിയുള്ള ഇലക്ട്രിക്കൽ സാമഗ്രികൾ— | | | |
| | (എ) കോഡ്‌ലെസ് ഹാന്റ് സെറ്റോടുകൂടിയ ടെലഫോൺ ലൈൻ സെറ്റുകൾ | | | 8517.11 |
| ** | ** | | ** | ** |
| | (ജി) ടെലഫോണുകൾക്ക് വേണ്ടിയുള്ള അറ്റാച്ച്മെന്റുകൾ | | | 8517.69.70 |
| ** | ** | | ** | ** |
| 86B | മുനിസിപ്പൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ | | | |
| ** | ** | | ** | ** |
| 109A | റെക്സിൻ | | | 5903 |
| ** | ** | | ** | ** |
| 141A | വാട്ടർബെഡ് | | | ** |
| ** | ** | | ** | ** |